# യൂണിറ്റി

സോഷ്യലിസ്റ്റ് യൂണിറ്റി സെന്റർ ഓഫ് ഇന്ത്യ (കമ്മ്യൂണിസ്റ്റ്) SUCI [C] സംസ്ഥാന കമ്മിറ്റി മുഖപത്രം

മേയ് 2018 വാല്യം 45 ലക്കം 2 | *ചീഫ് എഡിറ്റർ : സി. കെ. ലൂക്കോസ്* | പേജ് 12 വില 5.00 രൂപ




## എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) ജനറൽ സെക്രട്ടറി
## സഖാവ് പ്രൊവാഷ് ഘോഷിന്റെ അനുശോചന സന്ദേശം

എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) കേരള സംസ്ഥാന സെക്രട്ടേറിയറ്റ് അംഗം സഖാവ് ജി.എസ്.പത്മകുമാറിന്റെ ആകസ്മിക വിയോഗവാർത്ത കനത്ത ആഘാതമാണ് എന്നിലുണ്ടാക്കിയിരിക്കുന്നത്. ഹൃദയവ്യഥ പറഞ്ഞറിയിക്കാൻ എനിക്ക് വാക്കുകൾ കിട്ടുന്നില്ല.

വിപ്ലവത്തിനുവേണ്ടിയുള്ള ദൃഢസമർപ്പണം, മാർക്സിസം-ലെനിനിസം-സഖാവ് ശിബ്ദാസ് ഘോഷ് ചിന്തകളിലുള്ള ആഴമാർന്ന ധാരണ, പാർട്ടിയോടുള്ള അചഞ്ചലമായ കൂറ്, ഉജ്വലമായ നേതൃപാടവം, സഖാക്കളോടുള്ള നിസ്സീമമായ സ്നേഹവാത്സല്യങ്ങൾ, ഹൃദ്യമായ പെരുമാറ്റം ഇവയെല്ലാം കേരളത്തിലെ പാർട്ടി സംഘടനയിൽ സഖാവ് പത്മകുമാറിന് സവിശേഷമായൊരു സ്ഥാനം നൽകി.

മികച്ച സംഘാടകനും ഉയർന്നുവരുന്നൊരു നേതാവും എന്ന നിലയിൽ അദ്ദേഹം എന്റെ ശ്രദ്ധപിടിച്ചുപറ്റിയിരുന്നു. സഖാവ് ജി.എസ്.പത്മകുമാറിന്റെ അകാല വിയോഗം കേരള ഘടകത്തിന് മാത്രമല്ല പാർട്ടിക്ക് ദേശീയ തലത്തിൽത്തന്നെ കനത്ത നഷ്ടമാണ്. ഈ വിടവ് നികത്താൻ സഖാക്കൾ കഠിന പരിശ്രമം നടത്തേണ്ടിയിരിക്കുന്നു. കടുത്ത ഹൃദയ വ്യഥയെ സഖാവ് ശിബ്ദാസ് ഘോഷ് ചിന്തയുടെ കരുത്തിൽ ഉറച്ച നിശ്ചയദാർഢ്യമാക്കി സഖാക്കൾ മാറ്റിത്തീർക്കും എന്നെനിക്കുറപ്പുണ്ട്.

സഖാവ് ജി.എസ്. പത്മകുമാറിന്റെ വിയോഗത്തിൽ പാർട്ടി കേന്ദ്രകമ്മിറ്റിക്കുവേണ്ടി അഗാധമായ ദു:ഖം ഞാൻ രേഖപ്പെടുത്തുന്നു. സഖാവ് ജി.എസ്. പത്മകുമാറിന് ലാൽസലാം.

വിപ്ലവാഭിവാദനങ്ങളോടെ
**പ്രൊവാഷ് ഘോഷ്**
ജനറൽ സെക്രട്ടറി,
എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്)

## സംസ്ഥാന സെക്രട്ടറി സഖാവ് സി. കെ. ലൂക്കോസിന്റെ അനുശോചന സന്ദേശം

സഖാവ് ജി.എസ്.പത്മകുമാറിന്റെ അകാല നിര്യാണത്തിൽ പാർട്ടിക്ക്, വിശിഷ്യ, കേരളത്തിലെ സാമൂഹ്യ-സാംസ്കാരിക അന്തരീക്ഷത്തിന് പറഞ്ഞറിയിക്കാൻ വയ്യാത്തത്ര കനത്ത നഷ്ടമാണ് സംഭവിച്ചിരിക്കുന്നത്. സഖാവ് ശിബ്ദാസ്ഘോഷ് ചിന്തകളുടെ കരുത്തനായ പ്രയോക്താവായിരുന്നു അദ്ദേഹം. സഖാവ് ശിബ്ദാസ് ഘോഷ് ചിന്തകളുടെ പ്രസക്തി പതിന്മടങ്ങ് വർദ്ധിച്ചിരിക്കുന്ന ഈ സന്ദർഭത്തിൽ അദ്ദേഹത്തിന്റെ ആകസ്മികമായ വേർപാട് വളരെ വലിയൊരു ആഘാതമാണ്.

ആ ബഹുമുഖപ്രതിഭയുടെ ആഴവും പരപ്പും അറിയുന്ന കേരളത്തിൽ അങ്ങോളമിങ്ങോളമുള്ള കുട്ടികളും പ്രായമായവരും സഹിതം സഖാക്കളും അനുഭാവികളും അഭ്യുദയകാംഷികളും ആയ നിരവധിപേർ തീരാദുഃഖത്തിലും നഷ്ടബോധത്തിലും വിങ്ങിപ്പിടയുന്ന മനസ്സുമായി കഴിയുകയാണ്. സഖാവ് പത്മകുമാർ കടന്നുചെന്ന ഏതൊരു വിഷയത്തിലും കൃത്യമായ അറിവും ആഴത്തിലുള്ള പരിജ്ഞാനവും നേടിയിരുന്നു. മറ്റുള്ളവർക്ക് അത് പറഞ്ഞുകൊടുക്കുന്ന

*(ശേഷം പേജ് 3-ൽ)*

# സഖാവ് ജി.എസ്.പത്മകുമാറിന് ലാൽസലാം

എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) സംസ്ഥാനസെക്രട്ടേറിയറ്റ് അംഗം സഖാവ് ജി.എസ്.പത്മകുമാർ (57) ഇക്കഴിഞ്ഞ ഏപ്രിൽ 28ന് രാവിലെ 10 മണിക്ക് തിരുവനന്തപുരത്ത് അന്തരിച്ചു. കനത്ത പനിയെത്തുടർന്ന് രണ്ടുദിവസം മുമ്പ് ആശുപത്രിയിൽ പ്രവേശിപ്പിക്കപ്പെട്ട സഖാവിന് അന്നേ ദിവസമുണ്ടായ ഹൃദയസ്തംഭനമാണ് മരണകാരണമായത്. കേരളത്തിലെ മുഴുവൻ സഖാക്കൾക്കും അദ്ദേഹത്തിന്റെ മരണവാർത്ത ഇടിത്തീ വീണ അനുഭവമാണ് സൃഷ്ടിച്ചത്. മുന്നു ദിവസം മുമ്പ് പാർട്ടി സ്ഥാപനദിനമായ ഏപ്രിൽ 24ന് ചെങ്ങന്നൂരിലെ വേദിയിൽ അദ്ദേഹത്തെ നേരിൽ കണ്ടിരുന്ന സഖാക്കൾക്ക് അത് അവിശ്വസനീയമായ വാർത്തയായി അനുഭവപ്പെട്ടു. ക്രമേണ അത് യാഥാർത്ഥ്യമായി ബോദ്ധ്യപ്പെട്ടതോടെ സംസ്ഥാനമെമ്പാടുമുള്ള സഖാക്കളും പാർട്ടി അനുഭാവികളും സാധാരണ ജനങ്ങളും സഖാവിനെ അന്തിമമായി ഒരുനോക്കു കാണാനായി പാർട്ടിയുടെ തിരുവനന്തപുരത്തെ സംസ്ഥാനക്കമ്മിറ്റി ഓഫീസിലേക്ക് അണമുറിയാതെ പ്രവഹിച്ചു. സഖാവിന്റെ വിയോഗത്തിൽ നെഞ്ചുനീറുന്ന വേദനയുമായി എത്തിയ സഖാക്കളിൽ കണ്ണീർ പൊഴിക്കാത്തതായി ആരുമുണ്ടായിരുന്നില്ല. സ്നേഹവാൽസല്യങ്ങൾ അനുഭവിച്ചിട്ടുള്ള കൊച്ചുകുട്ടികൾ മുതൽ സ്നേഹാദരങ്ങൾ സൂക്ഷിക്കുന്ന പ്രായമേറിയവർ വരെ സഖാവിന് അന്ത്യമൊഴി ചെല്ലാനായി എത്തിച്ചേർന്നു. വളരെ വേദനയോടെ അദ്ദേഹത്തിന്റെ കുടുംബാംഗങ്ങളെല്ലാവരും സന്നിഹിതരായി. സംസ്ഥാനമെമ്പാടും പാർട്ടി ഓഫീസുകളിലും പൊതുസ്ഥലങ്ങളിലും ചെങ്കൊടി താഴ്ത്തിക്കെട്ടി. ഹൃദയഭേദകമായ വാർത്തയെത്തിയതിനെത്തുടർന്ന് രോഗബാധിതനായി എറണാകുളം പാർട്ടി സെന്ററിൽ താമസിക്കുന്ന ആദരണീയനായ സംസ്ഥാന സെക്രട്ടറി സഖാവ് സി.കെ.ലൂക്കോസിന്റെ നേതൃത്വത്തിൽ സെന്ററിൽ ഹ്രസ്വമായ അനുസ്മരണയോഗം നടത്തി. സഖാവ് കൺവീനറായിട്ടുള്ള സംഘടാകസമിതി കഴിഞ്ഞ 25 വർഷമായി സംഘടിപ്പിച്ചുവരുന്ന കുട്ടികളുടെ ക്യാമ്പ് തിരുവനന്തപുരത്ത് നെയ്യാർഡാമിൽ തുടങ്ങുന്നതിന്റെ തലേന്ന് ഏപ്രിൽ 26 നാണ് സഖാവിനെ രോഗബാധിതനായി ആശുപത്രിയിൽ പ്രവേശിപ്പിച്ചത്. ക്യാമ്പ് തുടങ്ങി രണ്ടാം ദിനം സഖാക്കളെ ഏവരെയും ഞെട്ടിച്ചുകൊണ്ട് സഖാവിന്റെ വിയോഗവാർത്ത എത്തിയ ഉടൻതന്നെ ക്യാമ്പ് അവസാനിപ്പിച്ചു. തുടർന്ന് ക്യാമ്പിൽ നടന്ന ഹ്രസ്വമായ അനുസ്മരണസമ്മേളനത്തിൽ പാർട്ടി സംസ്ഥാനക്കമ്മിറ്റിയംഗം സഖാവ് എ.ശേഖർ, പപ്പൻ മാമന്റെ വേർപാടിന്റെ വാർത്ത കുട്ടികളെ അറിയിച്ചു. ക്യാമ്പ് അക്ഷരാർത്ഥത്തിൽ സങ്കടക്കടലായി മാറി.

ഏപ്രിൽ 29നു രാവിലെ 9 മണിക്ക് മൃതദേഹം പാർട്ടിയുടെ കുന്നുകുഴിയിലുള്ള സംസ്ഥാനക്കമ്മിറ്റി ഓഫീസിൽ എത്തിച്ചു. പാർട്ടി സംസ്ഥാന സെക്രട്ടേറിയറ്റംഗം സഖാവ് വി.വേണുഗോപാൽ, തിരുവനന്തപുരം ജില്ലാ സെക്രട്ടറി സഖാവ് ആർ.കുമാർ എന്നിവർ ചേർന്ന് മൃതദേഹത്തിൽ ചെങ്കൊടി പുതപ്പിച്ചു. തുടർന്ന് പൊതുദർശനം ആരംഭിച്ചു. സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള നൂറു കണക്കിന് പാർട്ടി പ്രവർത്തകർക്കു പുറമെ, സമൂഹത്തിന്റെ വിവിധ തുറകളിൽ നിന്നുള്ള വ്യക്തിത്വങ്ങളും സാധാ

*(ശേഷം 2-ാം പേജിൽ)*

# ശിബ്ദാസ് ഘോഷ് ചിന്തകളുടെ കരുത്തനായ പ്രയോക്താവ്

(1–ാം പേജിൽ നിന്ന്)

രണ ജനങ്ങളും 3 മണി വരെ പാർട്ടി ഓഫീസിലേക്ക് ഇടതടവില്ലാതെ വന്നുകൊണ്ടിരുന്നു. ബ്രേക്ത്രൂ സയൻസ് സൊസൈറ്റിയുടെ അഖിലേന്ത്യാ വൈസ് പ്രസിഡണ്ട് പശ്ചിമബംഗാളിൽ നിന്നുള്ള സഖാവ് കുഞ്ച പരിചേയ, പാർട്ടി തമിഴ്നാട് സംസ്ഥാന സംഘാടക കമ്മിറ്റിയംഗം സഖാവ് വോൾട്ടയർ, ശ്രീ കെ.മുരളീധരൻ എം.എൽ.എ, ആർ.എം.പി.ഐ നേതാവ് സഖാവ് റ്റി.എൽ.സന്തോഷ്, എം.സി.പി.ഐ(യു) നേതാവ് സഖാവ് പരമേശ്വരൻ പോറ്റി, ശ്രീ എം.എഫ്.തോമസ്, ഡോ.കെ.കൃഷ്ണ വാര്യർ, പ്രൊഫ. സി.പി.അരവിന്ദാക്ഷൻ, ജനകീയ പ്രതിരോധ സമിതിയുടെ സംസ്ഥാന നേതാക്കളായ ശ്രീ റ്റി.ബി.വിശ്വനാഥൻ, അഡ്വ.ഒ.ഹാരിസ്, ശ്രീ ജോർജ്ജ് മുല്ലക്കര, എ.ജയിംസ്, ദേശീയപാത പ്രക്ഷോഭ നേതാവ് ശ്രീ ഹാഷിം ചേന്ദാംപള്ളി, കെ.എം.ഷാജഹാൻ, വെൽഫെയർ പാർട്ടി നേതാവ് ശ്രീ സജീദ്, വിളപ്പിൽശാല സമര നേതാവ് എസ്.ബുർഹാൻ, എൽ.ഹരിറാം തുടങ്ങി ഒട്ടനവധി നേതാക്കൾ സഖാവിന് അന്തിമോപചാരം അർപ്പിക്കാനായി എത്തുകയുണ്ടായി.

പാർട്ടിയുടെ യംഗ് കമ്യൂണിസ്റ്റ് ദളമായ കോംസമോളിന്റെ വെള്ളവേഷ ധാരികളായ വോളന്റിയർമാർ സഖാവിനോടുള്ള ആദരസൂചകമായി പകുതി താഴ്ത്തിയ പതാകകളുമായി മൃതദേഹത്തിന്റെ സമീപത്തുണ്ടായിരുന്നു. സംസ്ഥാന സെക്രട്ടറി സഖാവ് സി.കെ.ലൂക്കോസിനുവേണ്ടി, സെക്രട്ടേറിയറ്റംഗം സഖാവ് വി.വേണുഗോപാൽ അന്തിമോപചാരം അർപ്പിച്ചു. തുടർന്ന് എ.ഐ.യു.റ്റി.യു.സി സംസ്ഥാന കമ്മിറ്റിക്കുവേണ്ടി സ. വി.കെ.സദാനന്ദൻ, സ. മിനി കെ.ഫിലിപ്പ് (എ.ഐ.എം.എസ്.എസ്), സ. എൻ.കെ.ബിജു (എ.ഐ.ഡി.വൈ.ഒ), സ. പി.കെ.പ്രഭാഷ് (എ.ഐ.ഡി.എസ്.ഒ), ഡോ.കെ.ഹരിപ്രസാദ് (എം.എസ്.സി), ഡോ. ഡി.സുരേന്ദ്രനാഥ് (ആന്റി ഇംപീരിയലിസ്റ്റ് ഫോറം), മേധ സുരേന്ദ്രനാഥ് (കോംസമോൾ) എന്നിവർ ആദരാഞ്ജലികൾ അർപ്പിച്ചു. തുടർന്ന് പാർട്ടി ജില്ലാ കമ്മിറ്റികൾക്കുവേണ്ടി സഖാക്കൾ കെ.കെ.സുരേന്ദ്രൻ(കണ്ണൂർ), എ.ശേഖർ (കോഴിക്കോട്), അഡ്വ.റ്റി.ജെ.ഡിക്സൺ (വയനാട്), പി.ഷാജി (മലപ്പുറം), അബ്ദുൾ അസീസ് (പാലക്കാട്), സി.കെ.ശിവദാസൻ(തൃശൂർ), റ്റി.കെ.സുധീർകുമാർ (എറണാകുളം), എൻ.വിനോദ്കുമാർ (ഇടുക്കി), പ്രൊഫ. പി.എൻ. തങ്കച്ചൻ (കോട്ടയം), എസ്.രാജീവൻ (പത്തനംതിട്ട), എസ്.സീതിലാൽ (ആലപ്പുഴ), ഷൈല കെ. ജോൺ (കൊല്ലം), ആർ.കുമാർ (തിരുവനന്തപുരം) എന്നിവർ പുഷ്പചക്രം അർപ്പിച്ചു. ബ്രേക്ത്രൂ സയൻസ് സൊസൈറ്റി കേരള ചാപ്റ്ററിനു വേണ്ടി ഫ്രാൻസിസ് കളത്തുങ്കൽ, മാർച്ച് ഫോർ സയൻസിന്റെ തിരുവനന്തപുരം ജില്ലാ സംഘാടക സമിതിക്കുവേണ്ടി ഡോ.കെ.കൃഷ്ണ വാര്യർ, പ്രൊഫ. സി.പി.അരവിന്ദാക്ഷൻ, ബാനർ സാംസ്കാരിക സമിതി സംസ്ഥാന ഘടകത്തിനുവേണ്ടി ശ്രീ എം.കൃഷ്ണകുമാർ എന്നിവരും ആദരാഞ്ജലികൾ അർപ്പിച്ചു. തിരുവനന്തപുരം പബ്ലിക് ലൈബ്രറിയുടെ വായനാ വേദി നേതാക്കൾ ശ്രീ ക്ലീറ്റസിന്റെ നേതൃത്വത്തിലെത്തി പുഷ്പചക്രം സമർപ്പിച്ചു.

കൗമാരക്കാരായ നിരവധി സഖാക്കളെ വാർത്തെടുക്കാനായി അതീവ ശുഷ്കാന്തിയോടെ തന്റെ വിപ്ലവ ജീവിതകാലം മുഴുവൻ പ്രയത്നിച്ച പ്രിയ നേതാവിന് കോംസമോൾ വോളന്റിയർമാർ, അർഹമായ ഗാർഡ് ഓഫ് ഓണർ നൽകി. തുടർന്ന് പാർട്ടി സംസ്ഥാന സെക്രട്ടേറിയറ്റ് അംഗം സഖാവ് ജയ്സൺ ജോസഫ് നടത്തിയ അനുസ്മരണ പ്രസംഗത്തിൽ സഖാവ് ജി.എസ്. പത്മകുമാർ എന്ന ആജീവനാന്ത വിപ്ലവകാരി നടത്തിയ ജീവിതസമരത്തെ സംബന്ധിച്ച് ഹ്രസ്വമായി പ്രതിപാദിച്ചു. സഖാവ് ശിബ്ദാസ് ഘോഷ് പകർന്നു നൽകിയ, കഠിന വ്യഥയെ വിപ്ലവസൈഥര്യമാക്കി മാറ്റണമെന്ന പാഠത്തെ പിന്തുടർന്നുകൊണ്ട് സഖാവ് ജി.എസ്.പത്മകുമാറിന്റെ വിയോഗം സൃഷ്ടിച്ച വലിയ നഷ്ടത്തെ മറികടക്കാൻ നാം പ്രതിജ്ഞ ചെയ്യണമെന്ന് അദ്ദേഹം ആഹ്വാനംചെയ്തു. നാലു പതിറ്റാണ്ടു നീണ്ടുനിന്ന സഖാവിന്റെ ജീവിതത്തിന്റെ സന്ദേശം അതാണ്. അന്തരിച്ച നമ്മുടെ ഏറ്റവും പ്രിയപ്പെട്ട പപ്പണ്ണന്റെ സ്മരണയോട് നീതി പുലർത്തേണ്ടതും അങ്ങനെ മാത്രമാണ്, അദ്ദേഹം കൂട്ടിച്ചേർത്തു.



സംസ്ഥാന കമ്മിറ്റിയുടെ അന്ത്യാഭിവാദ്യം



സഖാവ് വി.വേണുഗോപാൽ അന്ത്യോപചാരമർപ്പിച്ചുകൊണ്ട് സംസാരിക്കുന്നു

തുടർന്ന് തൊഴിലാളിവർഗ്ഗത്തിന്റെ സാർവ്വദേശീയഗാനം മ്യൂസിക് സ്ക്വാഡ് ആലപിച്ചു. 40 വർഷം നീണ്ട വിപ്ലവജീവിതത്തിന് സാക്ഷ്യംവഹിച്ച പാർട്ടി ഓഫീസിനോട് സഖാവ് ജി.എസ്.പത്മകുമാർ വിടചൊല്ലുന്ന നിമിഷം വന്നെത്തി. സഖാക്കളുടെ വേദന അണപൊട്ടിയൊഴുകി. ദു:ഖവും നിശ്ചയദാർഢ്യവും ഒരുമിച്ച് വിളംബരം ചെയ്യുന്ന ഉറച്ച ശബ്ദത്തിൽ സഖാവ് ജി.എസ്. പത്മകുമാറിനു ലാൽസലാം മുദ്രാവാക്യം അന്തരീക്ഷത്തിൽ പ്രകമ്പനം കൊണ്ടു. പുറത്ത് റോഡിൽ സഖാക്കളും ജനങ്ങളും അന്ത്യയാത്രയ്ക്കായി അണിനിരന്നു. ഏറ്റവും മുമ്പിൽ സഖാവ് ജി.എസ്.പത്മകുമാറിന്റെ ചിത്രം. തൊട്ടുപിറകിൽ കോംസമോൾ സഖാക്കൾ ചെരിച്ചുപിടിച്ച പതാകകളുമായി പരേഡ് ചെയ്തു. അതിനുപിറകിൽ സഖാവിന്റെ മൃതദേഹം വഹിക്കുന്ന ആംബുലൻസ്. അതിനും പിറകിൽ സഖാക്കളുടെയും സാധാരണ ജനങ്ങളുടെയും നീണ്ട നിര. തൈക്കാട് വൈദ്യുതശ്മശാനത്തിൽ മൃതദേഹം വഹിച്ചുകൊണ്ടുള്ള അന്ത്യയാത്ര എത്തുമ്പോൾ അവിടെയും നിരവധി ആളുകൾ അദ്ദേഹത്തെ കാണാനായി കാത്തുനിൽക്കുന്നുണ്ടായിരുന്നു. ക്രിമിറ്റോറിയത്തിന്റെ തറയിലേക്ക് ഇറക്കിക്കിടത്തിയ മൃതദേഹത്തിൽനിന്നും കോംസമോൾ വോളന്റിയേഴ്സ് ആദരവോടെ പതാക നീക്കി. തുടർന്ന് പാർട്ടി സംസ്ഥാന സെക്രട്ടേറിയറ്റ് അംഗം സഖാവ് വി.വേണുഗോപാൽ, പപ്പണ്ണനെ സ്മരിച്ചുകൊണ്ട് ഹ്രസ്വമായി സംസാരിച്ചു. സിദ്ധാന്തം നന്നായി മനസ്സിലാക്കിയ സഖാവായിരുന്നു ജി.എസ്.പത്മകുമാർ. തന്റെ വിപ്ലവജീവിതകാലം മുഴുവൻ ആ സിദ്ധാന്തം ജീവിതത്തിൽ പകർത്താൻ അദ്ദേഹം സമരം ചെയ്തു, അതിൽ വിജയിക്കുകയും ചെയ്തു. സഖാവ് നമ്മോട് വിടപറഞ്ഞെങ്കിലും നമ്മുടെ പ്രിയപ്പെട്ട പപ്പണ്ണന്റെ സ്മരണ എന്നുമെന്നും അണയാതെ നിലനിൽക്കുമെന്ന് സഖാവ് വേണുഗോപാൽ അനുസ്മരിച്ചു.

ഈ വേർപാട് പാർട്ടിക്ക് കനത്ത നഷ്ടം സൃഷ്ടിക്കുമെങ്കിലും സഖാവ് ശിബ്ദാസ് ഘോഷിന്റെ പാഠങ്ങളുടെ വെളിച്ചത്തിൽ കൂടുതൽ തീക്ഷ്ണമായി സമരത്തിൽ മുഴുകിക്കൊണ്ട് ആ നഷ്ടം നികത്തുമെന്ന് മുഴുവൻ സഖാക്കളും പ്രതിജ്ഞയെടുത്തു. ●



കോംസമോൾ വോളണ്ടിയർമാരുടെ അകമ്പടിയോടെ അന്ത്യയാത്ര

# മാതൃകായോഗ്യനായ വിപ്ലവകാരി

സഖാവ് ജി.എസ്.പത്മകുമാർ (57) തികഞ്ഞ ഒരു കമ്യൂണിസ്റ്റ് വിപ്ലവകാരിയായിരുന്നു. പാർട്ടിക്കുവേണ്ടിയല്ലാതെ യാതൊന്നും അദ്ദേഹം ആഗ്രഹിച്ചില്ല. 17 വയസ്സുള്ളപ്പോൾ എസ്‌യുസിഐയെ മനസ്സിലാക്കി വിപ്ലവസമരം ആരംഭിച്ച നാൾ മുതൽ ഏപ്രിൽ 28ന് അന്ത്യശ്വാസം വലിക്കുംവരെ അദ്ദേഹം പരിപൂർണ്ണമായും പാർട്ടിക്കുവേണ്ടി ജീവിച്ചു. ചിന്തിച്ചത്, പ്രവർത്തിച്ചത് എല്ലാം പാർട്ടിക്കുവേണ്ടിയായിരുന്നു. തൊഴിലാളി വർഗ്ഗത്തിന്റെ മഹാനായ നേതാവ് സഖാവ് ശിബ്ദാസ് ഘോഷ് കാട്ടിത്തന്ന പ്രൊഫഷണൽ വിപ്ലവകാരിയുടെ അത്യുന്നതമായ ജീവിതവീക്ഷണം സ്വന്തം ജീവിതത്തിൽ പകർത്തുന്നതിനുവേണ്ടി അദ്ദേഹം കഠിനപ്രയത്നത്തിൽ മുഴുകി. കമ്യൂണിസ്റ്റ് പാർട്ടിയുടെ സംഘടനാതത്വങ്ങളെ അദ്ദേഹം മുറുകെപ്പിടിച്ചു. കമ്യൂണിസ്റ്റ് പെരുമാറ്റച്ചട്ടം അതീവ നിഷ്കർഷയോടെ സഖാവ് സ്വജീവിതത്തിൽ പരിപാലിച്ചു. ഇതര സഖാക്കൾക്ക് അദ്ദേഹം മാതൃകയായി. സ്തുതിപാടുന്ന് അദ്ദേഹത്തിന് ഇഷ്ടമല്ലായിരുന്നു. പലേ വിഷയങ്ങളിലും അദ്ദേഹം ആഴത്തിലുള്ള അറിവ് സമ്പാദിച്ചിരുന്നു. നാട്യങ്ങളൊന്നുമില്ലാത്ത സ്വഭാവമായിരുന്നു അദ്ദേഹത്തിന്റേത്. ഊതിവീർപ്പിച്ച് സ്വയംകൊട്ടിഘോഷിച്ച് നടക്കുന്ന പൊങ്ങച്ചക്കാരെ അദ്ദേഹത്തിന് പുച്ഛമായിരുന്നു. വിനയം അദ്ദേഹത്തിന് എടുത്തുചാർത്തിയ അലങ്കാരമായിരുന്നില്ല, മറിച്ച് ജീവിതത്തിലെ സ്വാഭാവികമായ ഗുണമായിരുന്നു. യാന്ത്രികമായ ഉപചാരങ്ങളെയും കൃത്രിമമായ പെരുമാറ്റങ്ങളെയും അദ്ദേഹം വെറുത്തു. നേരിന്റെയും നെറിവിന്റെയും നേർചിത്രമായിരുന്നു സഖാവ് ജി.എസ്.പത്മകുമാർ. സത്യത്തോടുള്ള അദ്ദേഹത്തിന്റെ പ്രതിബദ്ധത അന്യൂനമായിരുന്നു. അതിന്റെ തികഞ്ഞ പ്രതിഫലനമായിരുന്നു തൊഴിലാളിവർഗ്ഗ വിപ്ലവരാഷ്ട്രീയത്തോട് അദ്ദേഹത്തിനുണ്ടായിരുന്ന കൂറ്. ചീഞ്ഞഴുകിയ ബൂർഷ്വാരാഷ്ട്രീയവും കപടകമ്യൂണിസ്റ്റുകളുടെ ഇരട്ടത്താപ്പും അദ്ദേഹം വെറുത്തിരുന്നു. അദ്ദേഹത്തിന്റെ പ്രഭാഷണങ്ങളിലും ചർച്ചകളിലും അത് ശക്തമായി പ്രകടമായിരുന്നു.

തിരുവനന്തപുരം ജില്ലയിലെ പ്രാവച്ചമ്പലം സ്വദേശിയായ ജി.എസ്.പത്മകുമാർ, എസ്.യു.സി.ഐയിൽ ചേരുന്നത് 1978ലാണ്. തിരുവനന്തപുരം ജില്ലയിലെ പാർട്ടി സംഘാടനരംഗത്ത് രാപകലില്ലാതെ പ്രവർത്തിച്ചുകൊണ്ട്, വിവരണാതീതമായ ക്ലേശങ്ങൾ നേരിട്ടുകൊണ്ട് അദ്ദേഹം പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചു. സഖാവിന്റെ അസാധാരണമായ സംഘാടനപാടവവും ഉയർന്ന സംസ്കാരവും ദർശിച്ച സംസ്ഥാന നേതൃത്വം അദ്ദേഹത്തെ പാർട്ടി കെട്ടിപ്പടുക്കാനായി തുടർന്ന് എറണാകുളം ജില്ലയിലേക്ക് നിയോഗിച്ചു. സഹായത്തിന്റെ കൈകളൊന്നുമില്ലാതെ, എണ്ണമറ്റ കഷ്ടപ്പാടുകളെ അഭിമുഖീകരിച്ചുകൊണ്ട് സാവധാനം അദ്ദേഹം തന്റെ ദൗത്യം നിറവേറ്റുന്നതിൽ വിജയിച്ചു. പാർട്ടിയുടെ നിലവിലെ കണ്ണൂർ ജില്ലാ സെക്രട്ടറി സഖാവ് സുരേന്ദ്രൻ, എറണാകുളം ജില്ലാ സെക്രട്ടറി സഖാവ് റ്റി.കെ.സുധീർകുമാർ ഉൾപ്പടെയുള്ള നിരവധി കേഡർമാരെ വാർത്തെടുത്തുകൊണ്ട് എറണാകുളം ജില്ലയിൽ പാർട്ടി സംഘടനയ്ക്ക് ശക്തമായ അടിത്തറ സൃഷ്ടിക്കാൻ അദ്ദേഹത്തിന്റെ നേതൃത്വത്തിന് കഴിഞ്ഞു. എറണാകുളം ജില്ലയുടെ സെക്രട്ടറി എന്ന ചുമതലയോടൊപ്പം തൃശൂർ, പാലക്കാട്, മലപ്പുറം ജില്ലകളിലെ പ്രവർത്തനത്തിന്റെ മേൽനോട്ട ചുമതലയും അദ്ദേഹത്തിനുണ്ടായിരുന്നു. അവിടങ്ങളിലെല്ലാം വിപ്ലവപ്രസ്ഥാനത്തിന്റെ അടിത്തറ ഒരുക്കുന്നതിൽ വിജയിച്ചു. 1988 ൽ നടന്ന പ്രഥമ സംസ്ഥാനസമ്മേളനത്തിൽ വച്ച് അദ്ദേഹം പാർട്ടി സംസ്ഥാന കമ്മിറ്റിയംഗമായി തെരഞ്ഞെടുക്കപ്പെട്ടു. 2006ൽ സംസ്ഥാനസെക്രട്ടേറിയറ്റംഗമായും തെരഞ്ഞെടുക്കപ്പെട്ടു. ഒപ്പം സംസ്ഥാന ഓഫീസ് സെക്രട്ടറിയുടെ ധാരാളം സങ്കീർണ്ണതകളും സാങ്കേതികത്വവും നിറഞ്ഞ ചുമതലയും ഏൽപ്പിക്കപ്പെട്ടു. പാർട്ടി ഏൽപ്പിച്ച ചുമതലകൾ കുറ്റമറ്റ രീതിയിൽ അദ്ദേഹം നിറവേറ്റി. കഴിഞ്ഞ 2 വർഷത്തിലധികമായി സംസ്ഥാന സെക്രട്ടറിയും കേന്ദ്രക്കമ്മിറ്റിയംഗവുമായ സഖാവ് സി.കെ.ലൂക്കോസ് അഭിമുഖീകരിക്കുന്ന അനാരോഗ്യത്തിന്റെ കൂടി പശ്ചാത്തലത്തിൽ സഖാവിന്റെ ഭാരിച്ച ചുമതലകൾ ഇരട്ടിക്കുകയുണ്ടായി. എങ്കിലും അവയിലൊന്നിലും പേരിനുപോലും വീഴ്ച ഉണ്ടാകാതിരിക്കാൻ അദ്ദേഹം തികഞ്ഞ ജാഗ്രതയോടെ ശ്രദ്ധിച്ചു. ഓഫീസ് സെക്രട്ടറി എന്ന നിലയിലുള്ള അദ്ദേഹത്തിന്റെ പ്രവർത്തനം വിപ്ലവകരമായ കാര്യക്ഷമതയുടെ ഉത്തമഉദാഹരണമായിരുന്നു. സമയക്കുറവിന്റെ പേരിൽ അദ്ദേഹം ഒരു ജോലിയും ബാക്കിവച്ചില്ല. ഇതിനിടയിൽ പാർട്ടി മുഖപത്രമായ യൂണിറ്റിയുടെ എഡിറ്റോറിയൽ അംഗമെന്ന നിലയിലും ഏൽപ്പിക്കപ്പെട്ട ഉത്തരവാദിത്തങ്ങൾ ഒരു വീഴ്ചയും കൂടാതെ നിറവേറ്റി.

പാർട്ടി സംഘടനയുടെ നേരിട്ടുള്ള ചുമതലകളോടൊപ്പം പാർട്ടിയുടെ ആശയനേതൃത്വത്തിൽ സാംസ്കാരിക - സാഹിത്യ - ശാസ്ത്രമേഖലകളിലെ മുന്നേറ്റത്തിനായുള്ള പ്രവർത്തനങ്ങളുടെ ചുമതലയും സഖാവ് ജി.എസ്.പത്മകുമാറിൽ നിക്ഷിപ്തമായിരുന്നു. ഈ മേഖലകളിൽ സഖാവിന്റെ നേതൃത്വത്തിൽ നടത്തിയ കൂട്ടായ പ്രവർത്തനം സൃഷ്ടിച്ച മുന്നേറ്റം ആരിലും അത്ഭുതമുളവാക്കുന്ന ഒന്നായിരുന്നു. ബ്രേക്ക്ത്രൂ സയൻസ് സൊസൈറ്റി എന്ന ദേശീയ ശാസ്ത്ര പ്രസ്ഥാനത്തിന്റെ സംസ്ഥാന പ്രസിഡണ്ടായി ചുമതല നിർവ്വഹിച്ചുകൊണ്ട് സംസ്ഥാനമെമ്പാടും യാത്രചെയ്ത് ഒരു ജനകീയ ശാസ്ത്ര പ്രസ്ഥാനം രൂപപ്പെടുത്തിയെടുക്കാൻ അദ്ദേഹം കഠിനാദ്ധ്വാനം ചെയ്തു. കേരളത്തിലെ ശാസ്ത്ര പ്രവർത്തകർക്കും ശാസ്ത്രസ്നേഹികൾക്കും പ്രവർത്തനത്തിന്റെ അളവറ്റ ഊർജ്ജസ്രോതസ്സായിരുന്നു സഖാവ് ജി.എസ്.പത്മകുമാർ. കപടശാസ്ത്രപ്രചാരണവും സങ്കുചിതമായ ദേശഭ്രാന്തിന്റെ അവകാശവാദങ്ങളും അരങ്ങ് തകർക്കുന്ന ഈ കാലത്ത് സഖാവിന്റെ നേതൃത്വത്തിൽ ശരിയായ ശാസ്ത്രബോധം പകർന്ന് നൽകാനായി നടന്ന പ്രവർത്തനങ്ങളുടെ പ്രസക്തി

(ശേഷം 4-ാം പേജിൽ)

## വേർപാടിന്റെ ദുഃഖത്തെ കർത്തവ്യബോധമാക്കി പരിവർത്തനപ്പെടുത്തുക

**– സഖാവ് സി.കെ.ലൂക്കോസ്**

(1-ാം പേജിൽ നിന്ന്)

തിൽ സവിശേഷമായ ഒരു ശൈലി അദ്ദേഹം വളർത്തിയെടുത്തിരുന്നു. നൈസർഗ്ഗികമായ നർമ്മം, അകൃത്രിമമായ സരസോക്തി കൂട്ടിക്കലർത്തി സൈദ്ധാന്തിക വിഷയങ്ങൾ പോലും അദ്ദേഹം കൈകാര്യം ചെയ്യുമ്പോൾ അത് കേൾവിക്കാർക്ക് ആകർഷണീയമായി തീരുമെന്നുമാത്രമല്ല ലളിതമായി മനസ്സിൽ പതിയുകയും ചെയ്യുന്നു.

സഖാവ് പത്മകുമാറിനെ സ്മരിക്കുമ്പോൾ അദ്ദേഹം നടത്തിയ സ്റ്റഡിക്ലാസ്സുകളും ചർച്ചകളുമായിരിക്കും സഖാക്കളുടെ മനസ്സിൽ ഓടിയെത്തുക. മാർക്സിസം-ലെനിനിസം-സഖാവ് ശിബ്ദാസ്ഘോഷ് ചിന്തയുടെ പാഠങ്ങൾ അദ്ദേഹത്തിൽനിന്നും ഉൾക്കൊണ്ടിട്ടുള്ളവരാണ് സഖാക്കൾ. പരന്ന വായനാശീലം അദ്ദേഹത്തിനുണ്ടായിരുന്നു. മാർക്സിയൻ സൈദ്ധാന്തിക പുസ്തകങ്ങൾ, വിശ്വസാഹിത്യകൃതികൾ, സാമൂഹിക പ്രസക്തിയുള്ള മറ്റെല്ലാ ഗ്രന്ഥങ്ങളും അദ്ദേഹത്തിന്റെ വായനയിൽപ്പെട്ടിരുന്നു. താൻ വായിച്ചുമനസ്സിലാക്കിയ കാര്യങ്ങൾ മറ്റുള്ളവരുമായി പങ്കുവയ്ക്കാൻ പ്രത്യേക നിഷ്കർഷ അദ്ദേഹത്തിനുണ്ടായിരുന്നു. എത്ര സമയം വേണമെങ്കിലും മുഷിച്ചിൽ കൂടാതെ അദ്ദേഹവുമായി നർമ്മ സംഭാഷണത്തിൽ ഏർപ്പെടാൻ ഒരാൾക്കു കഴിഞ്ഞിരുന്നു. വായിച്ച പുസ്തകത്തിൽ നിന്നുള്ള പ്രസക്തഭാഗങ്ങൾ, നുറുങ്ങുകഥകൾ, ജീവിതത്തിൽ നേരിട്ടനുഭവിച്ചിട്ടുള്ള രസകരമായ സംഭവങ്ങൾ എല്ലാം കലർത്തിയുള്ള അദ്ദേഹത്തിന്റെ സരസമായ സംഭാഷണം ഒരു വേറിട്ട അനുഭവമായിരുന്നു.

ശാസ്ത്രവിഷയങ്ങളിൽ അദ്ദേഹത്തിനുണ്ടായിരുന്ന താൽപ്പര്യം എടുത്തുപറയേണ്ടതാണ്. ബ്രേക്ത്രൂ സയൻസ് സൊസൈറ്റിയുടെ കേരളത്തിലെ ഭാരവാഹിത്വം അദ്ദേഹം അഭിമാനപൂർവ്വം ഏറ്റെടുത്തിരുന്നു. അതിന്റെ വേദിയിൽ നിന്നുകൊണ്ട് കേരളത്തിലെ പ്രഗത്ഭരായ ശാസ്ത്രജ്ഞർക്കൊപ്പം പ്രഭാഷണങ്ങൾ നടത്താൻ അവസരം കിട്ടിയപ്പോഴെല്ലാം, അവരുടെ മതിപ്പും ആദരവും പിടിച്ചുപറ്റാൻ അദ്ദേഹത്തിനു കഴിഞ്ഞു. സഖാവ് പത്മകുമാറിന്റെ നേതൃത്വത്തിൽ ബ്രേക്ത്രൂ സയൻസ് സൊസൈറ്റി കേരളത്തിൽ ശാസ്ത്രവിഷയങ്ങളിലുള്ള ആധികാരിക സ്വരമായി എളുപ്പം മാറിത്തീർന്നു. ആൽബർട്ട് ഐൻസ്റ്റീനും മാഡംക്യൂറിയും മുതൽ സ്റ്റീഫൻ ഹോക്കിങ് വരെയുള്ള ശാസ്ത്രകാരന്മാരുടെ മഹത്തായ സംഭാവനകളെക്കുറിച്ചും ഡാർവിനെയും ഡാർവിന്റെ പരിണാമസിദ്ധാന്തത്തെയുംകുറിച്ചുമെല്ലാം പൊതുവേദികളിൽനിന്ന് സഖാവ് പത്മകുമാർ പ്രതിപാദിച്ചപ്പോൾ അത് സാധാരണക്കാരെപോലും ആകർഷിച്ചു.




**എറണാകുളം പാർട്ടി സെന്ററിൽ സഖാവ് സി.കെ.ലൂക്കോസ് സഖാവ് ജി.എസ്.പത്മകുമാറിന് അന്ത്യോപചാരം അർപ്പിക്കുന്നു**

സാംസ്കാരിക മേഖലയിലെ പ്രവർത്തനങ്ങൾക്ക് അത്യുത്സാഹമായിരുന്നു സഖാവ് പത്മകുമാറിന്. നിലവാരമുള്ള ഒരു സാംസ്കാരിക പ്രസിദ്ധീകരണം മലയാളത്തിലുണ്ടാകണമെന്ന താൽപ്പര്യത്തിൽ നിന്നാണ് ബാനർ എന്ന പേരിലുള്ള ത്രൈമാസികയുടെ രണ്ട് പതിപ്പുകൾ അദ്ദേഹത്തിന്റെ നേതൃത്വത്തിൽ പ്രസിദ്ധീകരിച്ചത്. ജീവിച്ചിരുന്നുവെങ്കിൽ മഹത്തായ സംഭാവന സാംസ്കാരിക മേഖലയ്ക്ക് അദ്ദേഹത്തിൽനിന്നും ഉണ്ടാകുമായിരുന്നുവെന്ന് എന്തുകൊണ്ടും പ്രതീക്ഷിക്കാമായിരുന്നു. വായനാവേദി, സർഗ്ഗ സംഗമം, ബാനർ സാസ്ക്കാരിക വേദി എന്നിങ്ങനെ ചെറുതും വലുതുമായ ഒട്ടനവധി കൂട്ടായ്മകളിൽ സജീവ പങ്കാളിയായി മാത്രമല്ല, മാർഗ്ഗനിർദ്ദേശകൻ കൂടിയായി അദ്ദേഹം പ്രവർത്തിച്ചിരുന്നു. അദ്ദേഹം തൂലിക ചലിപ്പിച്ചപ്പോഴെല്ലാം അത് പുരോഗമന പ്രസ്ഥാനത്തിന് കരുത്തും പുത്തൻദിശാബോധവും പ്രദാനം ചെയ്യാൻ ഉതകുന്നതായിരുന്നു. ആൾ ഇന്ത്യാ ആന്റി ഇംപീരിയലിസ്റ്റ് ഫോറത്തിന്റെ കേരള ചാപ്റ്ററിന്റെ ഉത്തരവാദിത്തവും കേരള സംസ്ഥാന ജനകീയ പ്രതിരോധ സമിതിയുടെ വൈസ് പ്രസിഡന്റ് എന്ന സ്ഥാനത്ത് നിന്നുള്ള ഉത്തരവാദിത്തവും ഇതിനെല്ലാം പുറമേ ഒരുപാട് സാങ്കേതികത്വം നിറഞ്ഞ പാർട്ടി സംസ്ഥാനകമ്മിറ്റി ഓഫീസ് സെക്രട്ടറിയുടെ ഉത്തരവാദിത്തവും കുറ്റമറ്റ രീതിയിൽ അദ്ദേഹം നിർവ്വഹിച്ചിരുന്നു.

തത്വദീക്ഷയുടെ കാര്യത്തിൽ അദ്ദേഹം കർശന സ്വഭാവക്കാരനായിരുന്നു. തത്വദീക്ഷ വെടിഞ്ഞുള്ള പെരുമാറ്റം അദ്ദേഹത്തിൽ നിന്നുള്ള വിമർശനത്തിനും ചിലപ്പോൾ ശാസനയ്ക്കുപോലും വിധേയമാകുമായിരുന്നു. വിമർശനത്തിന് മാർദ്ദവമൊന്നുമുണ്ടായിരുന്നില്ല. എന്നാൽ കാലുഷ്യമൊന്നും അവശേഷിപ്പിച്ചതുമില്ല. എല്ലാ വിഷയങ്ങളിലും വിമർശനവിധേയരാകുന്ന സഖാക്കളോടുപോലും സ്നേഹമസൃണമായ പെരുമാറ്റമേ അദ്ദേഹത്തിൽനിന്ന് ഉണ്ടായിട്ടുള്ളൂ. സഖാക്കൾ തമ്മിൽ സ്വരച്ചേർച്ചയില്ലാതെ വരികയോ ഏതെങ്കിലും കാര്യത്തിൽ പരസ്പരം ശണ്ഠ കൂടുകയോ ചെയ്യുന്ന അവസരത്തിൽ അദ്ദേഹം ക്ഷമാപൂർവ്വം കാര്യങ്ങൾ പറഞ്ഞ് ബോദ്ധ്യപ്പെടുത്തി പ്രശ്നം പരിഹരിക്കുമായിരുന്നു. സഖാക്കളെ ജീവനുതുല്യം അദ്ദേഹം സ്നേഹിച്ചിരുന്നു. അന്തസുറ്റ അദ്ദേഹത്തിന്റെ പെരുമാറ്റശൈലി മാതൃകായോഗ്യമായിരുന്നു.

സഖാവ് ജി.എസ്.പത്മകുമാറിന് തുല്യം സഖാവ് ജി.എസ്.പത്മകുമാർ മാത്രമേയുള്ളൂ. നമ്മളിൽ ഒരാളോ, ഒരു പറ്റം ആളുകളോ വിചാരിച്ചാൽ നികത്താവുന്നതല്ല അദ്ദേഹം അവശേഷിപ്പിച്ച് പോയ വിടവ്. എന്നാൽ ഒറ്റക്കെട്ടായി അഗാധമായ ദുഃഖത്തെ ഉയർന്ന കർമ്മശേഷിയാക്കി മാറ്റിക്കൊണ്ട് ആ വിടവ് നികത്തിയെടുക്കാൻ കഴിയുമെന്ന സഖാവ് ശിബ്ദാസ്ഘോഷിന്റെ പാഠം നാം ഓർക്കേണ്ടതുണ്ട്. സഖാവ് ജി.എസ്.പത്മകുമാർ സ്വജീവിതംകൊണ്ട് അഭിലഷിച്ചതും പ്രയത്നിച്ചതുമായ ആ ഉന്നതമായ സമൂഹം ഈ മണ്ണിൽ യാഥാർത്ഥ്യമാക്കിത്തീർക്കാൻ കൂടുതൽ ഉത്തരവാദിത്വബോധത്തോടെ പ്രവർത്തിക്കുമെന്ന് നമുക്ക് പ്രതിജ്ഞയെടുക്കാം.

സഖാവ് ജി.എസ്.പത്മകുമാറിന്
ലാൽസലാം.

# ശാസ്ത്രം, ദർശനം, സാഹിത്യം, ചരിത്രം എന്നിവയിലൊക്കെ അവഗാഹം നേടിയ സംഘാടകൻ

(3-ാം പേജിൽ നിന്ന്)

എത്രയോ വലുതാണ്. ഇക്കഴിഞ്ഞ ഏപ്രിൽ 14ന് ലോകമെമ്പാടും നടന്ന മാർച്ച് ഫോർ സയൻസിന്റെ ഭാഗമായി കേരളത്തിന്റെ 13 ജില്ലകളിൽ പ്രസ്തുത മുന്നേറ്റം സംഘടിപ്പിക്കാൻ അമരക്കാരനെന്ന നിലയിൽ സഖാവ് ജി.എസ്.പത്മകുമാർ ഉണ്ടായിരുന്നു. ബാനർ സാംസ്കാരിക സമിതി എന്ന സാംസ്കാരിക പ്രസ്ഥാനത്തിന്റ സംസ്ഥാന കൺവീനറായിരുന്നു അദ്ദേഹം. എത്ര തിരക്കിനിടയിലും തിരുവനന്തപുരത്തും മലപ്പുറത്തും പാലക്കാട്ടും സ്ഥിരമായി നടക്കുന്ന സർഗ്ഗസംഗമ സദസ്സുകളിൽ പങ്കെടുക്കാനും അവിടെ നടക്കുന്ന സാഹിത്യ – സാംസ്കാരിക ചർച്ചകൾക്ക് നേതൃത്വം നൽകാനും അദ്ദേഹം സമയം കണ്ടെത്തി. തികച്ചും വ്യതിരിക്തമായ ഒരു സാംസ്കാരിക മുന്നേറ്റത്തിന് സംസ്ഥാനമെമ്പാടും കളമൊരുക്കാൻ അദ്ദേഹം വളരെയധികം പ്രയത്നിച്ചു. ഈ സാംസ്കാരിക പ്രസ്ഥാനം പ്രസിദ്ധീകരിക്കുന്ന ബാനർ എന്ന ത്രൈമാസികത്തിന്റെ എഡിറ്റർ കൂടിയായിരുന്നു സഖാവ് ജി.എസ്.പത്മകുമാർ.

നാടിൻ ശ്രേഷ്ഠ സന്താനങ്ങളാക നാം എന്ന മുദ്രാവാക്യമുയർത്തിക്കൊണ്ട് കഴിഞ്ഞ 25 വർഷമായി നടന്നു വരുന്ന കുട്ടികളുടെ ക്യാമ്പിന്റെ സംഘാടക സമിതി കൺവീനറായിരുന്നു സഖാവ് ജി.എസ്.പത്മകുമാർ. കുട്ടികളെ ഉയർന്ന മൂല്യബോധത്തിലേക്കും കൂട്ടായ ജീവിതത്തിലേക്കും ആനയിക്കുക എന്ന ലക്ഷ്യം മുൻ നിർത്തി സഖാവിന്റെ നേതൃത്വത്തിൽ വളരെ ഗൗരവപൂർവ്വമുള്ള പ്രവർത്തനങ്ങളാണ് ക്യാമ്പിലൂടെ നടന്നു വന്നിരുന്നത്. സാരവത്തായ ജീവിതത്തിന്റെ ഉടമകളാക്കി കുട്ടികളെ മാറ്റാനായി എത്രയോ ശുഷ്കാന്തിയോടെയാണ് പപ്പൻ മാമൻ പ്രവർത്തിച്ചിരുന്നതെന്ന് ക്യാമ്പിലൂടെ കടന്നുപോയിട്ടുള്ള നൂറുകണക്കിന് കുട്ടികളും അവരുടെ രക്ഷിതാക്കളും വളരെ ആദരവോടെയാണ് സ്മരിക്കുന്നത്. അഖിലേന്ത്യാ സാമ്രാജ്യത്വ വിരുദ്ധ ഫോറത്തിന്റെ സംസ്ഥാനത്തെ കൺവീനർമാരിലൊരാളായിരുന്നു സഖാവ് പത്മകുമാർ. ലോകത്തെവിടെയും സാമ്രാജ്യത്വ – മുതലാളിത്ത ശക്തികളുടെ ആക്രമണങ്ങൾ ഉണ്ടാകുമ്പോൾ അതിനെതിരെ പ്രതിഷേധം വളർത്തിക്കൊണ്ട് കേരളത്തിൽ സാമ്രാജ്യത്വ വിരുദ്ധ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്താൻ സവിശേഷമായ ഒരു ശ്രദ്ധ സഖാവ് പുലർത്തിയിരുന്നു.

പാർട്ടി സംസ്ഥാന സെക്രട്ടേറിയറ്റംഗമെന്ന നിലയിലുള്ള സംസ്ഥാനസംഘടനയുടെ ചുമതലകൾ, 4 ജില്ലകളിലെ പാർട്ടി ജില്ലാകമ്മിറ്റികളുടെ മേൽനോട്ടം, പ്രസ്തുത ജില്ലകളിലെ ജനകീയ പ്രക്ഷോഭങ്ങളുടെ സങ്കീർണ്ണ ജോലികൾ, മുഴുവൻ സമയ പ്രവർത്തകരായ നിരവധി സഖാക്കളുടെ വിപ്ലവ സമരത്തിന്റെ പ്രശ്നങ്ങൾ, ഓഫീസ് സെക്രട്ടറിയുടെ പ്രവർത്തനങ്ങൾ, സംസ്ഥാന കമ്മിറ്റിയുടെ നേരിട്ടുള്ള മേൽനോട്ടത്തിലുള്ള അഞ്ചിലധികം സബ് കമ്മിറ്റികളുടെ ഇൻചാർജ്ജ് എന്ന നിലയിലുള്ള പ്രവർത്തനങ്ങൾ, യൂണിറ്റി എഡിറ്റോറിയൽ അംഗത്തിന്റെ ജോലികൾ അങ്ങിനെ നിരവധിയായ ഉത്തരവാദിത്തങ്ങൾ ഒരേ സമയം തികഞ്ഞ സന്തോഷത്തോടെ സഖാവ് ജി.എസ്.പത്മകുമാർ നിറവേറ്റി. ആയാസകരമായ ഈ ഉത്തരവാദിത്തങ്ങളുടെ സമ്മർദ്ദത്തിന്നിടയിലും അദ്ദേഹം വായനയും പഠനവും എഴുത്തും തുടർന്നു. പാർട്ടി പ്രവർത്തനത്തിന്റെ തിരക്കുകൊണ്ട് പഠനപ്രവർത്തനങ്ങൾ അവതാളത്തിലാകുന്നുവെന്ന് ആവലാതിപ്പെടുന്ന സഖാക്കളോട് സഖാവ് ജി.എസ്.പത്മകുമാറിന്റെ പഠനസമ്പ്രദായം മാതൃകയാക്കാൻ അഭ്യർത്ഥിക്കുന്നു. തിരക്കേറിയ ബസ് സ്റ്റാന്റിലോ റെയിൽവേസ്റ്റേഷനിലോ ഒരു ഇരിപ്പിടം ലഭിച്ചാൽ സഖാവ് പുസ്തകം നിവർത്തി വായന തുടങ്ങുമായിരുന്നു. സഖാവ് ശിബ്ദാസ് ഘോഷിന്റെ ഒരു പുതിയ കൃതി കൈവശം ലഭിച്ചാൽ ഒറ്റ ശ്വാസത്തിൽ അത് വായിച്ചുതീർത്തിരിക്കും. താൻ വായിച്ച കൃതിയെക്കുറിച്ച് മറ്റ് സഖാക്കളോട് സരളമായി സംസാരിച്ച് അവരെയും ആ കൃതി വായിക്കാൻ പ്രേരിപ്പിക്കുമായിരുന്നു. വായിച്ചും ചർച്ച ചെയ്തും മനസ്സിലാക്കിയ സിദ്ധാന്തത്തെ സ്വന്തം ജീവിതത്തിൽ പകർത്താൻ അദ്ദേഹം അസാധാരണമായ ഏകാഗ്രതയോടെ പരിശ്രമിച്ചു. സ്വാംശീകരിക്കപ്പെട്ട ആ അറിവിന്റെ ഉയർന്ന തലം പഠനത്തെ വീണ്ടും ശക്തിപ്പെടുത്തി. പഠനത്തിന്റെ ഡയലിക്ടിക്കലായ ഈ പ്രക്രിയയെ അവിരാമവും അക്ഷീണവുമായി നിർവ്വഹിച്ചുകൊണ്ട് മാർക്സിസം-ലെനിനിസം-സഖാവ് ശിബ്ദാസ് ഘോഷ് ചിന്തകളിൽ അദ്ദേഹം ആഴമാർന്ന ധാരണ നേടിയെടുത്തു. ആ ധാരണയുടെ അടിത്തറയിൽ നിന്നുകൊണ്ട് സംസ്ഥാന-ജില്ലാ പഠന ക്യാമ്പുകളിൽ സഖാവ് നടത്തിയ പ്രഭാഷണങ്ങൾ, അദ്ദേഹം നയിച്ചിട്ടുള്ള സ്റ്റഡി സർക്കിളുകൾ, ക്ലാസ്സുകൾ, എണ്ണമറ്റ ചർച്ചാ പരിപാടികൾ ഇവയെല്ലാം കേരളത്തിലെ നൂറുകണക്കിന് സഖാക്കൾക്ക് അടിയുറച്ച പ്രത്യയശാസ്ത്ര നിലവാരം പകർന്നുനൽകുന്നതിൽ വമ്പിച്ച പങ്കാണ് നിറവേറ്റിയത്. മാർക്സിയൻ ദർശനത്തിന്റെ അടിസ്ഥാന പ്രമാണങ്ങളെ ലളിതവും സുഗ്രാഹ്യവുമായ പ്രതിപാദനത്തിലൂടെ അദ്ദേഹം സഖാക്കളെ പഠിപ്പിച്ചു. ഉയർന്ന നിലവാരമുള്ള നർമ്മവും വിമർശവിധേയമാകുന്ന വ്യക്തികളോടും ആശയങ്ങളോടുമുള്ള ആദരവും സഖാക്കൾക്ക് പകർന്ന് നൽകിയത് അറിവിനോടൊപ്പം ഉയർന്ന നൈതികതയുമായിരുന്നു.



സംസ്ഥാന സെക്രട്ടറി സഖാവ് സി.കെ.ലൂക്കോസിന്റെ നേതൃത്വത്തിൽ നടന്ന സമരാഹ്വാന ജാഥക്ക് 2012 ഫെബ്രുവരി 25ന് തിരുവനന്തപുരത്ത് സഖാവ് പത്മകുമാർ സ്വീകരണം നൽകുന്നു



സഖാവ് ജി.എസ്.പത്മകുമാർ അവസാനമായി നടത്തിയ പ്രസംഗം. പാർട്ടി സ്ഥാപനവാർഷികാചരണ യോഗം ഏപ്രിൽ 21ന് കാലടിയിൽ ഉദ്ഘാടനം ചെയ്യുന്നു

തൊഴിലാളിവർഗ്ഗത്തിന്റെ മഹാനായ ഗുരുനാഥൻ സഖാവ് ശിബ്ദാസ് ഘോഷിന്റെ കൃതികളും പാർട്ടി കേന്ദ്ര കമ്മിറ്റി പ്രസിദ്ധീകരിച്ചിട്ടുള്ള വലുതും ചെറുതുമായിട്ടുള്ള നിരവധി മറ്റു കൃതികളും മലയാളത്തിലേക്ക് പരിഭാഷപ്പെടുത്തിയിട്ടുള്ളത് സഖാവ് ജി.എസ്.പത്മകുമാറാണ്. ഇതിനുപുറമെ സംസ്ഥാന കമ്മിറ്റിയുടെ നിയോഗപ്രകാരം നിരവധി സ്വതന്ത്രരചനകളും അദ്ദേഹം നടത്തിയിട്ടുണ്ട്. കേരളത്തിൽ വളരെയധികം വിതരണം ചെയ്യപ്പെട്ടിട്ടുള്ള 'എന്താണ് എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്)' എന്ന ലഘുകൃതി ഉൾപ്പെടെ, ഒടുവിൽ പ്രസിദ്ധീകരിച്ച 'മഹത്തായ നവംബർ വിപ്ലവത്തിന്റെ പാഠങ്ങളും കടമകളും' വരെ സംസ്ഥാനകമ്മിറ്റിക്കു വേണ്ടി രചിച്ചത് സഖാവ് ജി.എസ്.പത്മകുമാറാണ്. സംസ്ഥാനകമ്മിറ്റിക്കു വേണ്ടി രചിച്ച 'ശ്രീനാരായണഗുരുവും കമ്മ്യൂണിസ്റ്റുകാരും' എന്ന കൃതി, ഇടതുപക്ഷ പ്രവർത്തകർക്ക് കേരളത്തിന്റെ നവോത്ഥാനമുന്നേറ്റത്തെ സംബന്ധിച്ച് തെറ്റിദ്ധാരണകൾ നീക്കി വളരെ തെളിഞ്ഞ ധാരണ നൽകുന്ന ഒന്നാണ്. പ്രസ്തുത കൃതിയുടെ ഉൾക്കാമ്പ് തിരിച്ചറിഞ്ഞ പാർട്ടി പ്രവർത്തകരല്ലാത്ത ചില വ്യക്തികൾ കൂടുതൽ കോപ്പികൾ പാർട്ടി ഓഫീസിൽ നിന്നും വാങ്ങി അത് ജനങ്ങൾക്കിടയിൽ വിതരണം ചെയ്യുകയുണ്ടായി. ചിന്തിക്കുന്ന ജനങ്ങൾക്കിടയിൽ അത്രമേൽ സ്വാധീനമാണ് പ്രസ്തുത കൃതി സൃഷ്ടിച്ചത്.

സാഹിത്യം, ചരിത്രം, ദർശനം മുതൽ ശാസ്ത്രം വരെയുള്ള മേഖലകളിലെ പരന്നതും ആഴമാർന്നതുമായ വായനയും പഠനവും അദ്ദേഹത്തെ പ്രസ്തുത മേഖലകളിലെ തികഞ്ഞ പണ്ഡിതനാക്കി മാറ്റി. വ്യത്യസ്ത മേഖലകളിലെ വിഷയങ്ങളെ അധികരിച്ച് അദ്ദേഹം നടത്തിയിട്ടുള്ള പ്രഭാഷണങ്ങൾ കേൾക്കാനിട വന്നിട്ടുള്ള പ്രമുഖ വ്യക്തിത്വങ്ങൾ അദ്ദേഹത്തെ ഒരു ഗുരുനാഥനെപ്പോലെ ആദരിക്കാനും അംഗീകരിക്കാനും ഒരു മടിയും കാട്ടിയില്ല. കേരളത്തിന്റെ നവോത്ഥാന ചരിത്രത്തെ സംബന്ധിച്ച് പഠിച്ച് ഏറ്റവും ശാസ്ത്രീയവും ചരിത്രപരവുമായ വിശകലനം അവതരിപ്പിക്കാൻ പാർട്ടി സംസ്ഥാന കമ്മിറ്റി നിയോഗിച്ച കേരള ചരിത്രപഠന സമിതിയുടെ ജനറൽ കൺവീനറായിരുന്നു സഖാവ് ജി.എസ്.പത്മകുമാർ. അദ്ദേഹത്തിന്റെ നേതൃത്വത്തിൽ പ്രസ്തുത പഠനസമിതി 2 വർഷം നീണ്ട പഠനത്തിലൂടെ ആദ്യം പ്രസിദ്ധീകരിച്ച 'അയ്യൻകാളിയും കേരള നവോത്ഥാനവും' എന്ന കൃതി നിരവധി ചരിത്രപണ്ഡിതന്മാരുടെയും സാധാരണ ജനങ്ങളുടെയും അംഗീകാരം നേടുകയുണ്ടായി. ഊർജ്ജസ്വലനായ ഒരു ശാസ്ത്ര പ്രവർത്തകൻ എന്ന നിലയിൽ സഖാവ് ജി.എസ്.പത്മകുമാർ വ്യക്തിപരമായും മറ്റ് പ്രവർത്തകരോടൊപ്പം ചേർന്നും നടത്തിയിട്ടുള്ള രചനകൾ സംസ്ഥാനത്തെ ശാസ്ത്രമുന്നേറ്റത്തിന് മറക്കാനാവില്ല. 'ആൽബർട്ട് ഐൻസ്റ്റീനും ആപേക്ഷികതാ സിദ്ധാന്തവും', 'ചാൾസ് ഡാർവിനും പരിണാമ സിദ്ധാന്തവും' എന്നീ ഗ്രന്ഥങ്ങൾ ശാസ്ത്രതൽപ്പരരെ സംബന്ധിച്ചിടത്തോളം വിലപ്പെട്ട കൈപ്പുസ്തകങ്ങളാണ്.

## സഖാവ് ജി. എസ്. പത്മകുമാർ പാർട്ടിക്കുള്ളിലെ മഹത്തായ വിപ്ലവസമരത്തിന്റെ സൃഷ്ടി

പാർട്ടിയുടെയും തൊഴിലാളിവർഗ്ഗത്തിന്റെയും താൽപ്പര്യവുമായി തന്റെ വ്യക്തിതാൽപ്പര്യത്തെ സമ്പൂർണ്ണമായും താദാത്മ്യപ്പെടുത്താനുള്ള കമ്മ്യൂണിസ്റ്റ് സമരത്തിൽ സർവ്വാത്മനാ മുഴുകിയതുകൊണ്ടാണ് പാർട്ടി സംഘാടനത്തിന്റെ സർവ്വമേഖലകളിലും പ്രാഗത്ഭ്യം തെളിയിച്ച ഒരു വിപ്ലവ വ്യക്തിത്വമായി സഖാവ് ജി.എസ്.പത്മകുമാർ ഉയർന്നുവന്നത്. നമ്മുടെ പാർട്ടിക്കുള്ളിലെ മഹത്തായ വിപ്ലവസമരത്തിന്റെ സൃഷ്ടിയായിരുന്നു സഖാവ് ജി.എസ്. പത്മകുമാർ. അവൈയക്തികമായ സമീപനം മാത്രമാണ് സത്യാന്വേഷണത്തിന്റെ മാർഗ്ഗം തെളിക്കുന്നത്. എത്രകണ്ട് വ്യക്തിവാദത്തിന്റെ അംശങ്ങളെ, സ്വാധീനങ്ങളെ മനോഘടനയിൽ നിന്നു മോചിപ്പിക്കുവാൻ കഴിയുമോ അത്രകണ്ട് സത്യത്തെ മനസ്സിലാക്കാനും സ്വാംശീകരിക്കാനും കഴിയും. സഖാവ് ജി.എസ്.പത്മകുമാർ കഠിനതരമായ ഈ വിപ്ലവസമരത്തിനു മുമ്പിൽ തന്നെ പൂർണ്ണമായി സമർപ്പിക്കാൻ ആവതും പരിശ്രമിച്ചു. അതിൽ അദ്ദേഹം വലിയ നിലയിൽ വിജയിച്ചു. ഈ വിപ്ലവ സമരപാതയിൽ ആർക്കൊക്കെ മുന്നേറാൻ കഴിയുമോ അവർക്കൊക്കെ ഉന്നതരായ മനുഷ്യരായി മാറാൻ കഴിയും. നമ്മുടെ പ്രിയപ്പെട്ട പാർട്ടിക്കുള്ളിലെ ജീവൻ തുടിക്കുന്ന, കമ്മ്യൂണിസ്റ്റുകളെ വാർത്തെടുക്കുന്ന ഈ സമരമാണ് എല്ലാ പ്രതിസന്ധികളെയും മറികടക്കാനുള്ള നമ്മുടെ മുമ്പിലെ സുനിശ്ചിതമായ വഴി. ഈ സമരത്തിൽ കാലിടറാതെ, അചഞ്ചലം മുന്നേറിയാൽ സഖാവ് പത്മകുമാറിനു തുല്യരോ അതിലേറെ വളർന്നവരോ ആയ നൂറുകണക്കിന് സഖാക്കൾ സൃഷ്ടിക്കപ്പെടും. ഏതൊരു സഖാവിന്റെയും വിയോഗം സൃഷ്ടിക്കുന്ന നഷ്ടം നാം നികത്തുന്നത് അങ്ങനെയാണ്. അതിനാൽ നിശ്ചയദാർഢ്യത്തോടെ വിപ്ലവസമരപാതയിൽ തങ്ങളെത്തന്നെ സമർപ്പിക്കാൻ പ്രതിജ്ഞയെടുക്കുക. സഖാവ് ജി.എസ്.പത്മകുമാറിനോടുള്ള സ്നേഹാദരങ്ങൾ അങ്ങനെ നിറവേറ്റുമെന്ന് നമ്മൾ പ്രതിജ്ഞയെടുക്കുക ●

## കൊറിയൻ കമ്മിറ്റി ഫോർ ആഫ്രോ ഏഷ്യൻ സോളിഡാരിറ്റിയുടെ അനുശോചന സന്ദേശം

നിങ്ങളുടെ പാർട്ടിയുടെ പ്രമുഖ നേതാവായിരുന്ന സഖാവ് ജി.എസ്.പത്മകുമാറിന്റെ നിര്യാണത്തിൽ ഞങ്ങളുടെ അഗാധമായ ദുഃഖം രേഖപ്പെടുത്തുന്നു.

നിങ്ങളുടെ രാജ്യത്ത് സോഷ്യലിസം യാഥാർത്ഥ്യമാക്കുന്നതിനുവേണ്ടിയുള്ള പരിശ്രമങ്ങൾ വിജയിക്കട്ടെ എന്ന് ആശംസിക്കുന്നു. ഇരുരാജ്യങ്ങളും തമ്മിലുള്ള ബന്ധം കൂടുതൽ ദൃഢമാക്കാൻ കഴിയുമെന്ന് പ്രത്യാശിക്കുന്നു.

- റാ മ്യോങ് സോങ്
സെക്രട്ടറി

# ദീപ്തസ്മരണ നിറഞ്ഞുനിന്ന അനുസ്മരണയോഗം

പ്രിയസഖാവ് ജി.എസ്.പത്മകുമാറിന്റെ അപ്രതീക്ഷിതമായ വിയോഗത്തിൽ വിക്ഷുബ്ധമായ മനസ്സുമായി പാർട്ടി സഖാക്കളും അനുഭാവികളും സുഹൃത്തുക്കളും ബന്ധുക്കളും മേയ് 2ന് തിരുവനന്തപുരം പ്രിയദർശിനി ഹാളിൽ ഒത്തുകൂടി. മഹത്വമാർന്ന ആ ജീവിതത്തിന്റെയും സമൂഹത്തിന്റെ മോചനത്തിനായി അദ്ദേഹം നടത്തിയ ഉദാത്തമായ സമരത്തിന്റെയും ഉജ്ജ്വലങ്ങളായ ഏടുകൾ അനുഭവ സാക്ഷ്യത്തോടെ അവർ അനുസ്മരിച്ചു. വൈവിധ്യമാർന്ന മേഖലകളിൽ അദ്ദേഹം നിറഞ്ഞുനിന്ന ചിത്രങ്ങൾ ഉൾപ്പെടുത്തിയ എക്സിബിഷൻ, ഹാളിൽ ഒരുക്കിയിരുന്നു. സംസ്ഥാന സെക്രട്ടേറിയറ്റംഗം സഖാവ് വി.വേണുഗോപാലിന്റെ അദ്ധ്യക്ഷതയിൽ, സഖാവ് പത്മകുമാറിന്റെ ചിത്രത്തിന് മുന്നിൽ പുഷ്പങ്ങളർപ്പിച്ചുകൊണ്ട് യോഗനടപടികൾ ആരംഭിച്ചു. കേന്ദ്രകമ്മിറ്റിക്കുവേണ്ടി കേന്ദ്രക്കമ്മിറ്റിയംഗം സഖാവ് കെ.രാധാകൃഷ്ണയും സംസ്ഥാന കമ്മിറ്റിക്കുവേണ്ടി സഖാവ് വി.വേണുഗോപാലും, ആന്ധ്ര-തെലങ്കാന സംസ്ഥാന കമ്മിറ്റിക്കുവേണ്ടി സഖാവ് കെ.ശ്രീധറും, തമിഴ്നാട് സംസ്ഥാനകമ്മിറ്റിക്കുവേണ്ടി സഖാവ് എ.രംഗസ്വാമിയും പുഷ്പങ്ങൾ അർപ്പിച്ചു. തന്റെ ഹ്രസ്വമായ അദ്ധ്യക്ഷപ്രസംഗത്തിൽ സഖാവ് വി.വേണുഗോപാൽ, സഖാവ് പത്മകുമാറിന്റെ ഉദാത്തമായ വിപ്ലവ ജീവിതത്തെയും ആ ജീവിതത്തെ സൃഷ്ടിച്ച സമര പ്രക്രിയയെയുംപറ്റി സംസാരിച്ചു.

തുടർന്ന് പാർട്ടിയുടെ പ്രിയങ്കരനായ ജനറൽ സെക്രട്ടറി സഖാവ് പ്രൊവാഷ് ഘോഷിന്റെ അനുശോചന സന്ദേശം പാർട്ടി സംസ്ഥാന കമ്മിറ്റിയംഗം സഖാവ് ആർ.കുമാർ വായിച്ചു. പാർട്ടിയുടെ സംസ്ഥാന സെക്രട്ടറി സഖാവ് സി.കെ.ലൂക്കോസിന് അനാരോഗ്യം കാരണം ഈ യോഗത്തിൽ സംബന്ധിക്കാനായില്ല. അദ്ദേഹത്തിന്റെ ഒരു അനുശോചന സന്ദേശം പാർട്ടി സംസ്ഥാന കമ്മിറ്റിയംഗം സഖാവ് എ.ശേഖർ വായിച്ചു. തുടർന്ന്, സഖാവ് പത്മകുമാറിന്റെ നാലുദശാബ്ദത്തോളം നീണ്ട വിപ്ലവ ജീവിതത്തെ സംബന്ധിച്ചും പാർട്ടി പ്രവർത്തനത്തിന്റെ സകലമേഖലകളിലും വ്യാപരിച്ചുകിടക്കുന്ന അദ്ദേഹത്തിന്റെ പ്രവർത്തന മണ്ഡലങ്ങളെക്കുറിച്ചും കേരളത്തിൽ എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) പ്രസ്ഥാനം കെട്ടിപ്പടുക്കാനായി നടത്തിയ പരിശ്രമങ്ങളിലൂടെ അദ്ദേഹം ആർജിച്ച വിപ്ലവശേഷികളെ സംബന്ധിച്ചും പരാമർശിക്കുന്ന സംസ്ഥാനകമ്മറ്റിയുടെ പ്രമേയം സംസ്ഥാന സെക്രട്ടേറിയറ്റംഗം സഖാവ് ജയ്സൺ ജോസഫ് അവതരിപ്പിച്ചു. സദസ്സ് ഏകകണ്ഠമായി ആ പ്രമേയം പാസ്സാക്കി.

തുടർന്ന് പാർട്ടി കേന്ദ്രകമ്മിറ്റിയെ പ്രതിനിധീകരിച്ച് കേന്ദ്രകമ്മിറ്റിയംഗവും കർണ്ണാടക സംസ്ഥാന സെക്രട്ടറിയുമായ സഖാവ് കെ.രാധാകൃഷ്ണ സഖാവ് പത്മകുമാറിന്റെ വിയോഗം വഴി പാർട്ടിക്കുണ്ടായിട്ടുള്ള വമ്പിച്ച നഷ്ടത്തെക്കുറിച്ചും സഖാവ് ശിബ്ദാസ്ഘോഷ് നൽകിയ പാഠങ്ങളുടെ വെളിച്ചത്തിൽ ആ നഷ്ടങ്ങളെ നികത്താനായി പാർട്ടി ഒന്നാകെ നടത്തേണ്ടുന്ന സമരത്തെക്കുറിച്ചും പ്രതിപാദിച്ചു. ആന്ധ്ര-തെലങ്കാന സംസ്ഥാന കമ്മിറ്റി സെക്രട്ടറി സഖാവ് കെ.ശ്രീധറും തമിഴ്നാട് സംസ്ഥാന സെക്രട്ടറി സഖാവ് എ.രംഗസ്വാമിയുമാണ് തുടർന്ന് പ്രസംഗിച്ചത്.

കേരളത്തിലെ മുൻനിര ജനകീയ ശാസ്ത്രപ്രസ്ഥാനമെന്ന നിലയിൽ ബ്രേക്ക്ത്രൂ സയൻസ് സൊസൈറ്റിയെ വളർത്തിയെടുക്കുന്നതിനായി സഖാവ് പത്മകുമാർ നടത്തിയ ബൗദ്ധികവും സംഘടനാപരവുമായ പരിശ്രമങ്ങൾ ശാസ്ത്രസ്നേഹികളുടെ മനസ്സിൽ മായാതെ നിലകൊള്ളും. അദ്ദേഹം നടത്തിയിട്ടുള്ള അസംഖ്യം ശാസ്ത്രപ്രഭാഷണങ്ങളിലൊന്നിന്റെ വീഡിയോ ക്ലിപ്പിംഗ് അനുസ്മരണ പരിപാടിയുടെ അടുത്ത ഇനമായി പ്രദർശിപ്പിച്ചു. ഡാർവിന്റെ സംഭാവനകളെ ലളിതമായി അവതരിപ്പിച്ചുകൊണ്ട് അദ്ദേഹം നടത്തിയ പ്രഭാഷണം കണ്ട് കണ്ണീരണിയാത്തവരായി ആരുമുണ്ടായില്ല ഹാളിൽ. എന്തൊരു ഔന്നത്യമുള്ള പ്രതിഭയെയാണ് നമുക്ക് നഷ്ടപ്പെട്ടിരിക്കുന്നതെന്ന് വിങ്ങലോടെ ഏവരും ഓർത്തു.

എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്)ന്റെ സംസ്ഥാനത്തെ ആദ്യകാല നേതാക്കളിലൊരാളും സഖാവ് ജി.എസ്.പത്മകുമാറിന്റെ സഹപ്രവർത്തകനുമായിരുന്ന, ഇപ്പോൾ യുഎസ്സിലുള്ള ഡോ.എം.സുബ്രമണി അയച്ച വികാരനിർഭരമായ സന്ദേശം സംസ്ഥാനകമ്മിറ്റിയംഗം സഖാവ് മിനി.കെ.ഫിലിപ്പ് വായിച്ചു. ഉത്തര കൊറിയൻ വർക്കേഴ്സ് പാർട്ടിയുടെ ആഫ്രോ-ഏഷ്യൻ സോളിഡാരിറ്റി സംഘടനയുടെ സന്ദേശം തിരുവനന്തപുരം ജില്ലാ സെക്രട്ടേറിയറ്റംഗം സഖാവ് എം.ഷാജർഖാൻ വായിച്ചു.

തുടർന്ന് ആർഎംപിഐയുടെ സംസ്ഥാന നേതാക്കളിലൊരാളായ സഖാവ് കെ.പി.പ്രകാശൻ, പൊതു പ്രവർത്തകനായ കെ.എം.ഷാജഹാൻ, മുതിർന്ന ചലച്ചിത്ര നിരൂപകനും ബാനർ ഫിലിം സൊസൈറ്റിയുടെ രക്ഷാധികാരിയുമായ എം.എഫ്.തോമസ്, വിളപ്പിൽശാല സമരനായകൻ എസ്.ബുർഹാൻ എന്നിവർ പ്രസംഗിച്ചു.

ഭാഷയിലും സാഹിത്യത്തിലും ആഴമാർന്ന ജ്ഞാനമുണ്ടായിരുന്ന സഖാവ് പത്മകുമാർ മനോഹരങ്ങളായ കവിതകളും വിപ്ലവഗാനങ്ങളുമെഴുതിയിരുന്നു. മഹിള സാംസ്കാരിക സംഘടനയുടെ മലയാളത്തിലെ ആമുഖഗാനം സഖാവ് പത്മകുമാർ രചിച്ചതായിരുന്നു. 'ഉണരൂ വധുക്കളെ... ഉണരൂ മാതാക്കളെ...' എന്നുതുടങ്ങുന്ന ഹൃദയസ്പർശിയായ ഗാനം എഐഎംഎസ്എസ് ഗായകസംഘം ആലപിച്ചു.

തുടർന്ന് എംസിപിഐ നേതാവ് സഖാവ് ശ്രീനിവാസദാസ്, ഗായകനും അദ്ധ്യാപകനുമായ ജയമോഹൻ, സഖാവ് പത്മകുമാറിന്റെ ബന്ധുക്കളെ പ്രതിനിധീകരിച്ച് ശ്രീ.അഖിൽ, സാഹിത്യകാരിയായ ശ്രീമതി ഇ.എൻ.ശ്രീലേഖ, വിളപ്പിൽശാല ജനകീയ സമിതി സെക്രട്ടറി ശ്രീ ഹരിറാം എന്നിവർ പ്രസംഗിച്ചു.

നല്ലൊരു സംഗീതാസ്വാദകനായ സഖാവ് പത്മകുമാറിന് വളരെ പ്രിയപ്പെട്ടതായിരുന്നു പുല്ലാങ്കുഴൽ വിദഗ്ധനായ ശ്രീ. കൃഷ്ണന്റെ ഓടക്കുഴൽ വായന. തനിക്കുണ്ടായ അഗാധദുഃഖം പങ്കുവച്ചുകൊണ്ട് കൃഷ്ണൻ ഒരു രാഗം ഓടക്കുഴലിലൂടെ വായിച്ചു. തുടർന്ന് പരിസ്ഥിതി പ്രവർത്തകനായ ശ്രീ.ആർ.അജയൻ, സഖാവ് പത്മകുമാറിന്റെ സഹപാഠിയും എൻജിഒ യൂണിയൻ നേതാവുമായിരുന്ന ശ്രീ.രാജഗോപാൽ എന്നിവർ സംസാരിച്ചു.

ആ ഉത്തമനായ വിപ്ലവകാരിയുടെ മാതൃകായോഗ്യമായ ജീവിതം ഒരു ദീപ്തസ്മരണയായി നിറഞ്ഞുനിന്ന അനുസ്മരണയോഗം സാർവ്വദേശീയ ഗാനാലാപനത്തോടെ അവസാനിച്ചു. സഖാവ് പത്മകുമാറിന്റെ വിയോഗം സൃഷ്ടിച്ച അഗാധനഷ്ടം നികത്താനായി കൂടുതലുയർന്ന സമരത്തിൽ ഏർപ്പെടേണ്ടതുണ്ടെന്ന തികഞ്ഞ ബോധ്യത്തോടെയാണ് യോഗം അവസാനിച്ചത്●




**അനുസ്മരണയോഗത്തിൽ സഖാവ് കെ.രാധാകൃഷ്ണ പ്രസംഗിക്കുന്നു. സഖാക്കൾ ജയ്സൺ ജോസഫ്, എ.രംഗസാമി, വി.വേണുഗോപാൽ, കെ.ശ്രീധർ എന്നിവരും ശ്രീ.എം.എഫ്.തോമസും മുൻനിരയിൽ**

# നഷ്ടം നികത്താൻ മുഴുവൻ സഖാക്കളും കൂട്ടായി യത്നിക്കണം

**കേന്ദ്രക്കമ്മിറ്റിയംഗം സഖാവ് കെ.രാധാകൃഷ്ണയുടെ അനുശോചന പ്രസംഗം**

സഖാവ് പത്മകുമാറിന് ആദരാഞ്ജലികൾ അർപ്പിക്കുവാനാണ് നാമിവിടെ ഒത്തുകൂടിയിരിക്കുന്നത്. ദുഃഖസാന്ദ്രമായ ഒരു അവസ്ഥയാണിത്. അദ്ദേഹം പാർട്ടിയുടെ സംസ്ഥാന സെക്രട്ടേറിയറ്റംഗമായിരുന്നു. വിവിധ മേഖലകളിൽ സജീവ നേതൃത്വമായിരുന്നു. അനവധി സംഘടനകളെ അദ്ദേഹം നയിക്കുന്നുണ്ടായിരുന്നു. ഓഫീസ് സെക്രട്ടറിയെന്ന നിലയിലും അദ്ദേഹത്തെ എനിക്കറിയാമായിരുന്നു. കേരള സംസ്ഥാനത്ത് വിപ്ലവപ്രസ്ഥാനം കെട്ടിപ്പടുക്കുന്നതിൽ വമ്പിച്ച ഉത്തരവാദിത്തങ്ങളാണ് അദ്ദേഹം വഹിച്ചത്.

സഖാക്കളെ, അനവധി വർഷങ്ങളായി സഖാവ് പത്മകുമാറിനെ എനിക്ക് നേരിട്ടറിയാം. വളരെ എളിമയും വിനയവുമുള്ളയാളായിരുന്നു അദ്ദേഹം. വിയോജിപ്പുള്ള വിഷയങ്ങളിൽ തന്റെ വാദങ്ങൾ ശക്തമായി അദ്ദേഹം ഉന്നയിക്കും. പക്ഷെ ഒരിക്കലും അന്ധമായി വാദിക്കില്ല. ഒരു മാർക്സിസ്റ്റ് എങ്ങനെ യുക്തിസഹമായി ചർച്ചകളിൽ ഏർപ്പെടേണ്ടതുണ്ടോ അത്തരത്തിൽ അദ്ദേഹം വാദിക്കുമായിരുന്നു. സഖാവ് ശിബ്ദാസ് ഘോഷിന്റെ കാര്യപ്രാപ്തിയുള്ള ശിഷ്യനായിരുന്നു അദ്ദേഹം.

തന്റെ വിദ്യാഭ്യാസ കാലഘട്ടത്തിൽ സഖാവ് ശിബ്ദാസ് ഘോഷ് ചിന്തകളിൽ ആകൃഷ്ടനായ അദ്ദേഹം മുഴുവൻസമയ പ്രവർത്തകനായി പാർട്ടിയിൽ ചേർന്നു. സ്വന്തമായ തൊഴിൽഭാവിയും കുടുംബജീവിതവുമെല്ലാം ഉപേക്ഷിച്ച് വിപ്ലവജീവിതത്തിലേക്ക് പ്രവേശിച്ചു. അന്നുമുതൽ കല്ലിന്മേൽ കല്ലുവെച്ച് നമ്മുടെ പാർട്ടി കെട്ടിപ്പടുക്കാൻ അദ്ദേഹം അവിരാമം പ്രവർത്തിക്കുകയായിരുന്നു.

കേരളത്തിലൊരു ശാസ്ത്രപ്രസ്ഥാനം കെട്ടിപ്പടുക്കാൻ എല്ലാവിധത്തിലും പരിശ്രമിച്ചു. ഡാർവിനെപ്പറ്റിയുള്ള ചർച്ചകളിലൂടെയും ഐൻസ്റ്റീനെപ്പറ്റിയുള്ള എഴുത്തുകളിലൂടെയും മറ്റനവധി പ്രവർത്തനങ്ങളിലൂടെയും ശാസ്ത്രപ്രസ്ഥാനത്തെ അദ്ദേഹം നയിച്ചു. സാംസ്കാരികപ്രസ്ഥാനവും സാഹിത്യപ്രസ്ഥാനവും അദ്ദേഹം കെട്ടിപ്പടുത്തു. വൈവിധ്യമാർന്ന ഉത്തരവാദിത്തങ്ങൾ അദ്ദേഹം കൈയാളി.

സഖാക്കളെ, എന്തൊരു ഭീഷണമായ സാഹചര്യത്തിലൂടെയാണ് നാം കടന്നുപൊയ്ക്കൊണ്ടിരിക്കുന്നതെന്ന് ഓർക്കണം. നരേന്ദ്രമോദിയുടെ നേതൃത്വത്തിൽ ബിജെപി അധികാരത്തിലെത്തിയ ഉടൻതന്നെ ശാസ്ത്രത്തിന്റെ മേഖലയിൽ വമ്പിച്ച ആക്രമണമാണ് വന്നുകൊണ്ടിരിക്കുന്നത്. പുരാതന ഇന്ത്യയിലെ ശാസ്ത്രത്തെ സംബന്ധിച്ച് കെട്ടിച്ചമച്ച കഥകൾ പ്രചരിപ്പിക്കുകയാണ്. ചൊവ്വയിലേക്ക് പറക്കാനാകുന്ന വിമാനങ്ങളുണ്ടായിരുന്നുവെന്നും പ്ലാസ്റ്റിക് സർജറിയുണ്ടായിരുന്നുവെന്നുമൊക്കെ തട്ടിവിടുകയാണ്. ഡാർവിന് തെറ്റുപറ്റിയെന്നും ഐൻസ്റ്റീന്റെ സിദ്ധാന്തങ്ങളെക്കാൾ മികച്ച ഫോർമുലകൾ വേദങ്ങളിലുണ്ടായിരുന്നുവെന്നും സ്റ്റീഫൻ ഹോക്കിംഗ് വേദങ്ങളെ പുകഴ്ത്തിയെന്നും മറ്റുമുള്ള വാദങ്ങൾ അവർ ഉയർത്തുകയാണ്. ചരിത്രത്തെയും ശാസ്ത്രീയ വസ്തുതകളെയും വളച്ചൊടിച്ച് അന്ധവിശ്വാസവും ശാസ്ത്രവിരുദ്ധതയും വളർത്തുകയാണ്. നമ്മുടെ പാർട്ടിയുടെ ഗുരുവും മാർഗ്ഗദർശിയുമായ സഖാവ് ശിബ്ദാസ് ഘോഷ് പഠിപ്പിച്ചതുപോലെ ശാസ്ത്രത്തിന്റെ സാങ്കേതികവശവും ആത്മീയതയും കൂട്ടിക്കലർത്തി ഫാസിസത്തിന് അടിത്തറപാകുകയാണ്. ഈയൊരു സാഹചര്യത്തിൽ സഖാവ് പത്മകുമാറിന്റെ അഭാവം വല്ലാതെ അനുഭവപ്പെടുമെന്നത് തീർച്ചയാണ്.

നമ്മുടെ പാർട്ടിയുടെ കേന്ദ്രക്കമ്മിറ്റിയംഗവും ബംഗാളിലെ മന്ത്രിയുമായിരുന്ന സഖാവ് സുബോധ് ബാനർജി അന്തരിച്ചപ്പോൾ പ്രിയങ്കരനായ ആ സഖാവിനെ അനുസ്മരിച്ചുകൊണ്ട് സഖാവ് ശിബ്ദാസ് ഘോഷ് പറഞ്ഞു, വിപ്ലവകാരികളെ സംബന്ധിച്ച് പ്രിയപ്പെട്ട സഖാക്കളുടെ വേർപാടിലുള്ള ദുഃഖത്തിന് ഒരേയൊരു അർത്ഥമേയുള്ളു. ദുഃഖത്തെ വിപ്ലവ നിശ്ചയദാർഢ്യമാക്കി മാറ്റുക എന്നുള്ളതാണത്. കേരളത്തിലെ മുഴുവൻ സഖാക്കളും ഒരൊറ്റ മനുഷ്യനെപ്പോലെ നിലയുറപ്പിക്കേണ്ടതുണ്ട്. സഖാവ് പത്മകുമാറിന്റെ വിയോഗം നികത്താനുള്ള യത്നം കൂട്ടായി നടത്തേണ്ടതുണ്ട്. അത്തരത്തിലാണ് സഖാവ് പത്മകുമാറിനോടുള്ള നമ്മുടെ ആദരാഞ്ജലികൾ അർപ്പിക്കേണ്ടത്.

സഖാവ് ജി.എസ്.പത്മകുമാറിന് ലാൽസലാം,
മഹാനായ മാർക്സിസ്റ്റ് ദാർശനികൻ സഖാവ് ശിബ്ദാസ് ഘോഷിന് ലാൽസലാം,
മുതലാളിത്തവിരുദ്ധ സോഷ്യലിസ്റ്റ് വിപ്ലവം നീണാൾവാഴട്ടെ.

# ജീവിതത്തിന്റെ നാനാതുറകളിലുള്ളവർ അനുസ്മരിച്ചു

## കേന്ദ്രസ്റ്റാഫും ആന്ധ്ര-തെലങ്കാന സംസ്ഥാന സെക്രട്ടറിയുമായ സഖാവ് കെ.ശ്രീധർ നടത്തിയ അനുശോചനപ്രസംഗം

സഖാവ് ജി.എസ്.പത്മകുമാറിന്റെ വിയോഗംവഴി വിപ്ലവപ്രസ്ഥാനത്തിന് അളവില്ലാത്ത നഷ്ടം സംഭവിച്ചിരിക്കുകയാണ്. അദ്ദേഹം സ്വീകരിച്ച വിപ്ലവപാതയിലൂടെ സഞ്ചരിച്ചും അദ്ദേഹം ഏറ്റെടുത്ത പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തിക്കൊണ്ടും അദ്ദേഹത്തിന്റെ പ്രിയപ്പെട്ട സഖാക്കളാണ് ആ നഷ്ടം നികത്തേണ്ടത്. ഈ യുഗത്തിലെ സമുന്നത മാർക്സിസ്റ്റ് ദാർശനികനായ സഖാവ് ശിബ്ദാസ് ഘോഷ് കാട്ടിയ പാതയായിരുന്നു അദ്ദേഹം സ്വീകരിച്ചത്. മുതലാളിത്ത ചൂഷണത്തിൽനിന്നും അടിച്ചമർത്തലിൽനിന്നുമുള്ള മനുഷ്യന്റെ വിമോചനത്തിനുവേണ്ടിയും സോഷ്യലിസ്റ്റ് വിപ്ലവം സാദ്ധ്യമാക്കുന്നതിനുവേണ്ടിയും അദ്ദേഹത്തിന്റെ ജീവിതം പൂർണ്ണമായി സമർപ്പിച്ചു. അദ്ദേഹത്തിന്റെ നിരന്തരമായ പ്രവർത്തനത്തെയും സൗമ്യമായ പെരുമാറ്റത്തെയും ആഴമാർന്ന ചിന്തയെയും ബൗദ്ധികപ്രവർത്തനങ്ങളെയും വിസ്മരിക്കരുത്. ആ ഗുണങ്ങളെ പിന്തുടരണം. കേരളത്തിലെ പാർട്ടി സംഘടനയുടെ ഒരു നെടുംതൂണായിരുന്ന അദ്ദേഹത്തിന് വിപ്ലവാദരവുകൾ അർപ്പിക്കുന്നു. സഖാവ് ജി.എസ്.പത്മകുമാറിന് ലാൽസലാം.

## തമിഴ്നാട് സംസ്ഥാന സംഘാടക കമ്മിറ്റി സെക്രട്ടറി സഖാവ് എ.രംഗസാമിയുടെ അനുസ്മരണ പ്രസംഗം

സഖാവ് ജി.എസ്.പത്മകുമാർ ഇപ്പോൾ നമ്മോടൊപ്പമില്ല. തമിഴ്നാട് സംസ്ഥാന കമ്മിറ്റിയുടെ യോഗത്തിനിടയിലാണ് ഈ ഖേദകരമായ വാർത്ത കേൾക്കുന്നത്. എനിക്കും തമിഴ്നാട്ടിലെ എല്ലാ സഖാക്കൾക്കും അത് ഒരു കനത്ത ആഘാതമായിരുന്നു. ഉടനെ തന്നെ യോഗം സഖാവിന് ആദരാഞ്ജലികൾ അർപ്പിച്ചു. പത്രങ്ങൾക്ക് വാർത്തയും അയച്ചു. നമ്മുടെ ഏതൊരാളുടെയും ജീവിതത്തിൽ മരണം അനിവാര്യമാണ്. എന്നാൽ അകാല മരണം എന്നത് വളരെ വേദനാകരമാണ്. ഇത്തരം അകാലമരണങ്ങളാകട്ടെ നമ്മുടെ പാർട്ടിയുടെയും സഖാക്കളുടെയും വളർച്ചയെയും വികാസത്തെയും പലവിധത്തിലും ഗുരുതരമായി ബാധിക്കുന്നവയുമാണ്.

ചില സഖാക്കൾക്ക് ഉത്തരവാദിത്തങ്ങൾ കൂടുതലുണ്ടാകാം. വിശ്രമിക്കാതെ, ഭക്ഷണം കഴിക്കാതെ ഉത്തരവാദിത്തങ്ങൾ അധികമധികം ഏറ്റെടുത്ത് ചെയ്യുന്നതും ഇത്തരം ദുരന്തങ്ങളിലേയ്ക്ക് നയിക്കുന്നതിന് ഒരു കാരണമാകാറുണ്ട്. നമ്മുടെ ഈ ശരീരം സമൂഹത്തിന്റെയും പാർട്ടിയുടെയും സ്വത്താണ്. അവനവന് സ്വന്തമല്ല. ആ ശരീരത്തെ നാം സംരക്ഷിക്കാനായി ശ്രദ്ധിക്കണം. വിപ്ലവത്തിനായി ധാരാളം ആരോഗ്യമുള്ള യുവാക്കളെ ആവശ്യമുണ്ട്. അത്തരം സഖാക്കളുടെ വേർപാട് നമുക്ക് താങ്ങാൻ കഴിയില്ല.

ഇന്ന് ഓരോ സഖാവും കൂടുതൽ ഉത്തരവാദിത്തങ്ങൾ ഏറ്റെടുക്കേണ്ടിവന്നിരിക്കുന്നു. ആ സാഹചര്യത്തെ ധൈര്യപൂർവ്വം നേരിടാൻ നമുക്ക് കഴിയണം.

ബ്രേക്ത്രൂ, സാംസ്കാരികരംഗം, വിവിധ ജനകീയ സമരസമിതികൾ അങ്ങനെ നിരവധി രംഗങ്ങളിൽ സഖാവ് പത്മകുമാറിന്റെ ഇടപെടലുണ്ടായിട്ടുണ്ട്. കേരളത്തിൽ അദ്ദേഹത്തിന്റെ പാദസ്പർശം ഏൽക്കാത്ത സ്ഥലങ്ങൾ ഇല്ലെന്നാണ് ഞാൻ കരുതുന്നത്. അദ്ദേഹത്തിന്റെ മുഴുവൻ സമയവും വിപ്ലവത്തിനുവേണ്ടി സമർപ്പിച്ചു. ഓരോ സഖാവിന്റെയും മനസ്സിൽ അദ്ദേഹം ആഴത്തിലുള്ള ഒരു സ്ഥാനം കൈവരിച്ചു. അറിവാർജ്ജിക്കാനും ആ അറിവ് സഖാക്കളുടെയും ജനങ്ങളുടെയും അടുത്തെത്തിക്കുവാനും വിപ്ലവജീവിതത്തിന്റെ യഥാർത്ഥ മാതൃകയായി മാറാനുമുള്ള അദ്ദേഹത്തിന്റെ സമരം ഏവർക്കും മാതൃകാപരമാണ്. നാം ഏവരും അത് ഏറ്റെടുക്കണം. അദ്ദേഹത്തിന്റെ വിയോഗം സൃഷ്ടിച്ച വിടവ് നികത്താനായി നാം ഒറ്റക്കെട്ടായി നിലകൊള്ളണം.

സഖാവ് ജി.എസ്.പത്മകുമാറിന് ലാൽസലാം.

## എം.എഫ്. തോമസ്

ചലച്ചിത്ര നിരൂപകൻ

അടുത്ത കാലത്തൊന്നും എന്നെ ഇത്രയേറെ ദുഃഖിപ്പിച്ച ഒരു മരണത്തിന് സാക്ഷിയാകേണ്ടിവന്നിട്ടില്ല. അത്രയേറെ ആദരിക്കപ്പെടുകയും സ്നേഹിക്കപ്പെടുകയും ചെയ്തിരുന്നു സഖാവ് ജി.എസ്.പത്മകുമാർ എന്ന് അന്ത്യദർശനത്തിന് വച്ചപ്പോഴാണ് ഞാൻ നേരിട്ട് മനസ്സിലാക്കിയത്. ഹൃദയഭേദകമായ രംഗങ്ങൾ. ജീവിതത്തിന്റെ നാനാതുറകളിലെ ആളുകൾ, ബ്രേക്ക്ത്രൂവിലെ പ്രവർത്തകർ, കുട്ടികൾ, പാർട്ടി പ്രവർത്തകർ, നേതാക്കൾ, രാഷ്ട്രീയക്കാർ, ബംഗാളിലെ സഹപ്രവർത്തകർ എന്നിവർ ഔപചാരികമായ അന്ത്യയാത്രയല്ല അവിടെ നൽകിയത്. ആത്മാർത്ഥമായ, ഹൃദയത്തിൽനിന്നുയിർക്കൊണ്ട വികാരമാണ് അവിടെ അണപൊട്ടിയൊഴുകിയത്. ഈ മനുഷ്യൻ ഇത്രയേറെ സ്നേഹിക്കപ്പെട്ടിരുന്നു എന്ന് ഇപ്പോഴാണ് ഞാൻ മനസ്സിലാക്കുന്നത്. തിരുവനന്തപുരം ബാനർ ഫിലിം സൊസൈറ്റിയെ സംബന്ധിച്ചിടത്തോളം, അതിന്റെ ഒരു പ്രവർത്തകനായ എന്നെ സംബന്ധിച്ചിടത്തോളം ഞങ്ങളുടെ മാതൃസംഘടനയായ ബാനർ സാംസ്കാരിക സമിതിയുടെ നേതാവായിരുന്നു അദ്ദേഹം. ബേക്കറി ജംഗ്ഷനിലുള്ള ഈശ്വരചന്ദ്രവിദ്യാസാഗർ സാംസ്കാരിക നിലയത്തിൽ ബാനർ ഫിലിം സൊസൈറ്റിക്ക് ഒരിടം ഏർപ്പാടാക്കി തന്നത് പത്മകുമാറാണ്. ശാസ്ത്രരംഗത്തെ മഹാരഥന്മാരുടെ ജീവിതം അവതരിപ്പിക്കുന്ന സിനിമകൾ ബാനർ ഫിലിം സൊസൈറ്റി പ്രദർശിപ്പിച്ചപ്പോൾ അവിടെ പ്രഭാഷണം നടത്താനെത്തിയത് ജി.എസ്.പത്മകുമാറായിരുന്നു. കമ്മ്യൂണിസം ആത്യന്തികമായി മനുഷ്യസ്നേഹമാണ് എന്ന് പത്മകുമാർ നമ്മെ ഓർമ്മപ്പെടുത്തുന്നു. ധാർഷ്ട്യവും അഹങ്കാരവും അഹന്തയും വെറുപ്പും നോക്കിലും വാക്കിലും മാത്രമല്ല ശരീരഭാഷയിൽപ്പോലും പൊട്ടിയൊലിച്ചു പുറത്തുചാടുന്ന കള്ളക്കമ്മ്യൂണിസ്റ്റുകൾ അരങ്ങുവാഴുമ്പോൾ പത്മകുമാറിനെപ്പോലെയുള്ളവരുടെ ഓർമ്മ ഉയർത്തിപ്പിടിക്കുന്നതിൽ ഞാൻ അഭിമാനം കൊള്ളുന്നു. ദീപ്തമായ ആ സ്മരണകൾക്കുമുന്നിൽ ആദരാഞ്ജലികൾ അർപ്പിച്ചുകൊണ്ട് നിർത്തുന്നു.

## കുരീപ്പുഴ ശ്രീകുമാർ

കവി

കൊല്ലത്തെ രാഷ്ട്രീയ സാംസ്കാരിക രംഗങ്ങളിൽ സജീവസാന്നിദ്ധ്യമായിരുന്നു സഖാവ് ജിഎസ് പത്മകുമാർ. കേവല രാഷ്ട്രീയക്കാരനുമപ്പുറം പരന്ന വായനയും വിശകലനപാടവവും അദ്ദേഹത്തിന്റെ സവിശേഷതയായിരുന്നു. സമരരംഗങ്ങളിൽ എക്കാലവും മുൻനിരയിൽ ഉണ്ടായിരുന്ന സഖാവ് പത്മകുമാറിന്റെ വേർപാട് തീരാനഷ്ടമാണ്. വസന്തത്തെ സ്വപ്നം കാണുകയും നിരവധി സസ്യങ്ങൾ വച്ചുപിടിപ്പുക്കുകയും ചെയ്ത സഖാവിന്റെ ഓർമ്മയ്ക്കുമുന്നിൽ ശിരസ്സ് നമിക്കുന്നു.

## ഡോ.കെ.ബാബു ജോസഫ്

കുസാറ്റ് മുൻ വിസി

ബ്രേക്ക് ത്രൂ സയൻസ് സൊസൈറ്റി എന്ന ശാസ്ത്ര പ്രസ്ഥാനത്തിന് കേരളത്തിൽ വർഷങ്ങളോളം നേതൃത്വം നൽകിയ ജി.എസ് . പത്മകുമാർ എന്ന ചടുലമായ വ്യക്തിത്വത്തിന്നുടമയെ ഞാൻ ഓർക്കുന്നു. പത്മകുമാറിന് ആദരാഞ്ജലികൾ അറിയിക്കുന്നു.

## ഡോ. എം.സുബ്രമണിയുടെ അനുശോചന സന്ദേശം

അത്യധികമായ വേദനയുടെ ഈ സന്ദർഭത്തിൽ അവിടെ എത്തിച്ചേരാനാകുന്നില്ലെങ്കിലും മനസ്സുകൊണ്ട് തീർച്ചയായും ഞാൻ നിങ്ങളോടൊപ്പമുണ്ട്. ശാരീരികമായി പപ്പൻ സഖാവ് നമ്മെ വിട്ടു പിരിഞ്ഞിരിക്കുന്നു എന്നത് ശരിതന്നെ. പക്ഷെ നാം ഓരോരുത്തരിലും അദ്ദേഹം നിറഞ്ഞ സാന്നിദ്ധ്യമാണ്. പപ്പൻ സഖാവിനെക്കുറിച്ചുള്ള വികാരവിചാരങ്ങൾ എക്കാലവും നമ്മോടൊപ്പമുണ്ടാകും. കാരണം നമുക്കേവർക്കും അദ്ദേഹം അത്രമേൽ പ്രിയപ്പെട്ടവനായിരുന്നു.

സമൂഹത്തിന്റെ വിപ്ലവകരമായ പരിവർത്തനം എന്ന കടമ പൂർത്തീകരിക്കുന്നതിനുള്ള സമരം മുന്നോട്ടുകൊണ്ടുപോകുന്നതിൽ അദ്ദേഹം അചഞ്ചലനും നിർഭയനുമായി നിലകൊണ്ടു. ഈ ബൃഹത്തായ ഉത്തരവാദിത്തം നിർവ്വഹിക്കുന്നതിനാവശ്യമായ അടിത്തറകളും തൂണുകളും നിർമ്മിച്ചെടുക്കുന്നതിൽ അദ്ദേഹം സവിശേഷമായ പങ്കുവഹിച്ചു. ഏറ്റെടുത്തു നിർവ്വഹിച്ചുപോന്ന പാർട്ടി ഉത്തരവാദിത്തങ്ങൾക്കു പുറമേ ബ്രേക് ത്രൂ സയൻസ് സൊസൈറ്റി, ആന്റി ഇംപീരിയലിസ്റ്റ് ഫോറം, സേവ് എജ്യൂക്കേഷൻ കമ്മിറ്റി തുടങ്ങിയ പ്രസ്ഥാനങ്ങൾക്ക് അടിത്തറ പാകുന്നതിലും അദ്ദേഹം ഗണ്യമായ പങ്കുവഹിച്ചു. മനുഷ്യൻ മനുഷ്യനെ ചൂഷണം ചെയ്യാത്ത, സമത്വവും നീതിയും പുലർന്നുപോരുന്ന ഒരു സമൂഹം സൃഷ്ടിച്ചെടുക്കാൻ, സമൂഹത്തിന്റെ വിപ്ലവകരമായ പരിവർത്തനത്തിനായുള്ള പ്രയത്നത്തിൽ അദ്ദേഹം സർവ്വാത്മനാ മുഴുകി.

പപ്പൻ സഖാവിന്റെ ജീവിതസമരം, പാർട്ടി കെട്ടിപ്പടുക്കുവാൻ അദ്ദേഹം നടത്തിയ അക്ഷീണവും തീവ്രവുമായ പ്രവർത്തനങ്ങൾ എല്ലാം



കേരള സംസ്ഥാന ജനകീയ പ്രതിരോധ സമിതിയുടെയും വിവിധ ജനകീയ – സമര– സാമൂഹിക സംഘടനകളുടെയും ആഭിമുഖ്യത്തിൽ എറണാകുളം ശിക്ഷക് സദനിൽ നടന്ന ജി എസ് പത്മകുമാർ അനുസ്മരണ സമ്മേളനത്തിൽ പ്രൊഫ. കെ.അരവിന്ദാക്ഷൻ പ്രസംഗിക്കുന്നു. ടി.കെ.സുധീർകുമാർ, ഡോ. ഗോഡ്ഫ്രെ ലൂയിസ്, ഡോ.വിൻസന്റ് മാളിയേക്കൽ, പ്രൊഫ. സൂസൻ ജോൺ, പ്രൊഫ. പി.എൻ.തങ്കച്ചൻ, സി.രാമചന്ദ്രൻ, ഡോ.പി.എസ്. ബാബു, ഹാഷിം ചേന്ദാമ്പിള്ളി, കെ.കെ.ഗോപിനായർ, പ്രൊഫ. ഫ്രാൻസിസ് കളത്തുങ്കൽ, ഇ.കെ.മുരളി, എസ്. രാജീവൻ, പി.സി.ജോളി, എൻ.ആർ. മോഹൻകുമാർ, കെ. ബി. സത്യൻ മാസ്റ്റർ, വർഗ്ഗീസുകുട്ടി ചെല്ലാനം തുടങ്ങിയവരും പ്രസംഗിച്ചു.

സഖാക്കൾക്ക് പ്രചോദനമാകും എന്നെനിക്കുറപ്പുണ്ട്. പപ്പനെ പരിചയപ്പെടുവാനും ഒരിക്കലെങ്കിലും കാണുവാനും അവസരം ലഭിച്ചിട്ടുള്ളവർക്ക് അദ്ദേഹം ചിരസ്മരണീയനായിരിക്കും എന്നെനിക്കുറപ്പുണ്ട്. അതിലൊരാളാകാൻ എനിക്കും അവസരം ലഭിച്ചിട്ടുണ്ട് എന്നതിൽ ചാരിതാർത്ഥ്യമുണ്ട്. പപ്പന്റെ നേർത്ത പുഞ്ചിരിയിലും പൊട്ടിച്ചിരിയിലും ഒളിഞ്ഞിരിക്കുന്ന സാരസമ്പുഷ്ടമായ നർമ്മബോധവും ഇത്തരുണത്തിൽ ഞാൻ ഓർത്തുപോകുന്നു.

യൂണിവേഴ്സിറ്റി കോളജിൽ ഡിഗ്രി വിദ്യാർത്ഥിയായിരുന്ന കാലത്താണ് ഞാൻ ആദ്യമായി പപ്പനെ കാണുകയും പരിചയപ്പെടുകയും ചെയ്യുന്നത്. അടിയന്തരാവസ്ഥ പിൻവലിക്കപ്പെട്ടിട്ട് കേവലം രണ്ടുവർഷങ്ങൾ പിന്നിട്ടിട്ടേ ഉണ്ടായിരുന്നുള്ളൂ. എഴുപതുകളിലെ കലാലയാന്തരീക്ഷം ഇന്നത്തേതിൽനിന്നും എത്രയോ വ്യത്യസ്തമായിരുന്നുവെന്ന് ഇവിടെയിരിക്കുന്ന വിദ്യാർത്ഥികൾക്ക് മനസ്സിലാകണം എന്നില്ല. ചടുലവും ചലനാത്മകവുമായിരുന്നു അന്തരീക്ഷം. സാമൂഹ്യ സാംസ്കാരിക വിഷയങ്ങളെക്കുറിച്ചുള്ള ചർച്ചകൾ, സാഹിത്യസംവാദങ്ങൾ, പദ്യപാരായണങ്ങൾ, കഥാപ്രസംഗങ്ങൾ, ഗാനമേളകൾ തുടങ്ങി അദ്ധ്യാപകരും വിദ്യാർത്ഥികളും പലപ്പോഴും പൊതുസമൂഹംപോലും ഇടപെട്ടിട്ടുള്ള ചർച്ചകളാൽ മുഖരിതമായിരുന്നു സദാ കലാലയാന്തരീക്ഷം.

പഠനത്തിലും അനുബന്ധ കാര്യങ്ങളിലും മാത്രം ശ്രദ്ധ കേന്ദ്രീകരിച്ച് തങ്ങൾക്ക് ലഭിക്കാനിരിക്കുന്ന ഗ്രേഡുകളെക്കുറിച്ചും പഠനാനന്തരം ലഭിക്കുന്ന ജോലി, ഭാവിജീവിതം തുടങ്ങിയവയെക്കുറിച്ചും മാത്രം ചിന്തിക്കുകയും സ്വപ്നം കാണുകയും ചെയ്യുന്നവർ എല്ലാ കലാലയങ്ങളിലും സർവ്വകലാശാലകളിലും ഉണ്ട്. എന്നാൽ അക്കാലത്ത് അത്തരക്കാരുടെ എണ്ണം തുലോം പരിമിതമായിരുന്നു. പപ്പൻ തീർച്ചയായും അക്കൂട്ടത്തിൽപെടുമായിരുന്നില്ല. ഒരു ശാസ്ത്രവിദ്യാർത്ഥിയായിരിക്കുമ്പോഴും പപ്പന്റെ താൽപര്യങ്ങൾ അതും കടന്ന് സാഹിത്യ ചരിത്ര മേഖലകളിൽ വിഹരിച്ചിരുന്നു.

വിദ്യാഭ്യാസവുമായി ബന്ധപ്പെട്ട വിഷയങ്ങൾക്കുപുറമേ അക്കാലത്ത് സാമൂഹ്യ രാഷ്ട്രീയ വിഷയങ്ങളിലും വിദ്യാർത്ഥികൾ സജീവമായി ഇടപെട്ടിരുന്നു, പ്രതികരിച്ചിരുന്നു, പ്രതിഷേധിച്ചിരുന്നു. തീവ്ര ഇടതുപക്ഷ പ്രസ്ഥാനങ്ങൾ മുതൽ വലതു പിന്തിരിപ്പൻ പ്രസ്ഥാനങ്ങൾവരെ ക്യാമ്പസ്സിൽ സജീവമായിരുന്നു. ഇങ്ങനെ അത്യധികം ചലനാത്മകമായിരുന്ന കലാലയാന്തരീക്ഷത്തിൽ ഈ ചർച്ചകളിലെയെല്ലാം സജീവസാന്നിദ്ധ്യമായിരുന്നു പപ്പൻ. ക്രമേണ കലാ സാഹിത്യ സംവാദങ്ങൾക്കുമപ്പുറത്ത് പപ്പനും ഏതാനും വരുന്ന വിദ്യാർത്ഥികളും എഐഡിഎസ്ഒ എന്ന വിദ്യാർത്ഥി സംഘടനയുടെ പ്രവർത്തനം ഏറ്റെടുത്ത് മുന്നോട്ടുവന്നു. 1948ൽ രൂപം കൊണ്ട ഇന്ത്യയിലെ യഥാർത്ഥ കമ്മ്യൂണിസ്റ്റ് പാർട്ടിയായ എസ് യുസിഐയുടെ വിദ്യാർത്ഥി സംഘടനയാണ് എഐഡിഎസ്ഒ.

വളരെ പെട്ടെന്നുതന്നെ യൂണിവേഴ്സിറ്റി കോളജിൽ എഐഡിഎസ്ഒ ശക്തമായ ഒരു പ്രസ്ഥാനമായി മാറി. കോളജ് തെരഞ്ഞെടുപ്പിൽ മത്സരിക്കുകയും ചെയ്തു. എഐഡിഎസ്ഒയുടെ സംഘാടനം അത്ര എളുപ്പമായിരുന്നില്ല. എസ്എഫ്ഐ, എഐഎസ്എഫ്, കെഎസ്‌യു, എബിവിപി തുടങ്ങിയ വിദ്യാർത്ഥി സംഘടനകളുടെ ഭാഗത്തുനിന്ന് നിരന്തരം ഉണ്ടായിക്കൊണ്ടിരുന്ന കായികാക്രമണം അടക്കം നിരവധി വൈതരണികളെ നേരിടേണ്ടിവന്നിരുന്നു പപ്പനും കൂട്ടർക്കും.

എന്നാൽ കൂടുതൽ ഗൗരവത്തോടെ രാഷ്ട്രീയ വിഷയങ്ങളെ സമീപിച്ചുതുടങ്ങിയ പപ്പൻ എസ് യുസിഐ തിരുവന്തപുരം ജില്ലാ കമ്മിറ്റിയുടെ മുൻകൈയിൽ നടന്നുവന്നിരുന്ന പാർട്ടി ചർച്ചകളിലും ക്രമേണ സ്ഥിര സാന്നിദ്ധ്യമായി. സഖാവ് ശിബ്ദാസ് ഘോഷ് ചിന്തകളാൽ ഹഠാദാകർഷിക്കപ്പെട്ട പപ്പൻ നേമം, പ്രാവച്ചമ്പലം, തിരുവനന്തപുരം നഗര പരിസരങ്ങൾ തുടങ്ങി നിരവധി സ്ഥലങ്ങളിൽ തൽപരരെ കണ്ടെ

(ശേഷം 7–ാം പേജിൽ)

# മഹത്തായ മേയ്ദിനം സമുചിതം ആചരിച്ചു

തൊഴിലാളിവർഗ്ഗത്തിന്റെ സാർവ്വദേശീയ ഐക്യദാർഢ്യം വിളംബരം ചെയ്യുന്ന മഹത്തായ മേയ്ദിനത്തിന്റെ 132-ാം വാർഷികം, എഐയുറ്റിയുസിയുടെയും എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) പാർട്ടിയുടെയും നേതൃത്വത്തിൽ സംസ്ഥാനത്ത് സമുചിതം ആചരിച്ചു.

ജോലിസമയം 8 മണിക്കൂറായി നിജപ്പെടുത്തണമെന്ന മുഖ്യ ഡിമാന്റുയർത്തി 1886-ൽ അമേരിക്കയിലെ ചിക്കാഗോയിൽ നടന്ന ഐതിഹാസിക സമരത്തിനുനേരെ ഉണ്ടായ നിഷ്ഠൂര വെടിവെപ്പിനെയും, അതിനെത്തുടർന്ന് കള്ളക്കേസ്സു ചുമത്തി 4 സമരനേതാക്കളെ തൂക്കിലേറ്റിയതിനെയും അനുസ്മരിക്കുന്ന മേയ് ദിനം എന്നും ലോകമെങ്ങുമുള്ള തൊഴിലാളിവർഗ്ഗ പോരാട്ടങ്ങൾക്ക് ഊർജ്ജം പകരുന്നതാണ്. തൊഴിലാളികൾ നേടിയ ഓരോ അവകാശങ്ങളും ആരും ഔദാര്യമായി തന്നതല്ലെന്നും, ഇഞ്ചോടിഞ്ച് പൊരുതിക്കൊണ്ടും നിരവധി ജീവൻ ബലിയർപ്പിച്ചുകൊണ്ടും നേടിയെടുത്താണെന്നും ഓർമ്മപ്പെടുത്തുന്നതു കൂടിയാണ് മേയ്ദിനം. മേയ്ദിന പ്രക്ഷോഭണം നേടിയെടുത്ത് സ്ഥാപിച്ച ഡിമാന്റുപോലും സംരക്ഷിക്കാൻ കടുത്ത സമരങ്ങൾ ആവശ്യമായിരിക്കുന്ന ലോകസാഹചര്യമാണിന്നുള്ളത്.

നമ്മുടെ രാജ്യത്ത് ട്രേഡ് യൂണിയൻ ആക്ട്, ഫാക്ടറീസ് ആക്ട്, തൊഴിൽ തർക്ക നിയമം, ഇഎസ്ഐ നിയമം, വർക്ക്മെൻസ് കോമ്പൻസേഷൻ ആക്ട്, പി.എഫ് നിയമം തുടങ്ങിയ അടിസ്ഥാന നിയമങ്ങളെപ്പോലും അട്ടിമറിയ്ക്കാനാണ് കേന്ദ്രസർക്കാർ നീക്കം. ഏറ്റവും ഒടുവിലായി സ്ഥിരംതൊഴിൽ എന്ന സങ്കൽപ്പത്തെപ്പോലും ഇല്ലാതാക്കി 1946 ലെ വ്യാവസായിക തൊഴിൽ (സ്റ്റാന്റിംഗ് ഓർഡർ) ചട്ടങ്ങളിൽ ഭേദഗതി വരുത്തിക്കൊണ്ടുള്ള വിജ്ഞാപനം ഇറക്കിയിരിക്കുന്നു.

കേരളത്തിലും തൊഴിൽ മേഖല പ്രശ്നകലുഷിതമാണ്. നഴ്സിംഗ്മേഖല, അൺഎയ്ഡഡ് സ്കൂളുകൾ, പീടിക തൊഴിലാളികൾ, നിർമ്മാണത്തൊഴിലാളികൾ, ഗാർഹിക തൊഴിലാളികൾ തുടങ്ങി നിരവധി തൊഴിൽമേഖലകളിൽ പ്രതിസന്ധി രൂക്ഷമാണ്. പൊതുമേഖലയും പരമ്പരാഗത രംഗവും പ്രതിസന്ധി മൂലം തകർച്ചയെ നേരിടുകയാണ്. അതോടൊപ്പം ചുമട്ടുതൊഴിലാളികളെ ജയിലിലടക്കാൻ പാകത്തിൽ നിയമഭേദഗതി കൊണ്ടുവന്നിരിക്കുകയാണ് സംസ്ഥാന സർക്കാർ.




തിരുവനന്തപുരത്ത് മേയ് ദിന റാലി എഐയുടിയുസി സംസ്ഥാന സെക്രട്ടറി സഖാവ് വി.കെ.സദാനന്ദൻ ഉദ്ഘാടനം ചെയ്യുന്നു

തിരുവനന്തപുരം നഗരത്തിൽ എഐയുറ്റിയുസി, കെഎസ്ഇബി-പിസിസി ലൈൻ വർക്കേഴ്സ് യൂണിയൻ, കേരളാ കൺസ്ട്രക്ഷൻ വർക്കേഴ്സ് യൂണിയൻ എന്നിവയുടെ സംയുക്താഭിമുഖ്യത്തിൽ മെയ്ദിന റാലിയും യോഗവും നടന്നു. എഐയുറ്റിയുസി ജില്ലാ സെക്രട്ടറി സഖാവ് ഡി. ഹരികൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നടന്ന യോഗം സംസ്ഥാന സെക്രട്ടറി സഖാവ് വി.കെ.സദാനന്ദൻ ഉദ്ഘാടനം ചെയ്തു.

കൊല്ലം ടൗണിൽ സിഐറ്റിയു, എഐറ്റിയുസി, എഐയുറ്റിയുസി, റ്റിയുസിഐ എന്നിവയുടെ സംയുക്താഭിമുഖ്യത്തിൽ മെയ്ദിന റാലി നടന്നു. എഐയുറ്റിയുസിയെ പ്രതിനിധീകരിച്ച് ജില്ലാ പ്രസിഡണ്ട് സഖാവ് എസ്.രാധാകൃഷ്ണൻ പ്രസംഗിച്ചു. ജില്ലാ സെക്രട്ടറി ബി.വിനോദ് തുടങ്ങിയവർ റാലിക്ക് നേതൃത്വം നൽകി. സിഐറ്റിയു, എഐറ്റിയുസി, എഐയുറ്റിയുസി എന്നീ യൂണിയനുകൾ സംയുക്തമായി അഞ്ചൽ ടൗണിലും മെയ് ദിന റാലിയും യോഗവും നടത്തി.

പത്തനംതിട്ട ടൗണിൽ എഐയുറ്റിയുസിയുടെയും എസ്‌യുസിഐ (സി)യുടെയും നേതൃത്വത്തിൽ മെയ് ദിന റാലി നടന്നു. എഐയുറ്റിയുസി ജില്ലാ സെക്രട്ടറി സഖാവ് കെ.ജി.അനിൽകുമാറിന്റെ അദ്ധ്യക്ഷതയിൽ നടന്ന യോഗം എസ്‌യുസിഐ(സി) ജില്ലാ സെക്രട്ടറി സഖാവ് എസ്.രാജീവൻ ഉദ്ഘാടനം ചെയ്തു.

ആലപ്പുഴ ടൗണിൽ നടന്ന മെയ്ദിന റാലിയിൽ എഐയുറ്റിയുസി ജില്ലാസെക്രട്ടറി സ. പി.ആർ.സതീശന്റെ അധ്യക്ഷത വഹിച്ചു. ജില്ലാ പ്രസിഡണ്ട് സഖാവ് എസ്.സീതിലാൽ ഉദ്ഘാടനം ചെയ്തു.

കോട്ടയത്ത് നടന്ന മെയ്ദിന റാലിയിൽ എഐയുറ്റിയുസി ജില്ലാ സെക്രട്ടറി സഖാവ് വി.പി.കൊച്ചുമോൻ അധ്യക്ഷത വഹിച്ചു. എസ്‌യുസിഐ (സി) ജില്ലാ സെക്രട്ടേറിയറ്റംഗം സ. എൻ.കെ.ബിജു ഉദ്ഘാടനം ചെയ്തു.

തൊടുപുഴയിൽ എഐയുറ്റിയുസി, കെഎസ്ഇബിപിസിസി ലൈൻ വർക്കേഴ്സ് യൂണിയൻ, കേരളാ കൺസ്ട്രക്ഷൻ വർക്കേഴ്സ് യൂണിയൻ, കെഎസ്ആർടിസി വർക്കേഴ്സ് ഫെഡറേഷൻ എന്നിവയുടെ സംയുക്താഭിമുഖ്യത്തിൽ മെയ്ദിന റാലിയും പൊതുയോഗവും നടന്നു. എഐയുറ്റിയുസി ജില്ലാ പ്രസിഡണ്ട് എം.എം.അനിലിന്റെ അധ്യക്ഷതയിൽ ചേർന്ന യോഗം ജില്ലാ സെക്രട്ടറി എം.ബി.രാജശേഖരൻ ഉദ്ഘാടനം ചെയ്തു. എറണാകുളത്ത് സംയുക്ത ട്രേഡ്‌യൂണിയൻ സമിതിയുടെ നേതൃത്വത്തിൽ വിവിധ ഭാഗങ്ങളിൽ മെയ്ദിന റാലിയും യോഗങ്ങളും നടന്നു. സിറ്റിയിൽ എഐയുറ്റിയുസിയെ പ്രതിനിധീകരിച്ച് ജില്ലാ സെക്രട്ടറി സ. പി.എം.ദിനേശൻ പ്രസംഗിച്ചു. ആലുവയിൽ നടന്ന സംയുക്ത റാലിയിൽ എഐയുറ്റിയുസിക്കുവേണ്ടി സ. കെ.പി.സാൽവിൻ പ്രസംഗിച്ചു. അങ്കമാലിയിൽ സ. പി.പി.അഗസ്റ്റിനും, കാലടിയിൽ സ. പി.വി.റജീഷും, കൂത്താട്ടുകുളത്ത് സ. കെ.ഒ.ഷാനും പ്രസംഗിച്ചു. മുളന്തുരുത്തിയിൽ എഐയുറ്റിയുസി ജില്ലാ പ്രസിഡണ്ട് സ. എൻ.ആർ. മോഹൻകുമാർ ഉദ്ഘാടനംചെയ്തു.

കൊച്ചിൻ റിഫൈനറി എംപ്ലോയീസ് അസ്സോസിയേഷന്റെ നേതൃത്വത്തിൽ അമ്പലമുകൾ വ്യവസായ മേഖലയിൽ മേയ്ദിന റാലി നടന്നു. സിആർഇഎ വൈസ് പ്രസിഡണ്ട് എൻ.ആർ.മോഹൻ കുമാർ ഉദ്ഘാടനം ചെയ്തു. പി.പ്രവീൺകുമാർ, പി.പി.സജീവ് കുമാർ, ജോസഫ് ഡെന്നീസ് എന്നിവർ പ്രസംഗിച്ചു.

തൃശൂരിൽ വിവിധയിടങ്ങളിൽ ആചരണ പരിപാടികൾ നടന്നു. കൊടുങ്ങല്ലൂരിൽ സംയുക്ത ട്രേഡ്‌യൂണിയന്റെ ആഭിമുഖ്യത്തിൽ മേയ്ദിന റാലിയും യോഗവും നടന്നു. കെഎസ്ഇ വർക്കേഴ്സ് യൂണിയൻ സംസ്ഥാന ജോ. സെക്രട്ടറി സഖാവ് എ.വി.ബെന്നി പ്രസംഗിച്ചു. ചാലക്കുടിയിൽ നടന്ന സംയുക്ത റാലിയിൽ എഐയുടിയുസി ജില്ലാക്കമ്മിറ്റിയംഗം സ.പി.കെ.ഷിബു പ്രസംഗിച്ചു.

സംയുക്ത ട്രേഡ് യൂണിയൻ സമിതിയുടെ നേതൃത്വത്തിൽ പാലക്കാട് ടൗണിൽ നടന്ന റാലിയിൽ എഐയുറ്റിയുസി ജില്ലാ സെക്രട്ടറി സ. കെ.അബ്ദുൾ അസീസ് മേയ്ദിന സന്ദേശം നൽകി. ചിറ്റൂരിൽ എഐയുറ്റിയുസിയും സിഐറ്റിയുവും സംയുക്തമായി നടത്തിയ റാലിയിൽ എഐയുറ്റിയുസി ജില്ലാ വൈസ് പ്രസിഡണ്ട് സ. കെ.രാമനാഥൻ പ്രസംഗിച്ചു ●

---

(6-ാം പേജിൽ നിന്ന്)

ത്തി അവർക്കായി പാർട്ടി ചർച്ചകൾ സംഘടിപ്പിച്ചു തുടങ്ങി, സഖാവ് ശ്രീകുമാറും പപ്പനൊപ്പമുണ്ടായിരുന്നു.

ഈ കാലയളവിൽ പപ്പന്റെ സ്വാധീനത്താൽ സഹോദരിയും സഹോദരനും പാർട്ടിയിൽ ചേർന്ന് പ്രവർത്തനം ആരംഭിച്ചു. പപ്പന്റെ മാതാപിതാക്കൾ പാർട്ടി അനുഭാവികളും അഭ്യുദയകാംക്ഷികളുമായി. സമീപപ്രദേശത്ത് എവിടെയെങ്കിലും പാർട്ടി പരിപാടികൾ ഉണ്ടെങ്കിൽ ഭക്ഷണം പപ്പന്റെ വീട്ടിൽ എന്നത് ഞാനടക്കം ഞങ്ങൾക്കേവർക്കും ശീലമായി.

എഐഡിഎസ്ഒ യുടെ സംഘാടനത്തിലും പാർട്ടി സംഘാടനത്തിലും പപ്പൻ കൂടുതൽ കൂടുതൽ ഉത്തരവാദിത്തങ്ങൾ ഏറ്റെടുത്തുകൊണ്ട് മുന്നോട്ടുവന്നു. സഖാവ് ശിബ്ദാസ് ഘോഷ് ചിന്തകൾ സ്വാംശീകരിച്ചുകൊണ്ട് പാർട്ടിയുടെയും വിപ്ലവത്തിന്റെയും താൽപര്യവുമായി താദാത്മ്യപ്പെടുക എന്ന മഹത്തായ ദൗത്യവും ജീവിതസമരവും ഏറ്റെടുത്ത പപ്പൻ പാർട്ടിയുടെ പൂർണ്ണ സമയ പ്രവർത്തകനായി. തിരുവനന്തപുരം ജില്ലാ സെന്റർ കേന്ദ്രീകരിച്ച് പ്രവർത്തനം ആരംഭിച്ചു. പപ്പന്റെ വിപ്ലവ ജീവിത സമരം കൂടുതൽ കൂടുതൽ ഉയർന്ന ഉത്തരവാദിത്തങ്ങളിലേക്ക് പപ്പനെ എത്തിച്ചു. പാർട്ടി ചുമതലകൾ ഒന്നൊന്നായി പപ്പനിൽ നിക്ഷിപ്തമായിത്തുടങ്ങി. പാർട്ടിയുടെ തിരുവനന്തപുരം ജില്ലാ കമ്മിറ്റിയംഗം, തുടർന്ന് പാർട്ടി സംസ്ഥാന കമ്മിറ്റിയംഗം, സംസ്ഥാന സെക്രട്ടേറിയറ്റ് അംഗം, ഒടുവിൽ പാർട്ടിയുടെ കൊല്ലം ജില്ലാ സെക്രട്ടറിയുമായി.

എഐഡിഎസ്ഒ ഉൾപ്പെടെ പാർട്ടിയുടെ മുന്നണി സംഘടനകളുടെയും ബ്രേക്ക് ത്രൂ സയൻസ് സൊസൈറ്റി, ആന്റി ഇംപീരിയലിസ്റ്റ് ഫോറം, സേവ് എഡ്യൂക്കേഷൻ കമ്മിറ്റി, ബാനർ സാംസ്കാരിക സമിതി തുടങ്ങി പാർട്ടിയുടെ മുൻകൈയിൽ പ്രവർത്തിച്ചുവരുന്ന നിരവധി ബഹുജനപ്രസ്ഥാനങ്ങളുടെയും അമരക്കാരിൽ പ്രധാനി ആയിരുന്നു പപ്പൻ.

ആർഎസ്എസ്, ബിജെപി തുടങ്ങിയ കടുത്ത പിന്തിരിപ്പൻ പ്രസ്ഥാനങ്ങൾ തലപൊക്കിത്തുടങ്ങിയിരിക്കുന്ന ഇന്നത്തെ കാലത്ത് വിദ്യാർത്ഥികൾ ഉൾപ്പെടെ സമൂഹമനസ്സിൽ ശാസ്ത്രബോധവും ശാസ്ത്രാഭിരുചിയും സൃഷ്ടിച്ചെടുക്കേണ്ടതിന്റെ ആവശ്യകത എത്ര വലുതാണ് എന്ന് തിരിച്ചറിഞ്ഞ പപ്പൻ, ബ്രേക്ക്ത്രൂ സയൻസ് സൊസൈറ്റി എന്ന ശാസ്ത്രപ്രസ്ഥാനം വളർത്തി പരിപോഷിപ്പിച്ചെടുക്കുന്നത് തന്റെ പ്രധാന ഉത്തരവാദിത്തമായി തിരിച്ചറിഞ്ഞു. പപ്പന്റെ അനിഷേധ്യമായ സംഘാടനപാടവത്തിൽ ബ്രേക്ക്ത്രൂ സയൻസ് സൊസൈറ്റി കേരളത്തിൽ അനിഷേധ്യമായ സ്ഥാനം കൈവരിച്ചു. വിദ്യാർത്ഥികളുടെയും അധ്യാപകരുടെയും വിദ്യാഭ്യാസസ്നേഹികളുടെയുമിടയിൽ, കേരളത്തിൽ അങ്ങോളമിങ്ങോളമുള്ള കോളജുകളിലും സ്കൂളുകളിലും സർവ്വകലാശാലകളിലും ഒക്കെ ബ്രേക്ക് ത്രൂ സയൻസ് സൊസൈറ്റി ഗണനീയമായ ഒരു പ്രസ്ഥാനമായിരിക്കുന്നതിൽ പപ്പന്റെ പങ്ക് നിസ്തുലമാണ്. കഴിഞ്ഞ രണ്ടുവർഷങ്ങളിലായി ലോകമെമ്പാടും നടന്നുവരുന്ന മാർച്ച് ഫോർ സയൻസ് പ്രോഗ്രാം കേരളത്തിൽ വളരെ ശ്രദ്ധേയമാക്കിയതിലും ഗണ്യമായ പങ്കാണ് പപ്പൻ വഹിച്ചിരിക്കുന്നത്.

പപ്പന്റെ, ഉറച്ച ശാസ്ത്രധാരണകളാൽ പാകപ്പെടുത്തപ്പെട്ട തെളിമയുള്ള ചിന്തയും യുക്തിഭദ്രതയും നിറഞ്ഞ, വാദമുഖങ്ങൾ മറികടക്കുക എതിരാളികൾക്ക് എളുപ്പമായിരുന്നില്ല. കേരളത്തിലെ ബൗദ്ധിക സാംസ്കാരിക മണ്ഡലങ്ങളിലെ പ്രമുഖരും പ്രശസ്തരും പപ്പനോട് ഏറെ ആദരവ് പുലർത്തിയിരുന്നു. മാത്രമല്ല പപ്പനെ തങ്ങളിൽ ഒരാളായി ഗണിക്കുകയും ചെയ്തിരുന്നു.

ഏപ്രിൽ 24ന് ചെങ്ങന്നൂരിൽ എസ്‌യുസിഐ കമ്മ്യൂണിസ്റ്റിന്റെ 70-ാം വാർഷികാചരണപരിപാടിയിൽ പങ്കെടുത്ത പപ്പൻ പിറ്റേന്ന് ജ്വരബാധിതനാകുകയും ആശുപത്രിയിൽ പ്രവേശിക്കപ്പെടുകയും ചെയ്തു. ആ വിലപ്പെട്ട ജീവൻ രക്ഷിച്ചെടുക്കാൻ ഡോക്ടർമാരും നഴ്സുമാരും നടത്തിയ പ്രയത്നങ്ങളെ വ്യർത്ഥമാക്കിക്കൊണ്ട് ഏപ്രിൽ 28 ന് പപ്പൻ അന്ത്യശ്വാസം വലിച്ചു. കേവലം 57 വയസ്സേ അദ്ദേഹത്തിന് ഉണ്ടായിരുന്നുള്ളൂ. പപ്പന്റെ അകാലവേർപാട് തീരാനഷ്ടമാണെന്ന് നാം തിരിച്ചറിയുന്നു. ഒരു തികഞ്ഞ വിപ്ലവകാരിക്ക് ഇണങ്ങുന്ന ജീവിതമായിരുന്നു അവസാനശ്വാസം വരെയും അദ്ദേഹം നയിച്ചത്. പപ്പന്റെ ആകസ്മിക വിയോഗം സൃഷ്ടിക്കുന്ന വേദന എത്ര വലുതാണ് എന്നെനിക്ക് മനസ്സിലാകും. നമ്മുടെ ഹൃദയം വേദനകൊണ്ട് നീറുന്നത് നാമൊക്കെ മനുഷ്യരായിരിക്കുന്നതുകൊണ്ടാണ്. മാത്രമല്ല പപ്പന്റെ വിയോഗം സൃഷ്ടിച്ചിരിക്കുന്ന വിടവ് എത്ര വലുതാണ് എന്ന് നാം തിരിച്ചറിയുന്നതുകൊണ്ടുമാണ്. നമ്മുടെ വേദനയെ കൂടുതൽ ഉയർന്ന നിശ്ചയദാർഢ്യമായി പരിവർത്തനപ്പെടുത്തുക എന്നതാണ് പപ്പൻ സഖാവിന് നൽകാവുന്ന ഏറ്റവും ഉചിതമായ ആദരവ്. പപ്പൻ എന്നും എപ്പോഴും നമ്മുടെ കൂടെയുണ്ട്. സഖാക്കളെ നമുക്ക് ഒരുമിച്ച് വിപ്ലവ പാതയിൽ മുന്നേറാം.

വിങ്ങുന്ന ഹൃദയത്തോടെ പ്രിയ സഖാവ് പപ്പന് വിപ്ലവാഭിവാദനങ്ങൾ നേരുന്നു.സഖാവ് ജിഎസ് പത്മകുമാറിന് ലാൽസലാം.സഖാവ് ശിബ്ദാസ് ഘോഷിന് ലാൽസലാം. ഏവർക്കും വിപ്ലവാഭിവാദനങ്ങൾ.

## യു.എ.ഇയിൽ നിന്നുള്ള അനുശോചനം

ബ്രേക്ക്ത്രൂ സയൻസ് സൊസൈറ്റി കേരള സംസ്ഥാന പ്രസിഡന്റും പ്രമുഖ സാംസ്കാരിക വ്യക്തിത്വവുമായിരുന്ന ജി.എസ്.പത്മകുമാറിന്റെ നിര്യാണത്തിൽ യു.എ.ഇയിൽ പ്രവർത്തിക്കുന്ന സാംസ്കാരിക സംഘടനയായ 'പ്രസക്തി' അഗാധമായ ദുഃഖം രേഖപ്പെടുത്തി.

പ്രസക്തി രൂപീകരണ വേളയിൽ, സംഘാടകരോട് ജി.എസ്.പത്മകുമാർ നടത്തിയ ചർച്ചയാണ്, പ്രസക്തി അതിന്റെ പ്രവർത്തന രേഖയായി സ്വീകരിച്ചിട്ടുള്ളത്. 2011 ഒക്ടോബറിൽ ഷാർജ ഇന്ത്യൻ അസോസിയേഷനിൽ നടന്ന 'വയലാർ അനുസ്മരണ'ത്തിൽ സംഘടനയുടെ ക്ഷണം സ്വീകരിച്ച് അദ്ദേഹം പങ്കെടുത്തിരുന്നു. കേരളപ്പിറവി ആഘോഷങ്ങളുടെ ഭാഗമായി, അബുദാബി കേരള സോഷ്യൽ സെന്ററിൽ 'കേരളവും നവോത്ഥാന ആശയങ്ങളും' എന്ന സെമിനാറിലും പങ്കെടുത്തു.

2017 ഒക്ടോബറിലെ ജി.എസ്.പത്മകുമാറിന്റെ, രണ്ടാം സന്ദർശന വേളയിൽ, 'ഫാസിസം: വിവക്ഷയും, പ്രതിരോധവും' എന്ന വിഷയത്തിൽ അബുദാബിയിൽ ഒരു പ്രഭാഷണം നടത്തുകയുണ്ടായി. തുടർന്ന് 'ഇന്ത്യയിലെ സാംസ്കാരിക പ്രസ്ഥാനവും നമ്മുടെ കർത്തവ്യങ്ങളും' എന്ന വിഷയത്തെ അധികരിച്ച് ഷാർജയിൽ രണ്ട് ദിവസം നീണ്ടുനിന്ന പഠനപരിപാടിക്ക് നേതൃത്വം നൽകി. ഇന്ന് ഇന്ത്യയിലെ ശാസ്ത്രരംഗത്ത് നടന്നുകൊണ്ടിരിക്കുന്ന വളച്ചൊടിക്കലുകൾ വിശദീകരിക്കുന്ന രണ്ട് റേഡിയോ അഭിമുഖങ്ങളും അദ്ദേഹം നൽകുകയുണ്ടായി.

പ്രവാസ ലോകത്തെ സാംസ്കാരിക-സാമൂഹിക പ്രവർത്തകരുടെ ഉറ്റ ചങ്ങാതിയും, വഴികാട്ടിയുമായ ഒരു ഉന്നത വ്യക്തിത്വമാണ് ഇന്ന് ഇല്ലാതായിരിക്കുന്നത്. യു.എ.ഇ-ലെ സാംസ്കാരിക പ്രവർത്തകരുടെ അഗാധമായ ദുഖവും അനുശോചനവും ഞങ്ങൾ രേഖപ്പെടുത്തുന്നു.

ജി.എസ്.പത്മകുമാറിന്റെ വേർപാടിൽ, കുടുംബാംഗങ്ങളുടെയും ബ്രേക്ക്ത്രൂ സയൻസ് സൊസൈറ്റി പ്രവർത്തകരുടെയും ദുഃഖത്തിൽ ഞങ്ങൾ പങ്കുചേരുന്നു.

# സിറിയയുടെമേൽ യു.എസ് സാമ്രാജ്യത്വത്തിന്റെയും കൂട്ടാളികളുടെയും പ്രത്യക്ഷ സൈനികാക്രമണം

രണ്ട് മാസം മുമ്പ്, സിറിയയിലെ കിഴക്കൻ ഗൂഡയിൽ കുട്ടികളുടെയും സ്ത്രീകളുടെയും അംഗഭംഗം വന്ന മൃതശരീരങ്ങളുടെ ഞെട്ടിപ്പിക്കുന്ന വീഡിയോ ദൃശ്യങ്ങൾ ഇന്റർനെറ്റിൽ വൈറലാവുകയും മാരകമായ രാസായുധ പ്രയോഗമാണ് അതിന് കാരണമെന്ന ആരോപണം ഉയരുകയും ചെയ്തു. സിറിയൻ ഗവണ്മെന്റ് വിഷമയമായ ക്ലോറിൻ വാതകവും അതുപോലുള്ള രാസവസ്തുക്കളും സ്വന്തം ജനങ്ങൾക്കുമേൽ വർഷിച്ചുവെന്ന് യു.എസ്.സാമ്രാജ്യത്വം ഉടൻതന്നെ കുറ്റപ്പെടുത്തി. ഫോട്ടോകൾ ഉയർത്തിക്കാട്ടി യു.എസ് അധികൃതരും അവരുടെ റബ്ബർ സ്റ്റാമ്പായി വർത്തിക്കുന്ന ഐക്യരാഷ്ട്ര സംഘടനയും (യു.എൻ) സിറിയൻ ജനങ്ങളുടെ കാര്യത്തിൽ കടുത്ത ഉൽക്കണ്ഠ രേഖപ്പെടുത്തി. സിറിയൻ പ്രസിഡന്റ് അസാദും അദ്ദേഹത്തിന്റെ ഗവണ്മെന്റും ജനങ്ങളെ മൃഗീയമായി കൊന്നൊടുക്കുകയാണെന്ന് അവർ ആരോപിച്ചു. അസാദിന്റെ ഭരണം പൈശാചികമാണെന്നും അതിന് അറുതിവരുത്തണമെന്നുമൊക്കെ പലപ്പോഴും ഉയർത്താറുള്ള വാദത്തിന് അവർ മൂർച്ച കൂട്ടി. യു.എന്നിൽ എന്തെങ്കിലും ഒരു ധാരണ ഉണ്ടായിവരുന്നതിന് അവസരം നൽകാതെ, യു.എസും ബ്രിട്ടണും ഫ്രാൻസും ചേർന്ന് അന്തർദ്ദേശീയ നിയമങ്ങളെയെല്ലാം ധിക്കാരപൂർവ്വം ചവിട്ടിയരച്ചുകൊണ്ട് മൂന്ന് സിറിയൻ കേന്ദ്രങ്ങൾക്കുമേൽ കനത്ത വ്യോമാക്രമണം നടത്തി. സിറിയയെ ആക്രമിക്കാനുള്ള പദ്ധതി ജർമ്മനിയും കൈക്കൊണ്ടിരുന്നുവെന്നാണ് റിപ്പോർട്ട്. അങ്ങനെ, യു.എസ് നേതൃത്വത്തിലുള്ള നാറ്റോ അംഗങ്ങൾക്ക് ഒരു തുറന്ന ഇടമായി സിറിയ മാറി. നേരത്തേ, അന്തർദ്ദേശീയ നിയമങ്ങൾ ലംഘിച്ചുകൊണ്ട് യുഎസ് പിന്തുണയോടെ സയണിസ്റ്റ് ഇസ്രായേലും ലെബനീസ് വ്യോമമേഖലയിൽനിന്ന് സിറിയയെ ആക്രമിച്ചിരുന്നു. മധ്യ-പൂർവ്വ മേഖലയിൽ വീണ്ടും വലിയൊരു യുദ്ധം സൃഷ്ടിച്ചെടുക്കാനുള്ള കരുനീക്കങ്ങളുണ്ട് എന്ന് ഇതെല്ലാം വ്യക്തമാക്കുന്നു.

### വ്യാജവും കെട്ടിച്ചമച്ചതുമായ കുറ്റങ്ങളുണ്ടാക്കി സൈനിക ആക്രമണത്തിന് കോപ്പുകൂട്ടുന്നു

പെന്റഗൺ ഭരണാധികാരികളുടെയും കൂട്ടാളികളുടെയും കടുത്ത ഉൽക്കണ്ഠ അൽപ്പായുസ്സിൽ ഒടുങ്ങി. രാസായുധ ആക്രമണത്തിന്റെ ഇരകളെന്ന നിലയിൽ പ്രചരിച്ച വാർത്തകളെല്ലാം കെട്ടിച്ചമച്ചതായിരുന്നുവെന്ന് തെളിഞ്ഞു. പാലസ്തീനിലെ ഗാസ, ഇറാഖിലെ മൊസുൾ എന്നിവിടങ്ങളിൽനിന്നുള്ളതായിരുന്നു യഥാർത്ഥത്തിൽ ആ ചിത്രങ്ങൾ. സിറിയൻ ഗവണ്മെന്റിനെ തേജോവധം ചെയ്യാനായി ബോധപൂർവ്വം അവ ഉയർത്തിവിടുകയായിരുന്നു. യു.എസ് നയിക്കുന്ന സാമ്രാജ്യത്വ ശക്തികൾ സിറിയയ്ക്കുമേൽ വ്യോമാക്രമണം നടത്തുന്നതിനുമുമ്പ്, അതിന്റെ മൃഗീയത അൽപ്പമൊന്ന് മറയ്ക്കാനായി, കെട്ടിച്ചമച്ച കുറ്റാരോപണത്തിന്മേൽ ഒരു 'അന്വേഷണം' ഏർപ്പെടുത്തുകയും ചെയ്തു. അതിൽ ഒട്ടും അത്ഭുതമില്ല. 1964 ൽ, ടോങ്കിൻ ഉൾക്കടലിൽവച്ച് വിയറ്റ്നാമിന്റെ നിരീക്ഷണ സൈനികബോട്ടുകൾ യു.എസ് യുദ്ധക്കപ്പലിനുനേരെ ആക്രമണം നടത്തി എന്ന വ്യാജവാർത്ത യു.എസ് അധികൃതർ പ്രചരിപ്പിക്കുകയും അതിന്റെ പേരിൽ അതിനീചമായ യുദ്ധാക്രമണം വിയറ്റ്നാമിനെതിരെ അഴിച്ചുവിടുകയും ചെയ്തു. പത്ത് വർഷങ്ങൾക്ക് മുമ്പ്, ഇറാഖി പ്രസിഡന്റ് സദ്ദാം ഹുസൈൻ മാരകായുധങ്ങൾ കൈവശംവച്ചിരിക്കുന്നുവെന്ന കപടവാദമുയർത്തി ആ രാജ്യത്ത് അധിനിവേശം നടത്തുകയും കുട്ടികളും സ്ത്രീകളും ഉൾപ്പെടെ 3 ലക്ഷത്തിൽപ്പരം ആളുകളെ കൊന്നൊടുക്കി ആ രാജ്യത്തെ തവിടുപൊടിയാക്കുകയും ചെയ്തു. സൈനികാധിനിവേശത്തിനുശേഷം അവിടെ ഒരു പാവ ഗവണ്മെന്റിനെ അവരോധിച്ചു. സദ്ദാം ഹുസൈനെ കൊലപ്പെടുത്തുന്നതിനുവേണ്ടി ഒരു വിചാരണ പ്രഹസനം നടത്തി. പിന്നീട്, ഐ.എസ്.ഐ.എസ് പോലുള്ള അറുവഷളൻ ഭീകരസംഘടനകൾക്കു മുമ്പിൽ വാതിൽ മലർക്കെ തുറന്നിട്ടു. പേരിലൊതുങ്ങിയ സ്ഥിതിയിൽനിന്ന് തഴച്ചുവളരാനും മോചനദ്രവ്യത്തിനുവേണ്ടി ആ പ്രദേശത്തെയും സമീപസ്ഥലങ്ങളെയും തടവിലാക്കാനുമുള്ള അവസരം അവർക്കങ്ങനെ ലഭിച്ചു. യു.എസും പിണിയാളുകളുമാണ് അവർക്ക് പിന്തുണയും ആയുധബലവും നൽകുന്നത്. സാമ്രാജ്യത്വ ശക്തികളുടെ അടുത്ത നോട്ടം ലിബിയയുടെ നേർക്കായിരുന്നു. പാൻ-അറബിക് ദേശീയതയുടെ വക്താവായിരുന്നു ലിബിയൻ പ്രസിഡന്റ് മുഅമ്മർ ഗദ്ദാഫി. എല്ലാ അറബ് രാജ്യങ്ങളും യുണൈറ്റഡ് സ്റ്റേറ്റ്സ് ഓഫ് ആഫ്രിക്ക എന്ന ഒറ്റ രാജ്യമായി ലയിക്കണമെന്ന് അദ്ദേഹം നിർദ്ദേശിച്ചു. അതോടെ അദ്ദേഹം യു.എസ് സാമ്രാജ്യത്വ ശക്തിയുടെ കണ്ണിലെ കരടായി മാറി. കുപ്രസിദ്ധമായ സി.ഐ.എ യെത്തന്നെ യു.എസ് ഭരണാധികാരികൾ രംഗത്തിറക്കി. ഗദ്ദാഫി വിരുദ്ധരും അസംതൃപ്തരുമായ വിവിധ ഗ്രൂപ്പുകൾക്കും വ്യക്തികൾക്കും ആവശ്യമായ എല്ലാ പിന്തുണയും നൽകാനും തുടർന്ന് അവയെയെല്ലാം ദേശീയ പരിവർത്തന സഭ (നാഷണൽ ട്രാൻസിഷണൽ കൗൺസിൽ - എൻ.ടി.സി) എന്ന കെട്ടിയെഴുന്നള്ളിച്ച വിമത സംഘടനയിൽ ഒരുമിപ്പിക്കാനുമുള്ള ദൗത്യം സി.ഐ.എ ഏറ്റെടുത്തു. ഗദ്ദാഫിയുടെ 'സ്വേച്ഛാധിപത്യ ത്തിനെതിരെ പൊരുതുന്ന' സമാധാനപ്രിയരുടെ ജനാധിപത്യപ്രക്ഷോഭത്തിന് നേതൃത്വം കൊടുക്കുന്നവരെന്ന നിലയിലാണ് എൻ.ടി.സി അവതരിപ്പിക്കപ്പെട്ടത്. സ്വേച്ഛാധിപത്യ വാഴ്ചയുടെ പിടിയിൽനിന്ന് രാജ്യത്തെ മോചിപ്പിക്കാനായി ജനകീയ സേനകളെയും അത് സംഘടിപ്പിച്ചു. തുടർന്ന്, ഗദ്ദാഫി മനുഷ്യാവകാശ ലംഘനങ്ങൾ നടത്തുന്നുവെന്ന ചിട്ടയായ പ്രചാരണത്തിന്റെ ചുവടുപിടിച്ച്, എവ്വിധവും അധികാരം പിടിച്ചെടുക്കാനുള്ള എൻ.ടി.സിയുടെ ഹീനമായ കരുനീക്കങ്ങളെ സഹായിക്കാനായി, ലോകാഭിപ്രായത്തെ തൃണവൽഗണിച്ചുകൊണ്ടും ബ്രിട്ടണും ഫ്രാൻസുമായും ചേർന്ന് യു.എസ് സാമ്രാജ്യത്വം ലിബിയയുടെ മേൽ പ്രത്യക്ഷ സൈനികാക്രമണം നടത്തി. ലിബിയയിലെ പൗരജീവിതത്തെ സംരക്ഷിക്കുകയാണെന്ന മനുഷ്യത്വപരമായ ദൗത്യമായാണ് അവർ ആ പൈശാചിക കൃത്യത്തെ വിശേഷിപ്പിച്ചത്. സാമ്രാജ്യത്വ സേവ നടത്തുന്ന ഐക്യരാഷ്ട്ര സംഘടനയാകട്ടെ അതിന് കൂട്ടുനിൽക്കുകയും ചെയ്തു. യു.എസ് സാമ്രാജ്യത്വവും കൂട്ടാളികളും ഗദ്ദാഫിയെ അതിനിഷ്ഠുരമായി കൊലപ്പെടുത്തി. സാമ്രാജ്യത്വ കഴുകന്മാരുടെ അടുത്ത നോട്ടം സിറിയൻ പ്രസിഡന്റ് ബഷർ അൽ-അസദിന് നേരെയാണ്.



തിരുവനന്തപുരത്ത് സെക്രട്ടേറിയറ്റിന് മുമ്പിൽ ഡൊണാൾഡ് ട്രംപിന്റെ കോലം കത്തിക്കുന്നു

### സിറിയ - കെട്ടിച്ചമച്ച കുറ്റകൃത്യങ്ങളുടെ അടുത്ത ഇര

ഇറാഖിലും ലിബിയയിലും പ്രയോഗിച്ച അതേ ശൈലി തന്നെയാണ് സിറിയയിലും സാമ്രാജ്യത്വ ശക്തികൾ പിന്തുടരുന്നത്. യു.എസ് ശാസനകൾക്ക് വഴങ്ങാൻ ദീർഘകാലമായി പ്രസിഡന്റ് അസദ് തയ്യാറാകുന്നില്ല. അക്കാരണത്താൽ, യു.എസ് സാമ്രാജ്യത്വവും കൂട്ടാളികളും സിറിയൻ വിമോചന സേന (എഫ്.എസ്.എ) എന്നറിയപ്പെടുന്ന ഒരു വിമതവിഭാഗത്തെ സുന്നി മൗലികവാദത്തെ കേന്ദ്രീകരിച്ച് സൃഷ്ടിച്ചെടുത്തു. പ്രസിഡന്റ് ബഷർ അൽ-അസദിനെ പുറത്താക്കുകയെന്ന പ്രഖ്യാപിത ലക്ഷ്യത്തോടെ ജനാധിപത്യത്തിനുവേണ്ടിയുള്ള പ്രക്ഷോഭമെന്ന് വിശേഷിപ്പിച്ചുകൊണ്ട് അവർ അതിന് സർവ്വാർത്ഥത്തിലുമുള്ള സഹായസഹകരണങ്ങളും നൽകി. അതേസമയംതന്നെ, സാമ്പത്തികസഹായവും പരിശീലനവും ആയുധവും നൽകി ഭീകരവാദികളെയും അൽഖൈയ്ദ, ജിഹാദി മതാന്ധർ തുടങ്ങി ലക്ഷക്കണക്കിന് കൂലിപ്പടയാളികളെയും അവർ സൃഷ്ടിച്ചു. അസദ് ഭരണത്തെ സിറിയയ്ക്കുള്ളിൽ നിന്ന് അസ്ഥിരമാക്കുകയാണ് അതിന്റെയെല്ലാം ഉദ്ദേശ്യം. അൽ-ഖൈയ്ദ പോലുള്ള വിമതർക്ക് സിറിയയ്ക്കുള്ളിൽ പ്രവർത്തിക്കാനുള്ള പരിശീലനം ഖത്തർ നൽകുകയുണ്ടായി. ഖത്തർ വഴി ജർമ്മൻ ആയുധങ്ങൾ ഐ.എസ്.ഐ.എസിന് ലഭിച്ചുകൊണ്ടിരുന്നു. എന്നിരുന്നാലും, കെട്ടിയിറക്കിയ ഈ 'വിമതർക്കും' കലാപകാരികൾക്കും അസദിനെ അട്ടിമറിക്കാൻ കഴിഞ്ഞില്ല. അസദിൽനിന്ന് അവർക്ക് യാതൊരു ദാക്ഷിണ്യവും ലഭിച്ചില്ല. മറിച്ച്, ദീർഘകാലമായി സിറിയൻ ജനതയുടെ ഉള്ളിലുള്ള യു.എസ്.സാമ്രാജ്യത്വ വിരുദ്ധ മനോഭാവത്തിന്റെ പ്രത്യക്ഷഫലമെന്ന നിലയിൽ അസദിന് ജനപിന്തുണ വർദ്ധിച്ചുകൊണ്ടേയിരുന്നു. 2013 ൽ ദമാസ്കസിൽ മാരകമായ സരിൻ വാതകമുപയോഗിച്ച് നൂറുകണക്കിന് പൗരന്മാരെ അസദ് ഗവണ്മെന്റ് കൊന്നൊടുക്കിയെന്ന വ്യാജവാർത്ത യു.എസ് സാമ്രാജ്യത്വ സംഘം പ്രചരിപ്പിച്ചു. അതിനവർ തങ്ങളുടെ സുഘടിതമായ പ്രചാരണ സംവിധാനങ്ങളെയും കുപ്രസിദ്ധമായ ചാരസംഘടനകളെയും ആവുന്നത്രത്തോളം ഉപയോഗിച്ചു. പക്ഷെ, രാസായുധം മൂലമുള്ള ആ മരണങ്ങൾക്ക് അസദ് ഗവണ്മെന്റല്ല കാരണക്കാരെന്നും കുറ്റാരോപണം വ്യാജവും യു.എസ് സാമ്രാജ്യത്വത്തിന്റെ പ്രത്യക്ഷ സൈനിക ഇടപെടൽ ക്ഷണിച്ചുവരുത്താനായി അൽ-ഖൈയ്ദ പോലുള്ള ഭീകരസംഘടനകൾ കരുതിക്കൂട്ടി സൃഷ്ടിച്ചെടുത്തതുമാണെന്ന് വെളിപ്പെട്ടു. 1968 ൽ വിയറ്റ്നാമിലെ മൈ ലെയ് കൂട്ടക്കൊല പുറത്തുകൊണ്ടുവന്ന പ്രമുഖ ജേർണലിസ്റ്റ് സിയ്മെർ ഹെർഷിന്റെ അന്വേഷണം, സിറിയയിൽ ബ്രിട്ടീഷ് അംബാസഡറായിരുന്ന പീറ്റർ ഫോർഡിന്റെ നിരീക്ഷണം, ഇറാഖിലെ യു.എൻ ആയുധ പരിശോധകനായിരുന്ന സ്കോട്ട് റിട്ടറിന്റെ വെളിപ്പെടുത്തലുകൾ, അടുത്തകാലം വരെ യു.എസ് സ്റ്റേറ്റ് സെക്രട്ടറിയായിരുന്ന റക്സ് ടില്ലർസന്റെ കുമ്പസാരം തുടങ്ങിയവയാണ് സത്യം പുറത്തുകൊണ്ടുവന്നത്.



ഡൽഹിയിൽ നടന്ന പ്രതിഷേധ റാലി

കരുതിക്കൂട്ടി കലാപം സൃഷ്ടിക്കാൻ പലതും പയറ്റിയെങ്കിലും അസദ് ഭരണത്തെ തട്ടിത്തെറിപ്പിക്കാനാകാതെവന്ന സാഹചര്യത്തിൽ, യു.എസ് ഭരണാധികാരികൾ ഒരിക്കൽക്കൂടി, കഴിഞ്ഞ ഡിസംബറിൽ, അസദ് ഗവണ്മെന്റിനെതിരെ കുറ്റാരോപണവുമായി രംഗത്തുവന്നു. സിറിയയിലെ ഖാൻ ഷെയ്ഖൂൺ മേഖലയിൽ രാസായുധ പ്രയോഗം നടത്തി എന്നതായിരുന്നു ആരോപണം. അതിന്റെ പേരിൽ സിറിയൻ ആർമിയുടെ ഷെയ്റാത്ത് വ്യോമത്താവളം യു.എസ് നിരന്തരമായ വ്യോമാക്രമണത്തിലൂടെ തകർത്തു തരിപ്പണമാക്കി. പക്ഷെ, അത്തരം രാസായുധ പ്രയോഗത്തിന് യാതൊരു തെളിവുമില്ലെന്ന് അപ്പോഴത്തെ യു.എസ് പ്രതിരോധ സെക്രട്ടറിയായ ജെയിംസ് മാറ്റിസ് തന്നെ വ്യക്തമാക്കിയതോടെ യു.എസിന്റേത് കള്ളപ്രചാരണമായിരുന്നുവെന്ന് തെളിഞ്ഞു. നേരെമറിച്ച്, രഹസ്യ അന്വേഷക ഏജൻസികളുടെ കണ്ടെത്തലുകൾ സൂചിപ്പിക്കുന്നത്, ഖാൻ ഷെയ്ഖൂണിലെ സിറിയൻ പൗരന്മാർക്കു മേലുള്ള കുറ്റകരമായ രാസായുധ പ്രയോഗം അസദ് ഗവണ്മെന്റിനെ പുറത്താക്കുന്നതിനുവേണ്ടി യു.എസ് ഇന്റലിജെൻസ് ആസൂത്രണം ചെയ്ത് നടപ്പിൽവരുത്തിയതാണെന്നാണ്.

തങ്ങളുടെ നികൃഷ്ടമായ ദൗത്യം നടപ്പിൽവരുത്താനുള്ള അട്ടിമറിപ്പണികളിൽനിന്ന് പിന്നാക്കംപോകാൻ യു.എസ് സാമ്രാജ്യത്വം ഒട്ടും ഒരുക്കമല്ല. സിറിയൻ തലസ്ഥാനമായ ദമാസ്കസിനോട് തൊട്ടുചേർന്നുള്ള കിഴക്കൻ ഗൂഡയിലെ ദൂമ എന്ന പട്ടണം വളരെക്കാലമായി സായുധരായ നിരവധി ഭീകരവാദി ഗ്രൂപ്പുകളുടെ നിയന്ത്രണത്തിലാണ്. സൗദി പിന്തുണയ്ക്കുന്ന ജയഷ് അൽ-ഇസ്ലാം, അൽ-ഖൈയ്ദ ബന്ധമുള്ള ഹയദ് താഹിർ അൽ-ഷാം, യുഎസിന്റെയും യൂറോപ്പിലെ അവരുടെ സാമ്രാജ്യത്വ കൂട്ടാളികളുടെയും പിന്തുണയുള്ള അഹ്റർ അൽ-ഷാം തുടങ്ങിയവ അവയിൽപ്പെടുന്നു. ഉപരോധത്തിലായ ഈ നഗരത്തെ ഉപയോഗപ്പെടുത്തിയാണ് ഭീകരവാദ-മതമൗലികവാദ ശക്തികൾ ദമാസ്കസ് ഉന്നമാക്കി മാരകമായ മിസൈലാക്രമണം നടത്തുകയും സ്കൂൾ കുട്ടികൾ ഉൾപ്പെടെയുള്ള പൗരന്മാരെ കൊലപ്പെടുത്തുകയും ചെയ്യുന്നത്. ഫെബ്രുവരി 21 മുതൽ അത്തരം നിരന്തരമായ മിസൈൽ ആക്രമണം നടന്നുവരികയായിരുന്നു. കിഴക്കൻ ഗൂഡയെ ഭീകരവാദികളുടെ നിയന്ത്രണത്തിൽനിന്ന് മോചിപ്പിച്ചുകൊണ്ടല്ലാതെ ദമാസ്കസ് സംരക്ഷിക്കാനാവില്ല എന്ന ഒരു സ്ഥിതിയിലേക്ക് സിറിയൻ ആർമിയെ കൊണ്ടെത്തിച്ചു. അങ്ങനെ അവർ ഭീകരവാദികളുടെ ഒളിത്താവളങ്ങളും കേന്ദ്രങ്ങളും പ്രത്യേകിച്ചും അവരുടെ മിസൈൽ ശേഖരങ്ങൾ വ്യോമാക്രമണത്തിലൂടെ തകർക്കാൻ തുടങ്ങി. ഭീകരവാദ ഗ്രൂപ്പുകളുടെ കിരാതമായ കൊലപാതകങ്ങളും മനുഷ്യത്വരഹിതമായ പീഡനങ്ങളും മർദ്ദനങ്ങളും കൊണ്ട് പൊറുതിമുട്ടിയ കിഴക്കൻ ഗൂഡയിലെ ജനങ്ങൾ നഗരത്തെ മോചിപ്പിക്കാനെത്തിയ സിറിയൻ സൈന്യത്തെ പൂർണ്ണമനസ്സോടെ പിന്തുണച്ചു. സിറിയൻ ഗവണ്മെന്റിന്റെ സേനകൾ അധികം താമസിയാതെ തന്നെ കിഴക്കൻ ഗൂഡ മോചിപ്പിക്കുമെന്ന് മനസ്സിലാക്കി

(ശേഷം 9-ാം പേജിൽ)

# പരമാധികാര രാഷ്ട്രങ്ങളെ കടന്നാക്രമിക്കാനുള്ള നീചമായ സാമ്രാജ്യത്വ ഗൂഢപദ്ധതി ഒരിക്കൽക്കൂടി വെളിവാകുന്നു

*(8-ാം പേജിൽ നിന്ന്)*

യ യു.എസ് അനുകൂല ഭീകരസംഘടനകൾ ഭക്ഷ്യശേഖരങ്ങൾ പൂഴ്ത്തിവയ്ക്കുകയും ജനങ്ങളെ പട്ടിണിയിലേക്ക് തള്ളിവിടുകയും ചെയ്തു. തടവിലാക്കപ്പെട്ട പൗരന്മാരെ മോചിപ്പിക്കാനും നഗരത്തിന്റെ നിയന്ത്രണം ഏറ്റെടുക്കാനും സിറിയൻ ഗവണ്മെന്റ് സേന ശ്രമിച്ചപ്പോഴെല്ലാം ആ ഭീകരസംഘടനകൾ തടവിലായവരെ മറയാക്കി ഉപയോഗിച്ചു. പക്ഷെ അവയെയെല്ലാം മറികടന്ന് സിറിയൻ സേന കിഴക്കൻ ഗൂഡയിലെ ഭീകരവാദികളുടെ താവളങ്ങൾ ഇടിച്ചുനിരപ്പാക്കുകയും വിമതർ ക്കുമേൽ വിജയകരമായി മുന്നേറുകയായിരുന്നു. ജയ്ഷ് അൽ-ഇസ്ലാമിന്റെയും മറ്റ് ഭീകര സംഘടനകളുടെയും പിടിയിലായിരുന്ന ദൂമ നഗരമായിരുന്നു അവസാനമായി മോചിപ്പിക്കേണ്ടിയിരുന്നത്. അവർക്ക് അവിടംവിട്ട് പോവുകയല്ലാതെ മറ്റ് മാർഗ്ഗവുമില്ലായിരുന്നു. പരാജയം മണത്ത യു.എസ് സാമ്രാജ്യത്വം, ഒരു കൗശലപ്രയോഗത്തിന്റെ ആദ്യപടിയെന്ന നിലയിൽ, കിഴക്കൻ ഗൂഡയിൽ 30 ദിവസം വെടിനിർത്തൽ നടപ്പിലാക്കണമെന്ന് ആവശ്യപ്പെട്ടു. അവരോട് വിധേയത്വമുള്ള വിമതന്മാർക്കും ഭീകരവാദികൾക്കും രക്ഷപെടാനുള്ള മാർഗ്ഗം ഉറപ്പാക്കുകയെന്നതായിരുന്നു അതിന്റെ ലക്ഷ്യം. പക്ഷെ ബന്ദിയാക്കപ്പെട്ട കിഴക്കൻ ഗൂഡയിലെ പൗരന്മാരെ സുരക്ഷിത സ്ഥലങ്ങളിലേക്ക് മാറ്റാനും തുടർന്ന് രണ്ടുംകൽപ്പിച്ചുള്ള ആക്രമണം പുനരാരംഭിക്കാനുമായി 5 മണിക്കൂർ നേരത്തേക്ക് മാത്രം സിറിയൻ ഗവണ്മെന്റ് വെടിനിർത്തൽ അംഗീകരിച്ചു. ഈ സന്ദർഭത്തിലാണ് പ്രത്യക്ഷ സൈനികാക്രമണത്തെ ന്യായീകരിക്കാനായി സിറിയൻ സേനയുടെ രാസായുധ ആക്രമണമെന്ന വ്യാജവാർത്ത വീണ്ടും പ്രചരിക്കപ്പെട്ടത്. തികച്ചും അപഹാസ്യം! വിജയത്തിന്റെ ഈ മുഹൂർത്തത്തെ പൊടുന്നനെ വിഷവാതക ആക്രമണം അഴിച്ചുവിടാൻ സിറിയൻ ഗവണ്മെന്റ് എന്തിന് തെരഞ്ഞെടുക്കണം? സിറിയയിൽ ഇപ്പോൾ പരിശോധന നടത്തുന്ന രാസായുധ നിരോധന സംഘടന സ്ഥിരീകരിക്കുന്നത്, നശീകരണായുധങ്ങൾ സിറിയയുടെ പക്കലില്ല എന്നതാണ്. വൈറ്റ് ഹെൽമെറ്റ്സ് എന്ന ഒരു ബ്രിട്ടീഷ് എൻജിഒ, ഏപ്രിൽ 7-ന് ദൂമയിൽ ഒരു വ്യാജ രാസായുധ ആക്രമണം സംഘടിപ്പിച്ചുവെന്നും യു.എസ്-ബ്രിട്ടൺ-ഫ്രാൻസ് സംയുക്ത നടപടിക്ക് ന്യായമായി ഈ സംഭവത്തെ ഉപയോഗപ്പെടുത്തിയെന്നുമാണ് ഇപ്പോൾ വെളിപ്പെട്ടിരിക്കുന്നത്. ഒരു കാര്യം വ്യക്തമാണ്. വിമത ഭീകര ഗ്രൂപ്പുകൾക്കെതിരെ എപ്പോഴൊക്കെ സിറിയൻ സേന മുന്നേറിയോ അപ്പോഴെല്ലാം യുഎസും കൂട്ടാളികളും അസദ് ഗവണ്മെന്റിനെതിരെ കെട്ടിച്ചമച്ച ആരോപണങ്ങൾ ഉന്നയിച്ചിരുന്നു. കഴിഞ്ഞ വർഷം അത് ഖാൻ ഷെയ്ഖൂൺ ആയിരുന്നു. ഈ വർഷം അത് ദൂമ ആയി. രാസായുധങ്ങൾക്കും അതുണ്ടാക്കുന്ന ദുരിതങ്ങൾക്കും എതിരാണെന്ന മട്ടിലാണ് യു.എസ്-ബ്രിട്ടൺ സാമ്രാജ്യത്വ ഇരട്ടകൾ നടിക്കുന്നത്. അവിശ്വസനീയം! എതിരാളികൾക്കുമേൽ സൈനികവിജയം നേടാനായി ജനങ്ങൾക്കുമേൽ ലക്കും ലഗാനുമില്ലാതെ രാസായുധവും ആണവായുധവും പ്രയോഗിച്ചുകൊണ്ടിരിക്കുന്നത് മറ്റാരുമല്ല, യു.എസ് സാമ്രാജ്യത്വ ശക്തികളാണെന്ന് ലോകത്തിന് മുഴുവൻ അറിയാം. ജപ്പാൻ, കൊറിയ, വിയറ്റ്നാം, ഇറാഖ്, ലിബിയ തുടങ്ങി അനവധി സ്ഥലങ്ങളിൽ ഇത് സംഭവിച്ചിട്ടുണ്ട്. ഇപ്പോൾ അത് സിറിയയിൽ സംഭവിക്കുകയാണ്. അങ്ങനെ അട്ടിമറിയുടെ വീരചരിതം കിറുകൃത്യമായി ആവർത്തിക്കപ്പെടുന്നു.




ഹൈദരാബാദിൽ നടന്ന പ്രതിഷേധം

### അസദിനെ പുറത്താക്കാൻ യു.എസ് വാശിപിടിക്കുന്നത് എന്തുകൊണ്ട്?

പ്രസിഡന്റ് അസദിനെ അധികാരത്തിൽനിന്ന് പുറത്താക്കാൻ യു.എസ് കഠിനശ്രമം നടത്തുന്നത് എന്തിന് എന്നതാണ് പ്രകടമായ ചോദ്യം. അതിന് ആദ്യംതന്നെ പ്രസക്തമായ ഏതാനും സാമ്പത്തിക-രാഷ്ട്രീയ വിഷയങ്ങൾ നമ്മുടെ അറിവിൽ വരേണ്ടതുണ്ട്. ഒന്നാമതായി, സിറിയ ഒരു പ്രധാനപ്പെട്ട ക്രൂഡ്ഓയിൽ ഉൽപ്പാദക രാജ്യമല്ലെങ്കിലും, ദശാബ്ദങ്ങൾക്കുമുമ്പുമുതലേ സൗദി അറേബ്യയുടെയും ഇറാഖിന്റെയും എണ്ണക്കുഴലുകൾ സിറിയൻ മരുഭൂമികളിലൂടെയാണ് കടന്നുപോകുന്നത്. അതുവഴി സിറിയയ്ക്ക് നല്ല നികുതിവരുമാനവും ലഭിച്ചിരുന്നു. രണ്ടാമതായി, ലോകത്ത് അറിയപ്പെടുന്ന ഏറ്റവും വലിയ പ്രകൃതിവാതക ശേഖരം പേർഷ്യൻ ഉൾക്കടലിന്റെ മധ്യഭാഗത്താണ് സ്ഥിതിചെയ്യുന്നത്. അതിന്റെ ഇരട്ടമുനമ്പുകളിലൊന്ന് ഖത്തർ തീരക്കടലിലും മറ്റേത് ഇറാനിലുമാണ്. വളരെക്കാലമായി യു.എസ് സാമ്രാജ്യത്വം ഈ ശേഖരങ്ങളുടെമേൽ കണ്ണുംനട്ടിരിക്കുകയാണ്. സൈനികക്കരുത്ത് കാട്ടിയും മറ്റ് ഹീനമായ മാർഗ്ഗങ്ങളെല്ലാം അവലംബിച്ചും ആ മേഖലയുടെ മേൽ നിയന്ത്രണം സ്ഥാപിക്കാൻ അവർ ജാഗരൂകരായി നിലകൊള്ളുകയാണ്. 2011 ജൂലൈയിൽ, സിറിയൻ ഗവണ്മെന്റും ഇറാനും ഇറാഖും തമ്മിൽ ചരിത്രപ്രധാനമായ ഒരു വാതക പൈപ്പ്ലൈൻ ഊർജ്ജക്കരാറിൽ ഒപ്പുവച്ചു. പേർഷ്യൻ ഉൾക്കടലിൽ സൗത്ത്പാർസ് വാതകശേഖരത്തിനടുത്തുള്ള ഇറാന്റെ ആസ്സലൂയ തുറമുഖത്തുനിന്ന് ആരംഭിച്ച് ഇറാഖിലൂടെ കടന്ന് സിറിയയിലെ ദമാസ്കസ് വരെയാണ് നിർദ്ദിഷ്ട പൈപ്പ്ലൈൻ. കരാറനുസരിച്ച്, ലെബനോണിലെ വാതകശേഖരം കൂടി ഉൾപ്പെടുന്ന പ്രകൃതിവാതകസമാഹരണത്തിന്റെയും ഉൽപ്പാദനത്തിന്റെയും ഒരു കേന്ദ്രമായി സിറിയ മാറും. ഇറാനിൽനിന്ന് ആരംഭിച്ച് ഇറാഖ്, സിറിയ, ലെബനോൺ വരെ നീളുന്ന ഈ മേഖല രാഷ്ട്രീയമായി തന്ത്രപ്രധാനമെന്ന നിലയിലാണ് വിഭാവനം ചെയ്യപ്പെട്ടിരിക്കുന്നത്. ഇറാനും ഇറാഖുമായി ഒപ്പുവച്ചതിന് തൊട്ടുപിന്നാലെ സിറിയ തങ്ങളുടെ പ്രദേശത്തുള്ള ഖരഹാണ്ടിൽ ഒരു വാതകക്കിണർ കണ്ടെത്തിയതായി പ്രഖ്യാപിച്ചു. സിറിയയിൽ പുതുതായി കണ്ടെത്തിയ വാതകമേഖലകളിലെ പ്രധാന നിക്ഷേപകരും നടത്തിപ്പുകാരുമായി ഗ്യാസ്പ്രോം തെരഞ്ഞെടുക്കപ്പെട്ടു. പ്രകൃതിവാതകത്തിന്റെ ഉൽപ്പാദന-വിതരണ-വിൽപ്പന രംഗത്തുള്ള ഒരു വൻകിട റഷ്യൻ കമ്പനിയാണ് ഗ്യാസ്പ്രോം. മറ്റൊരു കാര്യം, പ്രകൃതിവാതകത്തിന്റെ ലോകത്തെ ഏറ്റവും വലിയ കമ്പോളമാണ് യൂറോപ്യൻ യൂണിയൻ. വിപുലമായ കമ്പോളത്തെ മുന്നിൽക്കണ്ട് സ്വന്തമായി വാതകശേഖരങ്ങളുമുള്ള ഇറാൻ, ദമാസ്കസിൽനിന്ന് ലെബനോണിന്റെ മെഡിറ്ററേനിയനിലേക്ക് പൈപ്പ്ലൈൻ നീട്ടാനും പദ്ധതിയിട്ടുണ്ട്. മറുഭാഗത്ത്, യൂറോപ്യൻ യൂണിയന്റെ ഇതേ കമ്പോളത്തിൽ ഖത്തറും നോട്ടമിട്ടിരിക്കുകയാണ്. ഇതുവരെയും യു.എസ്-സൗദി കൂട്ടുകെട്ടിലെ വളരെ അടുത്ത ഒരു സഖ്യശക്തിയായ ഖത്തർ, ലോകത്തെ ഏറ്റവും വലിയ പ്രകൃതിവാതക കയറ്റുമതി രാജ്യം കൂടിയാണ്. അങ്ങനെ, മെഡിറ്ററേനിയനിലേക്ക് പൈപ്പ്ലൈൻ സ്ഥാപിക്കാൻ ഖത്തറും ആലോചിക്കുന്നുണ്ട്. അതുകൊണ്ട്, അവർക്ക് സിറിയയെ കളത്തിൽനിന്ന് പുറത്താക്കണം. വാസ്തവം പറഞ്ഞാൽ, ഖത്തറിലെ വടക്കൻ പാടശേഖരത്തുനിന്ന് സിറിയ വഴി തുർക്കിയിലേക്കുള്ള ഒരു വാതക പൈപ്പ്ലൈൻ




കൊല്ലത്ത് നടന്ന പ്രതിഷേധ പ്രകടനം

സ്ഥാപിക്കാനുള്ള ഒരു നിർദ്ദേശവുമായി 2009 ൽ ഖത്തർ അസദ് ഗവണ്മെന്റിനെ സമീപിച്ചിട്ടുണ്ടായിരുന്നു. റഷ്യയുമായും ഗ്യാസ്പ്രോമുമായുമുള്ള ദീർഘകാലത്തെ സൗഹൃദബന്ധം എടുത്തുപറഞ്ഞുകൊണ്ട് സിറിയ ആ നിർദ്ദേശം നിരസിച്ചു. തങ്ങളുടെ പ്രകൃതിവാതക-എണ്ണ മേഖലകളിലേക്കുള്ള യു.എസ് സാമ്രാജ്യത്വത്തിന്റെ കടന്നുകയറ്റം അസദ് തുടർച്ചയായി തടസ്സപ്പെടുത്തിവരികയായിരുന്നു. ഇത് യു.എസ്-സൗദി ചേരിക്ക് അസ്വാരസ്യമുണ്ടാക്കി. എണ്ണവ്യാപാരത്തിനുള്ള നാണയമായി യു.എസ് ഡോളർ ഒഴിവാക്കി യൂറോ ഏർപ്പെടുത്തുകയും യു.എസ് ബഹുരാഷ്ട്രക്കമ്പനികൾ വിതരണം ചെയ്തിരുന്ന ജനിതകമാറ്റംവരുത്തിയ വിത്തുകൾ നിരോധിക്കുകയും ചെയ്ത അസദിന്റെ നടപടികൾ യു.എസ് സാമ്രാജ്യത്വത്തെ കൂടുതൽ വിറളിപിടിപ്പിച്ചു. മധ്യ-പൂർവ്വ ദേശത്ത് യു.എസിന്റെ സാമ്പത്തിക-രാഷ്ട്രീയ തന്ത്രങ്ങൾക്കേൽക്കുന്ന തിരിച്ചടി തങ്ങളുടെ ഗൂഢമായ വർഗ്ഗതാൽപ്പര്യം സംരക്ഷിക്കാനായി പിന്തുടർന്നുവരുന്ന അധീശത്വ പദ്ധതികളെ അതിഗുരുതരമായ ബാധിക്കുമെന്ന്, യു.എസ് സാമ്രാജ്യത്വവാഴ്ചയെ ഉറപ്പിച്ചുനിർത്തുന്ന, യു.എസ് കുത്തകകളും ബഹുരാഷ്ട്രക്കമ്പനികളും ബാങ്കുകളും ഭയപ്പെട്ടു. അവിടെ യു.എസ് താൽപ്പര്യങ്ങൾ അപകടത്തിലാവുകയും യു.എസ് മിലിട്ടറി ആ മേഖലയിൽനിന്ന് പിൻവാങ്ങാൻ നിർബ്ബന്ധിതമാവുകയും ചെയ്യുകയാണെങ്കിൽ അത് റഷ്യയ്ക്കും ചൈനയ്ക്കും ഗുണപരമായി ഭവിക്കും. പ്രതിവിപ്ലവത്തിനുശേഷം മുതലാളിത്ത-സാമ്രാജ്യത്വ രാജ്യങ്ങളായി മാറിയ ഈ രണ്ട് രാജ്യങ്ങളും ഇന്ന് ആഗോള മുതലാളിത്ത കമ്പോളത്തിലെ പ്രധാന മത്സരക്കാരായി ഉദയം ചെയ്തിരിക്കുകയാണ്. പശ്ചിമേഷ്യയിലെ മറ്റൊരു യു.എസ് വിരുദ്ധ രാഷ്ട്രമായ ഇറാന്റെ സ്ഥാനവും അത് ബലപ്പെടുത്തും. സിറിയയെ ബലപ്രയോഗത്തിലൂടെ കീഴടക്കുകയും അവിടെ ഒരു പാവ ഗവണ്മെന്റിനെ അവരോധിക്കുകയും ചെയ്യുകയെന്നത് യു.എസിനെ സംബന്ധിച്ചിടത്തോളം അനിവാര്യമായിമാറുന്ന നിർബ്ബന്ധിത സാഹചര്യം ഇതാണ്.

സിറിയയും ഒരു ഏകീകൃത അർദ്ധ-പ്രസിഡൻഷ്യൽ റിപ്പബ്ലിക് അഥവാ ഒരു ബൂർഷ്വാ സ്വേച്ഛാധിപത്യ രാഷ്ട്രമാണെന്ന വസ്തുതയും പരിഗണിക്കേണ്ടതുണ്ട്. അതുകൊണ്ട് നിശ്ചയമായും ബൂർഷ്വാ മർദ്ദനത്തിനും ചൂഷണത്തിനും വിധേയരാണ് അവിടത്തെ ജനങ്ങൾ. മറ്റെല്ലാ മുതലാളിത്ത രാജ്യങ്ങളിലെയും ഭരണ ബൂർഷ്വാസിയെപ്പോലെ തന്നെ സിറിയയിലെ ബൂർഷ്വാസിക്കും, ഊർദ്ധശ്വാസം വലിക്കുന്ന ജീർണ്ണമുതലാളിത്തത്തിന്റേതായ ഇന്നത്തെ കാലഘട്ടത്തിൽ, ജനങ്ങളുടെ ജനാധിപത്യാഭിലാഷങ്ങൾ സഫലമാക്കാൻ കഴിയില്ല. അതുകൊണ്ട് ഉറപ്പായും സിറിയൻ ജനങ്ങൾക്കിടയിൽ അസംതൃപ്തിയുണ്ടാകും. പക്ഷെ അതിനർത്ഥം, ഏതെങ്കിലും ഒരു സാമ്രാജ്യത്വ ശക്തിക്ക് അഥവാ മധ്യ-പൂർവ്വ മേഖലയിലെ യു.എസ് സാമ്രാജ്യത്വ അനുകൂലമായ ഏതെങ്കിലും ഒരു പിന്തിരിപ്പൻ ഗവണ്മെന്റിന് സിറിയയുടെ ആഭ്യന്തരകാര്യങ്ങളിൽ ഇടപെടാനോ ഭരണമാറ്റം ലക്ഷ്യംവച്ചുള്ള കുഴപ്പങ്ങൾ കുത്തിപ്പൊക്കി തങ്ങൾക്കിഷ്ടമുള്ള പിന്തിരിപ്പന്മാരെ ഉൾപ്പെടുത്തിയുള്ള പാവ ഗവണ്മെന്റിനെ അവരോധിക്കാനോ അധികാരമുണ്ടെന്നല്ല. ഏതൊരു രാജ്യത്തെയും ഭരണാധികാരികളെ തെരഞ്ഞെടുക്കാനുള്ള അവകാശം അതാതിടങ്ങളിലെ ജനങ്ങളിൽ നിക്ഷിപ്തമായിരിക്കുന്ന കർത്തവ്യമാണ്. ഒരു പരമാധികാര രാജ്യത്തിന്റെ ആഭ്യന്തരകാര്യങ്ങളിൽ ഒരു വിദേശ ശക്തിയും നിയമവിരുദ്ധമായോ അനധികൃതമായോ ഇടപെടാൻ പാടില്ല. സൈനികകാക്രമണത്തിലൂടെ അധികാരഭ്രഷ്ടമാക്കുന്നത് ഒട്ടുംതന്നെ സ്വീകാര്യമല്ല. സിറിയ എന്തുമാർഗ്ഗം പിന്തുടരണമെന്നത് തീരുമാനിക്കാനുള്ള സ്വാതന്ത്ര്യം അവിടത്തെ ജനങ്ങൾക്കുതന്നെ വിട്ടുകൊടുക്കണം. വിപ്ലവനേതൃത്വത്തിന് ജന്മംനൽകിക്കൊണ്ട് മോചനത്തിനുവേണ്ടി പൊരുതാനും ശരിയായ അടിസ്ഥാന രാഷ്ട്രീയ ലൈനിൽ മുന്നോട്ടുനീങ്ങാനും അവർക്ക് കഴിയണം.

### സാമ്രാജ്യത്വ റഷ്യയുടെ പങ്ക്

മുതലാളിത്ത-സാമ്രാജ്യത്വ റഷ്യ അവരുടെ സ്വന്തം താൽപ്പര്യങ്ങൾ വച്ചുകൊണ്ടാണെങ്കിലും അസദിന്റെ സേനകൾക്ക് നല്ലൊരു കാലയളവ് വരെ ഭീഷണികളെ നേരിടാനുള്ള പൂർണ്ണപിന്തുണ നൽകിയിട്ടുണ്ട് എന്നത് ഈ സന്ദർത്തിൽ പരാമർശിക്കേണ്ടതുണ്ട്. സൈനിക ഇടപെടലുകൾ ഉൾപ്പെടെയുള്ള എല്ലാ സാമ്രാജ്യത്വ ഗൂഢപദ്ധതികൾക്കെതിരെയുമുള്ള ശക്തികേന്ദ്രമായി നിലയുറപ്പിച്ചിരുന്ന സോഷ്യലിസ്റ്റ് സോവിയറ്റ് യൂണിയനല്ല ഇന്നത്തെ റഷ്യ. 1991 ലെ പ്രതിവിപ്ലവത്തിലൂടെ അധികാരത്തിലേറിയ റഷ്യൻ ബൂർഷ്വാസി ഭരിക്കുന്ന ഈ റഷ്യ, മറ്റ് സാമ്രാജ്യത്വ രാജ്യങ്ങളെപ്പോലെ, സ്വന്തം സ്വാധീന മേഖലകൾ വ്യാപിപ്പിക്കുകയെന്ന അധീശത്വ താൽപ്പര്യങ്ങളാണ് പിന്തുടരുന്നത്.

മധ്യ-പൂർവ്വ മേഖലയിൽ എണ്ണയുടെയും വാതകത്തിന്റെയും മേൽ ആര് എത്രത്തോളം നിയന്ത്രണം ചെലുത്തണമെന്ന് നിശ്ചയിക്കുന്ന ഊർജ്ജയുദ്ധത്തിൽ യു.എസിനും സൗദി അറേബ്യ, ഖത്തർ പോലുള്ള അതിന്റെ സഖ്യരാജ്യങ്ങൾക്കും മുന്നിൽ അടിയറവ് പറയേണ്ടിവരുമോ എന്ന ആശങ്കയിൽനിന്നാണ് റഷ്യ സിറിയൻ യുദ്ധത്തിൽ പങ്കാളിയാകുന്നത്. മാത്രമല്ല, റഷ്യൻ കമ്പനിയായ ഗ്യാസ്പ്രോം ഉൽപ്പാദിപ്പിക്കുന്ന വാതകത്തിന്റെ 80 ശതമാനവും വിൽക്കുന്നത് യൂറോപ്പിലാണ്, ഭാഗികമായി തുർക്കിയിലൂടെയും സിറിയയിലൂടെയും. ഇറാനിലെ വാതകസമ്പന്ന കിഴക്കൻ പാർസ് മേഖലയിൽനിന്നും ഇറാഖ്, സിറിയ വഴി ലെബനോണിലെ മെഡിറ്ററേനിയൻ സമുദ്രതീരം വരെ നീളുന്ന നിർദ്ദിഷ്ട വാതക പൈപ്പ്ലൈൻ യൂറോപ്യൻ കമ്പോളത്തിനു മാത്രമല്ല ചൈന, ഇൻഡ്യ, പാക്കിസ്ഥാൻ തുടങ്ങി ഇതര ദക്ഷിണ-പൂർവ്വേഷ്യൻ രാജ്യങ്ങൾക്കും സഹായകരമാകും. രണ്ടാമതായി, എണ്ണയിൽ മാത്രം സമ്പന്നമായ സൗദി അറേബ്യയെയും പ്രകൃതിവാതകത്തിൽ മാത്രം സമ്പ

*(ശേഷം 10-ാം പേജിൽ)*

# സിപിഐ(എം) 22-ാം പാർട്ടി കോൺഗ്രസ്സിൽ എസ്‌യുസിഐ(സി) പൊളിറ്റ്ബ്യൂറോ മെമ്പർ സഖാവ് അസിത് ഭട്ടാചാര്യ 2018 ഏപ്രിൽ 8ന് ചെയ്ത പ്രസംഗം

*2018 ഏപ്രിൽ 8ന് ഹൈദരാബാദിൽ നടന്ന സിപിഐ(എം) 22-ാം പാർട്ടി കോൺഗ്രസ്സിൽ എസ്‌യുസിഐ(സി) പൊളിറ്റ്ബ്യൂറോ മെമ്പർ സഖാവ് അസിത് ഭട്ടാചാര്യ ചെയ്ത പ്രസംഗം*

---

സഖാക്കളെ,

ഹൈദരാബാദിൽ നടക്കുന്ന നിങ്ങളുടെ 22-ാം പാർട്ടി കോൺഗ്രസ്സുമായി ബന്ധപ്പെട്ട ഗംഭീരമായ ഈ സമ്മേളനത്തിൽ സോഷ്യലിസ്റ്റ് യൂണിറ്റി സെന്റർ ഓഫ് ഇന്ത്യ(കമ്മ്യൂണിസ്റ്റ്) പാർട്ടിയെ പ്രതിനിധീകരിച്ച് പങ്കെടുക്കുന്ന ഞാൻ ആദ്യമായി ഊഷ്മളമായ അഭിവാദ്യങ്ങൾ അർപ്പിക്കട്ടെ. രാജ്യമാകെ രൂക്ഷമായ സാമ്പത്തിക പ്രതിസന്ധിയാൽ പുളയുന്ന സമയമാണിത്. വ്യവസായ മേഖലയാകെ സ്തംഭിക്കുകയും രാജ്യം മാന്ദ്യത്തിന്റെ പിടിയിൽ അമരുകയും ചെയ്യുകയാണ്. ജനസംഖ്യയുടെ 95 ശതമാനം വരുന്ന അദ്ധ്വാനിച്ച് ജീവിക്കുന്നവർക്ക് ജീവൻ നിലനിർത്താൻ നന്നേ ക്ലേശിക്കേണ്ടിവരുന്നു. ജനങ്ങളിൽ നല്ലൊരു പങ്ക് വരുന്ന ദരിദ്ര-ഇടത്തരം കർഷകർ പിടിച്ചുനിൽക്കാനാകാതെ ആത്മഹത്യയിൽ അഭയംതേടുകയാണ്. മുതലാളിത്ത വാഴ്ചയാണ് അസഹനീയമായ ഈ സ്ഥിതിക്ക് കാരണമെന്ന് പറയേണ്ടതില്ലല്ലോ. കേന്ദ്രത്തിലും വിവിധ സംസ്ഥാനങ്ങളിലും ആർഎസ്എസ്-ബിജെപി ഭരണം ആരംഭിച്ചതോടെ മുതലാളിത്ത ചൂഷണത്താൽ നട്ടംതിരിയുന്ന ജനങ്ങളുടെ ജീവിതത്തിനുനേർക്ക് പുതിയ ഭീഷണികൂടി ഉയർന്നിരിക്കുകയാണ്. ഭരണകൂട പിന്തുണയോടെ രാജ്യത്തെവിടെയും വർഗ്ഗീയ കലാപങ്ങളും കൊലപാതകങ്ങളും ആക്രമണങ്ങളും ചിട്ടയായ ആസൂത്രണത്തോടെ നടപ്പിലാക്കിക്കൊണ്ട് അവർ സാമൂഹ്യാന്തരീക്ഷമാകെ വിഷലിപ്തമാക്കിയിരിക്കുന്നു. ബോധപൂർവ്വം മതഭ്രാന്ത് വളർത്തിയെടുക്കുന്ന ഈ ശക്തികൾ രാജ്യത്തെ ഫാസിസത്തിലേക്ക് നയിക്കുന്നു എന്നതാണ് ഏറ്റവും മാരകമായിട്ടുള്ളത്. ഫാസിസം മനുഷ്യരാശിയുടെ ഏറ്റവും കൊടിയ ശത്രുവാണ്.

അദ്ധ്വാനിച്ച് ജീവിക്കുന്ന ജനങ്ങൾ ഇപ്രകാരം തീർത്തും നിസ്സഹായരായിരിക്കുന്ന ഈ സാഹചര്യത്തിൽ, ഭ്രാന്തമായ ഈ വർഗ്ഗീയ ശക്തിക്ക് തടയിടാനായി ഐതിഹാസികമായ ജനകീയ മുന്നേറ്റം വളർത്തിയെടുക്കുക എന്ന ലക്ഷ്യത്തോടെ ഒരു രാഷ്ട്രീയകാതലിന് രൂപം നൽകാൻ ഇടതുപക്ഷ ശക്തികൾ ബാദ്ധ്യസ്ഥരായിരിക്കുന്നു. ഇതിനായി മറ്റ് ജനാധിപത്യ-മതേതര ശക്തികളുമായി ചേർന്ന് വിശാലമായ ഐക്യനിര പടുത്തുയർത്തുകയുംവേണം. അതോടൊപ്പം, എല്ലാ ബിജെപി വിരുദ്ധ ശക്തികളും മതേതര സ്വഭാവമുള്ളവരല്ല എന്ന കാര്യം ഓർക്കുകയുംവേണം.

യഥാർത്ഥ മതേതരത്വം ചരിത്രത്തിൽ ഉദയംചെയ്തത് ജന്മിത്തത്തിനെതിരായ ജനകീയ മുന്നേറ്റത്തിലൂടെയാണ്. ഭരണകൂടത്തിന്റെ പ്രവർത്തനങ്ങൾക്കുമേൽ മതം പിടിമുറുക്കുന്നതിനെതിരായ ആ പോരാട്ടം, ഭരണകൂട പ്രവർത്തനങ്ങൾ മതത്തിനതീതമായി മാറുന്നതിലും സാമൂഹ്യ ബന്ധങ്ങൾ മതത്തിന്റെ സ്വാധീനത്തിൽ നിന്നും മുക്തമാകുന്നതിലുമാണ് കലാശിച്ചത്. കാലം മുന്നേറിയതോടെ മതേതരത്വവും ശാസ്ത്രീയ-ജനാധിപത്യ വീക്ഷണവും പരസ്പരം വേർപെടുത്താനാകാത്ത വിധം ഒന്നായി തീരുകയായിരുന്നു. ഈ വികാസത്തിന്റെ പാരമ്യത്തിൽ മതാന്ധതയിൽ നിന്നും അന്ധവിശ്വാസങ്ങളിൽ നിന്നും ജനങ്ങൾ മോചിതരായി.

രാജ്യത്തെ ആകമാന സാഹചര്യം, വിശേഷിച്ച് ആർഎസ്എസ്-ബിജെപി ശക്തികളുടെ അപകടകരമായ വളർച്ച, പരിഗണിക്കുമ്പോൾ 1975 ലെ അടിയന്തരാവസ്ഥയ്ക്ക് മുൻപ് വളർന്നുവന്നതുപോലുള്ള, ശക്തമായൊരു ഇടതുപക്ഷ മുന്നേറ്റം രാജ്യവ്യാപകമായി പുനരുജ്ജീവിപ്പിച്ചെടുക്കുക എന്നത് അടിയന്തരാവശ്യകതയാണെന്ന് ഞങ്ങൾ ഉറച്ചു വിശ്വസിക്കുന്നു. ജാതി, മതം, ഭാഷ തുടങ്ങിയവയ്ക്കൊക്കെ അതീതമായി, ജനജീവിതത്തിന്റെ നീറുന്ന പ്രശ്നങ്ങൾ കേന്ദ്രീകരിച്ച്, നിരന്തരമായ ജനകീയ പ്രക്ഷോഭങ്ങൾ, അധ്വാനിച്ച് ജീവിക്കുന്ന ജനവിഭാഗങ്ങളെയാകെ അണിനിരത്തിക്കൊണ്ട് വളർത്തിയെടുക്കുന്നതിലൂടെ മാത്രമേ ഇത് സാധ്യമാകൂ. വീറുറ്റ ജനാധിപത്യ സമരങ്ങൾ സംഘടിപ്പിക്കുമ്പോൾ, അതിന് അനുപൂരകവും അനുയോജ്യവുമായ നടപടികൾ നിയമനിർമ്മാണ സഭകളിലുമുണ്ടാകണമെന്നത് ശരിയാണെങ്കിലും സഭകൾക്ക് പുറത്ത് നടക്കുന്ന, പാർലമെന്റേതരമായ സമരങ്ങളാണ് പ്രഥമവും നിർണ്ണായക പ്രാധാന്യമുള്ളതുമെന്ന കാര്യം നമ്മൾ മറന്നുകൂടാ. ഇത്രയും പറഞ്ഞുകൊണ്ട് ഈ ലഘു പ്രസംഗം അവസാനിപ്പിക്കുകയാണ്. ഒരിക്കൽ കൂടി സഖാക്കളെ നിങ്ങൾക്കേവർക്കും ഞങ്ങളുടെ അഭിവാദ്യങ്ങൾ.

---

# സിറിയ...

*(9-ാം പേജിൽ നിന്ന്)*

ന്നമായ ഖത്തറിനെയും അപേക്ഷിച്ച് ഇറാനുള്ള മെച്ചം അത് ഒരേസമയം എണ്ണസമ്പന്നവും വാതകസമ്പന്നവുമാണ് എന്നതാണ്. ദീർഘനാളായി ഇറാനിയൻ ഭരണാധികാരികൾ റഷ്യയോട് സൗഹൃദം പുലർത്തുകയും യു.എസ് അധീശത്വത്തെ എതിർക്കുകയും ചെയ്തുവരികയാണ്. അതുകൊണ്ട്, ആ അനുകൂല സ്ഥിതി നഷ്ടപ്പെടാൻ റഷ്യ ആഗ്രഹിക്കുന്നില്ല. അതിനെ സംബന്ധിച്ചിടത്തോളം, ഇറാനുമായി ശക്തമായ സാമ്പത്തിക ബന്ധമുള്ളതും യു.എസ് പിന്തുണയുള്ള സൗദി ചേരിയുമായി എതിർപ്പുള്ളതുമായ സിറിയ പ്രത്യക്ഷത്തിൽത്തന്നെ ഒരു സ്വാഭാവിക ബന്ധുവാണ്. റഷ്യയെ മെരുക്കാനായി, യു.എസ് നേതൃത്വത്തിലുള്ള പശ്ചിമ സാമ്രാജ്യത്വ ശക്തികൾ കിഴക്കൻ യൂറോപ്പിലെയും ബാൾട്ടിക് രാജ്യങ്ങളിലെയും നാറ്റോ താവളങ്ങൾ വിപുലീകരിക്കുകയും ശക്തിപ്പെടുത്തുകയും ഉക്രെയ്നിലെ റഷ്യൻ അനുകൂല ഗവണ്മെന്റിനെ പിന്നിൽനിന്ന് വലിച്ചുതാഴെയിട്ട് അവിടെ ഒരു ആഭ്യന്തരയുദ്ധം സൃഷ്ടിച്ചിരിക്കുകയുമാണ്. മറുവശത്ത്, റഷ്യയാകട്ടെ, അതിന്റെ ശക്തി സ്ഥാപിച്ചെടുക്കാനും സിറിയയിലെ യു.എസ് ഗൂഢപദ്ധതികളെ പരാജയപ്പെടുത്താനും സ്വന്തം സ്വാധീന മേഖലകൾ വ്യാപിപ്പിക്കാനും ശ്രമിക്കുകയാണ്. അറബ് ലോകത്തിനുമേലുള്ള ഈ സാമ്രാജ്യത്വ കടന്നാക്രമണം, ഈ മേഖലയിലും അവിടത്തെ പ്രകൃതി വിഭവങ്ങളുടെ മേലും അനിഷേധ്യമായ നിയന്ത്രണം സ്ഥാപിക്കാനായി സർവ്വശക്തിയോടെ കൗശലപൂർവ്വം ചാടിവീഴുന്ന സാമ്രാജ്യത്വ ശക്തികളുടെ മുഖമുദ്രയായ അത്യാർത്തിയാലും ക്രൂരതയാലും നയിക്കപ്പെടുന്നതാണെന്ന്, വ്യക്തമാകുന്നു.

### ഒട്ടും കൂസാതെ പകൽക്കൊള്ള നടത്താൻ യു.എസ് കൊള്ളസംഘത്തെ പ്രേരിപ്പിക്കുന്നതെന്താണ്?

സാമ്രാജ്യത്വ കഴുകന്മാർ അറുവഷളൻ യുദ്ധദാഹികളായി മാറിയതെന്തുകൊണ്ടെന്നും മറ്റ് രാജ്യങ്ങളുടെമേൽ ഒന്നിനുപിറകെ ഒന്നായി സൈനികാക്രമണം നടത്താനും, സൈനികക്കരുത്ത് കാട്ടി മറ്റ് പ്രദേശങ്ങൾ പിടിച്ചടക്കാനും, വിവിധ രാജ്യങ്ങളിൽ അട്ടിമറികൾ സംഘടിപ്പിച്ച് പാവ ഗവണ്മെന്റുകളെ അവരോധിക്കാനും, ലോകത്തുടനീളം പ്രത്യേകിച്ചും മധ്യ-പൂർവ്വ മേഖലയിൽ ഒരു യുദ്ധഭീതി നിലനിർത്താനും, പ്രാദേശികവും ഭാഗികവും ചിലപ്പോൾ വിപുലവുമായ യുദ്ധങ്ങൾ ചുറുചുറുക്കോടെ സംഘടിപ്പിക്കാനും യു.എസ് സാമ്രാജ്യത്വത്തിനും കൂട്ടാളികൾക്കും എങ്ങനെ സാധിക്കുന്നു എന്നതാണ് ചോദ്യം. ഉത്തരം കിടക്കുന്നത് സാമ്രാജ്യത്വത്തിന്റെ സാമ്പത്തിക ഉള്ളടക്കത്തിലും നിലനിൽക്കുന്ന അന്തർദ്ദേശീയ രാഷ്ട്രീയ സാഹചര്യത്തിലുമാണ്.

സാമ്രാജ്യത്വം യുദ്ധം സൃഷ്ടിക്കുന്നുവെന്ന് വളരെക്കാലം മുമ്പു തന്നെ മഹാനായ ലെനിൻ പറഞ്ഞിട്ടുണ്ട്. എന്തുകൊണ്ടാണ് അദ്ദേഹം അങ്ങനെ പറഞ്ഞത്? കാരണം, മുതലാളിത്ത സമ്പദ്‌വ്യവസ്ഥ കമ്പോളത്തിന്റെ ആവശ്യകതയെ ആശ്രയിച്ചാണ് നിലകൊള്ളുന്നത്. മുതലാളിത്ത ചൂഷണത്തിന്റെ ആന്തരിക നിയമപ്രകാരം, സാധാരണ ജനങ്ങളുടെ ക്രയശേഷി (വാങ്ങൽശേഷി അഥവാ വരുമാനം) പെട്ടെന്ന് ഇടിയുന്നു. അതുകൊണ്ട് കമ്പോളവും ചുരുങ്ങുന്നു. ആഭ്യന്തര കമ്പോളം ചുരുങ്ങുമ്പോൾ, സാമ്രാജ്യത്വ ശക്തികൾ വിദേശകമ്പോളങ്ങൾ പരതും. പക്ഷെ അപ്പോഴേക്കും കമ്പോളം പിടിച്ചെടുക്കുന്നതിനെ ചുറ്റിപ്പറ്റി സാമ്രാജ്യത്വ ശക്തികൾക്കിടയിൽ ഏറ്റുമുട്ടലുകളും ഉടലെടുക്കും. പലപ്പോഴും ഈ ഏറ്റുമുട്ടലുകൾ തുറന്ന സായുധഏറ്റുമുട്ടലുകളായി, അതായത് യുദ്ധങ്ങളായി, പരിണമിക്കും. ഒന്നും രണ്ടും ലോകയുദ്ധങ്ങൾ പിറവിയെടുത്തത് അങ്ങനെയാണ്. എന്നാൽ അധികം താമസിയാതെ വിദേശ കമ്പോളങ്ങളും വറ്റിത്തുടങ്ങുകയും മുതലാളിത്ത-സാമ്രാജ്യത്വ പ്രതിസന്ധി കൂടുതൽ രൂക്ഷമാവുകയും ചെയ്യും. രൂക്ഷമാവുന്ന പ്രതിസന്ധിയിൽനിന്ന് കരകയറാനായി, മുതലാളിത്ത-സാമ്രാജ്യത്വ ശക്തികൾ സാധാരണ രീതിയിലുള്ള ഉപഭോഗ കമ്പോളത്തെ ആശ്രയിക്കുന്നത് ചുരുക്കുന്നു, പകരം, സൈനികച്ചെലവ് വർദ്ധിപ്പിച്ച് സമ്പദ്‌വ്യവസ്ഥയെ ഉത്തേജിപ്പിക്കാനും അതുവഴി പരമാവധി ലാഭം കൊയ്യാനും ശ്രമിക്കുന്നു. അതായത്, ജനങ്ങളിൽനിന്ന് ഗവണ്മെന്റ് സമാഹരിക്കുന്ന നികുതിവരുമാനത്തിന്റെ നല്ലൊരു പങ്ക് സൈനികബജറ്റിന് നീക്കിവയ്ക്കുകയും ഗവണ്മെന്റുതന്നെ ആ പണമുപയോഗിച്ച് കമ്പോളത്തിൽനിന്ന് യുദ്ധസാമഗ്രികൾ വാങ്ങിക്കൂട്ടുകയും ചെയ്യുന്നു. ഇതിനെ സമ്പദ്‌വ്യവസ്ഥയുടെ സൈനികവൽക്കരണം എന്നുവിളിക്കുന്നു. പ്രതിസന്ധി എത്രത്തോളം രൂക്ഷമാകുന്നുവോ, സമ്പദ്‌വ്യവസ്ഥ അത്രത്തോളം സൈനികവൽക്കരിക്കപ്പെടുന്നു. വീണ്ടും ഒരു പ്രശ്നം ഉദിക്കുന്നു. ഇപ്രകാരം വാങ്ങിക്കൂട്ടുകയോ ഉൽപ്പാദിപ്പിക്കുകയോ ചെയ്യുന്ന യുദ്ധസാമഗ്രികൾ ഉപയോഗിച്ചു തീർക്കേണ്ടതുണ്ട്. എങ്കിൽമാത്രമേ പുതുതായി അവ വീണ്ടും വാങ്ങാനും അല്ലെങ്കിൽ ഉൽപ്പാദിപ്പിക്കാനും അതുവഴി സൈനികവൽക്കരണം നിലനിർത്താനും കഴിയൂ. അതുകൊണ്ട് അവർ അവിടെയുമിവിടെയും യുദ്ധങ്ങൾ അഴിച്ചുവിടുന്നു. അങ്ങനെ യുദ്ധത്തിലേർപ്പെടുന്ന രാജ്യങ്ങൾക്ക് ആയുധങ്ങൾ വിൽക്കാനുള്ള കമ്പോളം സൃഷ്ടിക്കപ്പെടുന്നു. അതല്ലെങ്കിൽ ആയുധ ഉൽപ്പാദക രാജ്യങ്ങൾതന്നെ അവർക്ക് ശത്രുതയുള്ള മറ്റ് രാജ്യങ്ങളുടെ മേൽ അവ പ്രയോഗിക്കുന്നു. എല്ലാ സാമ്രാജ്യത്വ രാജ്യങ്ങളും ലോകത്തെ മുഴുവൻ യുദ്ധഭീതിയിലും ശത്രുതകളിലും തളച്ചിടുന്നത് അതുകൊണ്ടാണ്. സാമ്രാജ്യത്വം നിലനിൽക്കുവോളം യുദ്ധം പൊട്ടിപ്പുറപ്പെടാനുള്ള സാദ്ധ്യതയും നിലനിൽക്കും. യുദ്ധത്തിന്റെ അനിവാര്യതാ നിയമം സാമ്രാജ്യത്വ കാലഘട്ടത്തിൽ അർത്ഥശാസ്ത്രത്തിന്റെ ഒരു നിയമമാണ്. ഈ കാലഘട്ടത്തിന്റെ സവിശേഷമായ സാമ്പത്തിക സാഹചര്യങ്ങളിൽനിന്നാണ് അത് ഉടലെടുക്കുന്നത്. വർദ്ധിക്കുന്ന യുദ്ധഭീഷണികളും യു.എസ് സാമ്രാജ്യത്വത്തിന്റെയും കൂട്ടാളികളുടെയും യുദ്ധവെറിയും മേൽപ്പറഞ്ഞ ധാരണയുടെ വെളിച്ചത്തിൽ നാം മനസ്സിലാക്കണം.

എന്തൊക്കെ പരിമിതികളുണ്ടായിരുന്നുവെങ്കിലും, സോഷ്യലിസ്റ്റ് ചേരി നിലനിന്ന കാലത്തുടനീളം അത് സാമ്രാജ്യത്വ യുദ്ധപദ്ധതികൾക്കെതിരെ ശക്തമായി നിലയുറപ്പിച്ചിരുന്നു. എന്നാൽ, സാമ്രാജ്യത്വ പിന്തുണയോടെയുള്ള റിവിഷനിസ്റ്റ് ഗൂഢാലോചനയുടെ ഫലമായി സോഷ്യലിസ്റ്റ് ചേരി ഇല്ലാതായതോടെ, സാമ്രാജ്യത്വശക്തികളെ പ്രത്യേകിച്ചും യു.എസ് സാമ്രാജ്യത്വത്തെ നിയന്ത്രിക്കാൻ ആരുമില്ലാത്ത അവസ്ഥ സംജാതമായി. അനിയന്ത്രിതമായ പുത്തൻ കൊളോണിയൽ ചൂഷണവും ആക്രമണങ്ങളും അധിനിവേശ യുദ്ധങ്ങളായി മാറി.

സാമ്രാജ്യത്വ ഗൂഢപദ്ധതിയുടെ ഇരകളാക്കി വിവിധ രാജ്യങ്ങളെ കൊള്ളയടിച്ചതിനുശേഷം, യു.എസ് സാമ്രാജ്യത്വവും സംഘവും എണ്ണയും പ്രകൃതിവാതകവും കൊണ്ട് സമ്പന്നമായ മധ്യ-പൂർവ്വ മേഖലയിലേക്ക് തിരിയുകയും കപടന്യായങ്ങൾ നിരത്തി അവിടെ യുദ്ധത്തീകൊളുത്തുകയും വലിയ അളവിൽ നിരപരാധികളുടെ ജീവനപഹരിക്കുകയും സമ്പത്ത് നശിപ്പിക്കുകയും ചെയ്തു. യു.എസിന്റെ ഇറാഖ് അധിനിവേശത്തിൽ കൊല്ലപ്പെട്ടത് 3.5 ലക്ഷം പൗരന്മാരാണ്. അഫ്ഗാനിസ്ഥാനിലും ലിബിയയിലും യെമനിലുമായി കൊല്ലപ്പെട്ടത് 2 ലക്ഷത്തോളം പൗരന്മാർ. സിറിയയിൽ ഇതിനോടകം 2 ലക്ഷത്തിലേറെ ആളുകൾ കൊല്ലപ്പെട്ടു, 30 ലക്ഷത്തിലേറെ ആളുകൾ അഭയാർത്ഥികളായി ആ രാജ്യം വിട്ടു. യു.എസ് സ്പോൺസർ ചെയ്ത വിമതന്മാർ തട്ടിക്കൊണ്ടുപോകലും കൊലപാതകങ്ങളും പീഡനങ്ങളും കാർബോംബാക്രമണങ്ങളും ഉൾപ്പെടെയുള്ള അതിഗുരുതരമായ മനുഷ്യാവകാശ ലംഘനങ്ങൾ നടത്തിയെന്ന് ആംനെസ്റ്റി ഇന്റർനാഷണൽ തന്നെ വെളിപ്പെടുത്തുകയുണ്ടായി. പക്ഷെ യു.എസ് സാമ്രാജ്യത്വത്തിന് ഒരു കുലുക്കവുമില്ല. കൂടുതൽ ആവേശത്തോടെ മധ്യ-പൂർവ്വ മേഖലയപ്പാടെ തങ്ങളുടെ ബൂട്ടിനടിയിൽ കൊണ്ടുവരാനുള്ള തത്രപ്പാടിലാണവർ.

### യു.എസ് സാമ്രാജ്യത്വം സിറിയയെ വെറുതെ വിടുക

സ്ഥിതിവിശേഷം വളരെ സ്ഫോടനാത്മകമാണ്. കൊള്ളമുതലിനുമേൽ പിടിമുറുക്കുന്നതിനുവേണ്ടി യു.എസ് സാമ്രാജ്യത്വം കൈക്കൊള്ളുന്ന ക്രൂരതയ്ക്കും മനുഷ്യത്വരാഹിത്യത്തിനും പരിധികളില്ല. യൂറോപ്പിലെ തങ്ങളുടെ സഹയാത്രികർ, ചങ്ങാതിമാരായ സയണിസ്റ്റ് ഇസ്രായേൽ, സൗദി അറേബ്യ, അവരുടെ പിണിയാളുകൾ എന്നിവരെയെല്ലാം ഒപ്പംകൂട്ടി മധ്യ-പൂർവ്വ മേഖലയപ്പാടെ യു.എസ് ഒരു കൊലപാതക കളമാക്കി മാറ്റിത്തീർത്തു. അഫ്ഗാനിസ്ഥാൻ, പാലസ്തീൻ, ഇറാഖ്, ലിബിയ, യെമൻ, സിറിയ -- അടുത്തത് ആരാണ് സാമ്രാജ്യത്വ കോപത്തിനും അതിഭീകരമായ കൂട്ടക്കൊലകൾക്കും ഇരയാവുക? കുട്ടികളും സ്ത്രീകളും ഉൾപ്പെടെ നിരപരാധികളായ എത്രയാളുകൾ കൊല്ലപ്പെടും, എത്രപേർ വികലാംഗരാക്കപ്പെടും, എത്രമാത്രം സമ്പത്ത് നഷ്ടപ്പെടും? ഒരു നിശ്ചയവുമില്ല. ഇതിങ്ങനെ തടസ്സമില്ലാതെ തുടരാൻ അനുവദിച്ചാൽ, രക്തദാഹികളായ ഈ കഴുകന്മാർ കൂടുതൽ അനിയന്ത്രിതരായി ലോകത്തെ മുഴുവൻ ജനങ്ങളെയും ചവിട്ടിമെതിക്കും. മുതലാളിത്ത പ്രതിസന്ധിയുടെയും സാമ്രാജ്യത്വ യുദ്ധത്തിന്റെയും ഭവിഷ്യത്തുകൾ പേറേണ്ടിവരുന്നത് ജനങ്ങളാണ്. ജനങ്ങളുടെ നികുതിപ്പണം ചെലവഴിച്ചാണ് ഗവണ്മെന്റുകൾ മാരകായുധങ്ങൾ വാങ്ങിക്കൂട്ടുന്നത്. എന്നിട്ട് ആ ആയുധങ്ങൾ ജനങ്ങൾക്കുനേരെ തന്നെ പ്രയോഗിക്കുന്നു.

സാമ്രാജ്യത്വ-മുതലാളിത്ത ഭരണാധികാരികളും അവരുടെ യുദ്ധവ്യാപാരികളും അവരുടെ സമ്പത്ത് പലമടങ്ങ് വർദ്ധിപ്പിക്കുമ്പോൾ, നിരപരാധികളും നിരാലംബരുമായ ജനങ്ങൾക്ക് ജീവനും സ്വത്തും നഷ്ടപ്പെടുന്നു. അതുകൊണ്ട് ജനങ്ങൾ ഉണരണം. ശരിയായ വിപ്ലവപ്പാർട്ടിക്കും നേതൃത്വത്തിനും രൂപംനൽകിക്കൊണ്ട് വിവിധ മുതലാളിത്ത-സാമ്രാജ്യത്വ രാജ്യങ്ങളിലെ അദ്ധ്വാനിക്കുന്ന ജനവിഭാഗങ്ങൾ അതാത് രാജ്യത്തെ ഭരണ ബൂർഷ്വാസിക്കെതിരെ ശരിക്കും ആത്മാർത്ഥമായി തൊഴിലാളിവർഗ്ഗ വിപ്ലവ സമരങ്ങൾ നയിക്കണം. സാമ്രാജ്യത്വ-മുതലാളിത്ത ശക്തികളുടെ അവിശുദ്ധ സഖ്യത്തിനെതിരെ അദ്ധ്വാനിക്കുന്ന ജനങ്ങൾക്കിടയിൽ ഐക്യവും സാഹോദര്യവും ഊട്ടിയുറപ്പിക്കണം. അതോടൊപ്പം, യു.എസ് നേതൃത്വത്തിലുള്ള സാമ്രാജ്യത്വശക്തികൾ ഉടൻ സിറിയയിൽനിന്ന് പുറത്തുകടക്കണമെന്ന മുദ്രാവാക്യമുയർത്തി വീറുറ്റ സാമ്രാജ്യത്വ വിരുദ്ധ, യുദ്ധവിരുദ്ധ സമാധാനപ്രസ്ഥാനം ലോകമെമ്പാടും വളർത്തിയെടുക്കുകയും വേണം●

# സിപിഐ 23–ാം പാർട്ടി കോൺഗ്രസ്സിൽ എസ്‌യുസിഐ(സി) കേന്ദ്രകമ്മിറ്റിയംഗം സഖാവ് ശങ്കർ സാഹ പങ്കെടുത്തു

*2018 ഏപ്രിൽ 26ന് കൊല്ലത്ത് നടന്ന സിപിഐ 23–ാം പാർടി കോൺഗ്രസിൽ എസ്‌യുസിഐ(സി) കേന്ദ്രകമ്മിറ്റിയംഗം സഖാവ് ശങ്കർ സാഹ ചെയ്ത പ്രസംഗം*

സഖാക്കളെ,

സോഷ്യലിസ്റ്റ് യൂണിറ്റി സെന്റർ ഓഫ് ഇന്ത്യ(കമ്മ്യൂണിസ്റ്റ്) കേന്ദ്ര കമ്മിറ്റിയുടെ പേരിൽ ഈ കോൺഗ്രസ്സിന്റെ ഉദ്ഘാടന സമ്മേളനത്തിൽ പങ്കെടുക്കുന്ന നിങ്ങൾക്കേവർക്കും ഊഷ്മളമായ അഭിവാദ്യങ്ങൾ അർപ്പിക്കുന്നു. സാമ്രാജ്യത്വ–മുതലാളിത്ത ലോകത്താകെ തൊഴിലെടുക്കുന്നവർ മുമ്പൊരിക്കലും ഉണ്ടാകാത്ത തരത്തിൽ സർവ്വതലസ്പർശിയായ പ്രതിസന്ധിയെ അഭിമുഖീകരിക്കുന്ന കാലയളവിലാണ് നിങ്ങളുടെ ഈ പാർടി കോൺഗ്രസ് നടക്കുന്നത്. രൂക്ഷമായ ഈ പ്രതിസന്ധി സാമ്പത്തിക, രാഷ്ട്രീയ രംഗങ്ങളിൽ മാത്രമല്ല സാസ്കാരിക, നൈതിക, സദാചാര മേഖലകളിലാകെ പടർന്നിരിക്കുന്നു. സ്ത്രീകൾക്കും കുട്ടികൾക്കും നേരെയുള്ള കുറ്റകൃത്യങ്ങൾ പൈശാചികരൂപം പൂണ്ടിരിക്കുന്നു എന്നുമാത്രമല്ല അധികാരത്തിലിരിക്കുന്നവർ അതൊരു രാഷ്ട്രീയായുധമാക്കി മാറ്റുകയുമാണ്. തൊഴിലെടുക്കുന്നവരുടെ ജീവിതം അങ്ങേയറ്റം പരിതാപകരവും ദുസ്സഹവുമായിത്തീർന്നിരിക്കുന്നു. ലോക സാമ്രാജ്യത്വ–മുതലാളിത്തത്തിന്റെ ആസ്ഥാനമായ അമേരിക്കയിലടക്കം ചൂഷിത ജനവിഭാഗങ്ങൾ പൊറുതിമുട്ടി സ്വാഭാവികമായിത്തന്നെ പ്രതിഷേധവുമായി തെരുവിലണയുകയാണ്. ആഗോള കമ്പോളത്തിലുള്ള മേധാവിത്വം വിപുലപ്പെടുത്തുന്നതിനായി, യുദ്ധദാഹികളായ സാമ്രാജ്യത്വശക്തികൾ, വിശേഷിച്ച് അമേരിക്കൻ സാമ്രാജ്യത്വം വിവിധ രാജ്യങ്ങളിൽ ഒന്നിനുപിറകെ ഒന്നായി യുദ്ധങ്ങൾ കുത്തിപ്പൊക്കുകയാണ്. സിറിയയ്ക്കുമേലുള്ള യുദ്ധം ഇതിൽ ഒടുവിലത്തേതാണ്.

സോഷ്യലിസ്റ്റ് ചേരിയുടെ വേദനാകരമായ തകർക്കലിനുശേഷമുള്ള മാറിയ ലോകസാഹചര്യത്തിൽ, വർദ്ധിതവേഗത്തിൽ സ്വന്തം സ്ഥാനം ഉറപ്പിച്ചെടുത്തിരുന്ന ഇന്ത്യൻ ഭരണമുതലാളിവർഗം ഇന്ന് ആഗോള കമ്പോളത്തിൽ കൂടുതൽ പങ്ക് കരസ്ഥമാക്കാനുള്ള ശ്രമത്തിലാണ്. ലോകവ്യാപാര സംഘടനയിൽ അംഗത്വമെടുത്തുകൊണ്ട് മുൻ കോൺഗ്രസ് ഗവൺമെന്റ് ഇതിന് പാതയൊരുക്കിയിരുന്നു. പെട്രോളിയം ഉൽപ്പന്നങ്ങളുടെയടക്കം വിലയിൽ വന്നുകൊണ്ടിരിക്കുന്ന കടിഞ്ഞാണില്ലാത്ത വർദ്ധന, പട്ടിണി മരണങ്ങൾ, കാർഷികോല്പന്നങ്ങൾ ചുളുവിലയ്ക്ക് വിൽക്കാൻ കർഷകർ നിർബന്ധിതരാകുന്ന സ്ഥിതി, വർദ്ധിച്ചുവരുന്ന കർഷക ആത്മഹത്യ, തൊഴിലില്ലായ്മയുടെ ഭീതിജനകമായ വർദ്ധന, തൊഴിൽ സുരക്ഷയില്ലായ്മ തുടങ്ങി നിർദ്ദയമായ മുതലാളിത്ത ചൂഷണത്തിന്റെ ഫലമായുണ്ടായ കെടുതികളെല്ലാംകൂടി ജനജീവിതം താറുമാറാക്കിയിരിക്കുന്നു. സാമ്പത്തിക മേഖലയിൽ ബിജെപി ഗവൺമെന്റും മുൻ കോൺഗ്രസ് ഗവൺമെന്റും തമ്മിൽ യാതൊരു അന്തരവുമില്ല എന്ന് വ്യക്തമാണ്. കോടിക്കണക്കിന് തൊഴിലാളികളെ യാതൊരു മനസ്സാക്ഷിക്കുത്തുമില്ലാതെ പിഴിഞ്ഞൂറ്റി ലാഭം പരമാവധി വർദ്ധിപ്പിക്കാൻ കുത്തകകൾക്ക് ഒത്താശചെയ്യുന്ന ഇരുവരും ഇന്ത്യൻ മുതലാളി വർഗ്ഗത്തിന്റെ താല്പര്യമാണ് സംരക്ഷിക്കുന്നത്. വിദ്യാഭ്യാസം, ആരോഗ്യപരിപാലനം തുടങ്ങിയ മേഖലകളിൽ നടക്കുന്ന ആക്രമണവും ശാസ്ത്രീയ ചിന്താഗതിയുടെയും മനോഭാവത്തിന്റെയും മേലുള്ള കടന്നുകയറ്റവുമൊക്കെ കടുത്ത ആശങ്കയുളവാക്കുന്നതാണ്. കടുത്ത ഹിന്ദു വർഗ്ഗീയ ശക്തിയായ ആർഎസ്എസിന്റെ രാഷ്ടീയ സംഘടനയായ ബിജെപി അദ്ധ്വാനിച്ച് ജീവിക്കുന്നവരുടെ ഐക്യം തകർക്കാനായി അന്ധവിശ്വാസങ്ങളും വർഗീയതയും ജാതീയതയുമൊക്കെ ഊട്ടിവളർത്തുകയാണ്. മതേതരത്വത്തിന്റെ മേലങ്കിയണിഞ്ഞുകൊണ്ട്, വോട്ട് ബാങ്ക് വിപുലപ്പെടുത്താനായി മുമ്പ് കോൺഗ്രസ് ചെയ്ത അതേ കുറ്റം ബിജെപി, അതിന്റെ ഫാസിസ്റ്റ് ഹിന്ദുത്വ പ്രത്യയശാസ്ത്രവുമായി ആവർത്തിക്കുകയാണ്. ഇന്ത്യൻ കുത്തകകളുടെയും കോർപ്പറേറ്റുകളുടെയും താല്പര്യാർത്ഥം കൂടുതൽ അക്രമണോത്സുകമായും നഗ്നമായും അന്ധമായും ഭ്രാന്തമായും ഈ ജനവിരുദ്ധപാത പിന്തുടരുന്നു ബിജെപി. ഭരണവർഗ്ഗത്തിന്റെയും അവരുടെ സേവകരായ ഗവൺമെന്റുകളുടെയും വർദ്ധിച്ചുവരുന്ന ഈ ആക്രമണങ്ങളെ ചെറുക്കാനായി യോജിച്ച, ജനാധിപത്യ, മതേതര, വർഗ്ഗ–ബഹുജന സമരങ്ങൾ രാജ്യവ്യാപകമായി വളർത്തിയെടുക്കുകയാണ് ഇന്നത്തെ അടിയന്തര കർത്തവ്യം. 'ഐക്യം–സമരം–ഐക്യം' എന്ന തത്വത്തിന്റെ അടിസ്ഥാനത്തിൽ ഇത്തരമൊരു സമരവേദി പടുത്തുയർത്താനായി മുൻകയ്യെടുക്കാനുള്ള ഉത്തരവാദിത്വം ചരിത്രപരമായിത്തന്നെ ഇടതുപാർട്ടികളിൽ അർപ്പിതമാണ്.

ഗവൺമെന്റുകൾ മാറുമ്പോഴും തിരശ്ശീലയക്കുപിന്നിൽനിന്ന് ഭരണവർഗ്ഗം ആവിഷ്കരിക്കുന്ന നയങ്ങളിലും ഭരണകൂടത്തിന്റെ ചൂഷണ സ്വഭാവത്തിലും യാതൊരു മാറ്റവുമുണ്ടാകുന്നില്ല എന്നതാണ് മാർക്സിസം–ലെനിനിസം നൽകുന്ന പാഠവും സ്വതന്ത്ര ഇന്ത്യയുടെ കഴിഞ്ഞ 70 വർഷക്കാലത്തെ അനുഭവവും നമ്മെ പഠിപ്പിക്കുന്നത്. അതുകൊണ്ടുതന്നെ പാർലമെന്റേതര സമരങ്ങൾക്ക് പ്രാമുഖ്യംകൊടുക്കുകയും അതുവഴി ബൂർഷ്വാ പാർലമെന്ററി സംവിധാനത്തിലുള്ള വ്യാമോഹത്തിൽ നിന്ന് ജനങ്ങളെ മുക്തരാക്കുകയുമാണ് ഇടതുപക്ഷ ഐക്യത്തിന്റെ മുന്നിലുള്ള സുപ്രധാന കടമ. ഇടതുപക്ഷ മുന്നേറ്റത്തിന്റെ ആത്യന്തിക ദൗത്യമാകട്ടെ, മാർക്സിസം–ലെനിനിസമെന്ന മഹത്തായ പ്രത്യയശാസ്ത്രം വിഭാവനചെയ്യുംവിധം ചൂഷണ രഹിതമായ സമൂഹം സ്ഥാപിക്കലും. നിങ്ങളുടെ പാർടി കോൺഗ്രസിന് വമ്പിച്ച വിജയം നേർന്നുകൊണ്ട് നിർത്തട്ടെ.

ഇടതുപക്ഷ ഐക്യം നീണാൾ വാഴട്ടെ, മാർക്സിസം–ലെനിനിസം നീണാൾവാഴട്ടെ, തൊഴിലാളിവർഗ്ഗ സാർവ്വദേശീയത നീണാൾവാഴട്ടെ.

# കത്‌വ, ഉന്നാവോ സംഭവങ്ങളിലെ കൊടും കുറ്റവാളികളെ തുറുങ്കിലടക്കുക

**ക**ത്‌വ, ഉന്നാവോ സംഭവങ്ങളിലെ കൊടും കുറ്റവാളികളെ തുറുങ്കിലടക്കുകയും കർശന ശിക്ഷ ഉറപ്പാക്കുകയും വേണമെന്നാവശ്യപ്പെട്ടുകൊണ്ട് എസ്‌യുസിഐ(സി),എഐഎംഎസ്എസ്, എഐഡിഎസ്ഒ, എഐഡിവൈഒ, സ്ത്രീ സുരക്ഷ സമിതി എന്നീ സംഘടനകളുടെ ആഭിമുഖ്യത്തിൽ സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ പ്രതിഷേധ പരിപാടികൾ നടന്നു.

ആലപ്പുഴ ടൗണിൽ പ്രകടനവും യോഗവും നടന്നു. എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) ജില്ലാ കമ്മിറ്റി അംഗം സഖാവ് എം.എ.ബിന്ദു ഉദ്ഘാടനം ചെയ്തു. സുൽത്താൻ ബത്തേരിയിൽ പ്രതിഷേധ കൂട്ടായ്മ നടന്നു. കോഴിക്കോട് നഗരത്തിൽ പ്രകടനവും പ്രതിഷേധയോഗവും നടന്നു. തിരുവനന്തപുരത്ത് സെക്രട്ടേറിയറ്റിന് മുന്നിലും കൊല്ലം ടൗണിലും ഏറണാകുളം നഗരത്തിലും പ്രതിഷേധ പരിപാടികൾ നടന്നു ●




ആലപ്പുഴയിൽ നടന്ന പ്രകടനം



സുൽത്താൻ ബത്തേരിയിൽ പ്രതിഷേധകൂട്ടായ്മ പ്രമുഖ എഴുത്തുകാരൻ ഒ.കെ.ജോണി ഉദ്ഘാടനം ചെയ്യുന്നു




കോഴിക്കോട് പ്രതിഷേധയോഗം എസ്‌യുസിഐ(സി) ജില്ലാസെക്രട്ടറി സഖാവ് എ.ശേഖർ ഉദ്ഘാടനം ചെയ്യുന്നു

# സിപിഐ(എംഎൽ) ലിബറേഷന്റെ 10–ാം പാർട്ടി കോൺഗ്രസ്സിൽ എസ്‌യുസിഐ(സി) കേന്ദ്രകമ്മിറ്റിയംഗം സഖാവ് സത്യവാൻ പങ്കെടുത്തു

*2018 മാർച്ച് 24ന് പഞ്ചാബിലെ മൻസയിൽ നടന്ന സിപിഐ(എംഎൽ) ലിബറേഷന്റെ 10–ാം പാർട്ടി കോൺഗ്രസ്സിൽ എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) കേന്ദ്രകമ്മിറ്റിയംഗം സഖാവ് സത്യവാൻ ചെയ്ത പ്രസംഗം*

സഖാക്കളെ,

നിങ്ങളുടെ പാർട്ടി കോൺഗ്രസിന്റെ ഈ പൊതുസമ്മേളനത്തിൽ ആദ്യമേതന്നെ എസ്‌യുസിഐ(സി) കേന്ദ്രകമ്മിറ്റിയുടെ വിപ്ലവാഭിവാദ്യങ്ങൾ ഞാൻ അർപ്പിക്കുകയാണ്. നമ്മുടെ രാജ്യവും ലോകമാകെയും രൂക്ഷമായ പ്രതിസന്ധിയിലകപ്പെട്ടിരിക്കുന്ന സമയമാണിത്. എല്ലാ പ്രതിസന്ധിക്കും പരിഹാരമാകുമെന്ന അവകാശവാദവുമായി ഇന്ത്യയടക്കം മുഴുവൻ സാമ്രാജ്യത്വ രാജ്യങ്ങളും നടപ്പിലാക്കിയ മുതലാളിത്ത ആഗോളീകരണം ഒരു പൂർണ്ണ പരാജയമായിരുന്നുവെന്ന് ഇപ്പോൾ തെളിഞ്ഞിരിക്കുന്നു. റഷ്യയും ചൈനയുംപോലെ പുതുതായി ഉയർന്നുവന്ന സാമ്രാജ്യത്വ ശക്തികൾക്ക് തടയിടാനായി സാമ്രാജ്യത്വ ശക്തികളായ അമേരിക്ക, ജപ്പാൻ, ആസ്ട്രേലിയ എന്നിവയുമായി കൂടുതൽ അടുത്ത സഖ്യങ്ങൾ സ്ഥാപിക്കുകയാണ് ഇന്ത്യയെന്നകാര്യവും അറിയാമല്ലോ. രാജ്യത്താകട്ടെ, ചൂഷണ മുതലാളിത്ത വ്യവസ്ഥ അരക്കിട്ടുറപ്പിക്കുന്നതിനായി തൊഴിലാളികളെയും കർഷകരെയും മറ്റദ്ധ്വാനിക്കുന്ന ജനങ്ങളെയുമെല്ലാം നിർദ്ദാക്ഷിണ്യം ചൂഷണം ചെയ്യുകയാണ് ഭരണ മുതലാളിവർഗം. കടുത്ത ചൂഷണത്തിന് ജനങ്ങളെ വിധേയരാക്കുക മാത്രമല്ല, ജനങ്ങളിൽ പരസ്പരശത്രുത വിതച്ചുകൊണ്ട് വ്യത്യസ്ത സമുദായങ്ങൾക്കിടയിൽ നിലനിൽക്കുന്ന ഐക്യം തകർക്കാനുള്ള ആസൂത്രിത നീക്കവും നടക്കുന്നു. ഇതെല്ലാം വിളിച്ചോതുന്നത് ഫാസിസത്തിന്റെ സാന്നിദ്ധ്യമാണ്.

ലോകസാഹചര്യമെടുത്താൽ, മുതലാളിത്തവാഴ്ച നിലനിൽക്കുന്ന രാജ്യങ്ങളെല്ലാം, പലപ്പോഴും പാർലമെന്ററി ജനാധിപത്യത്തിന്റെ രൂപം നിലനിർത്തിക്കൊണ്ടുതന്നെ, ഫാസിസത്തിലേയ്ക്ക് ചുവടുവെക്കുകയാണ്. ഇന്ത്യൻ സമ്പദ്ഘടന ഒരുപിടി കുത്തക കുടുംബങ്ങളുടെ പിടിയിലമർന്നിരിക്കുന്നത് നോക്കൂ. ഭരണം അതിശക്തമായ ഒരു ഉദ്യോഗസ്ഥ സംവിധാനത്തിന്റെ കൈകളിലാണ്. നീതിന്യായ വ്യവസ്ഥയെപ്പോലും വരുതിയിലാക്കാനുള്ള ശ്രമത്തിലാണവർ. സാസ്കാരിക മേഖലയിലാണ് ഏറ്റവും ഗുരുതരമായ ആക്രമണങ്ങൾ നടക്കുന്നത്. ശാസ്ത്രവും ചരിത്രവും വളച്ചൊടിക്കലുകൾക്കും ആക്രമണങ്ങൾക്കും സർവ്വാർത്ഥത്തിലും വിധേയമായിക്കൊണ്ടിരിക്കുന്നു. ഫാസിസത്തിന്റെ ഈ ആക്രമണപദ്ധതികൾ എല്ലാ മുതലാളിത്ത രാജ്യങ്ങളിലും ദൃശ്യമാണ്. തൊഴിലാളി വർഗ്ഗത്തിന്റെ മഹാന്മാരായ ആചാര്യന്മാർ ലെനിനും സ്റ്റാലിനും വളരെ മുമ്പുതന്നെ ഇതേക്കുറിച്ച് മുന്നറിയിപ്പ് നൽകിയിരുന്നു.

അവരുടെ പാഠങ്ങൾ നമ്മൾ തിരിച്ചറിയണം. ഇന്ന് ജനാധിപത്യത്തിൽ മുതലാളിവർഗ്ഗത്തിന് ഒരു വിശ്വാസവുമില്ല. മതേതരത്വത്തിന്റെ പ്രസക്തിയും അവരെ സംബന്ധിച്ചിടത്തോളം നഷ്ടപ്പെട്ടിരിക്കുന്നു. അവർ ഫാസിസത്തെ അധികമധികം പുൽകുകയാണ്. കോൺഗ്രസാണ് ഇന്ത്യയിൽ ഈ പ്രക്രിയയ്ക്ക് തുടക്കംകുറിച്ചത്. ബിജെപി കൂടുതൽ നഗ്നമായി അതിന്ന് മുന്നോട്ടുകൊണ്ടുപോകുന്നു. ഫാസിസത്തിന്റെ ഈ കടന്നുവരവിനെ ചെറുത്തേ മതിയാകൂ സഖാക്കളെ. തെരഞ്ഞെടുപ്പ് കൂട്ടുകെട്ടുകളോ സഖ്യങ്ങളോ ഉണ്ടാക്കി ഇത് സാക്ഷാത്കരിക്കാനാവില്ല. ഫാസിസം എന്നത് ഒരു പ്രതിവിപ്ലവ മുന്നേറ്റമാണെന്ന് ചരിത്രത്തിൽനിന്ന് നമ്മൾ മനസ്സിലാക്കിയിട്ടുണ്ടല്ലോ. ശക്തമായ ഒരു വിപ്ലവമുന്നേറ്റത്തിലൂടെ, ജനങ്ങളുടെ വിപ്ലവകരമായ ഉയർത്തെഴുന്നേൽപ്പിലൂടെ മാത്രമേ അതിനെ തുരത്താനാകു. സമരങ്ങൾ പലയിടത്തും നടക്കുന്നുണ്ട്. അതിനെ ശരിയായ ദിശയിൽ സംഘടിതമായി നയിക്കണം. ഇടതുപക്ഷ പാർട്ടികൾക്കും ശക്തികൾക്കും മാത്രമേ ഈ കടമ ഏറ്റെടുക്കാനാകു. അതിനാൽ ഇടതുപക്ഷ മുന്നേറ്റങ്ങളുടെ വേലിയേറ്റം രാജ്യവ്യാപകമായി സൃഷ്ടിക്കേണ്ടത് അനിവാര്യമായിരിക്കുന്നു. തൊഴിലാളികളുടെയും കർഷകരുടെയും അവകാശങ്ങൾ കവർന്നെടുക്കുന്നതിനെ ചെറുക്കാനും ജനങ്ങളുടെ ഐക്യം കാത്തുപുലർത്താനും അത്തരമൊരു ഇടതുപക്ഷ മുന്നേറ്റത്തിലൂടെ മാത്രമേ സാദ്ധ്യമാകൂ.

സഖാക്കളെ, നമ്മളെല്ലാം ചെങ്കൊടി പിടിക്കുന്നവരാണ്. വിമോചനം സ്വപ്നം കാണുന്നവരാണ്. ധീരരക്തസാക്ഷി ഭഗത്സിംഗും സ്വാതന്ത്ര്യ സമരത്തിലെ മറ്റനേകം വിപ്ലവകാരികളും ജീവൻ ബലിയർപ്പിച്ചത് ആ സ്വപ്നം സാക്ഷാത്കരിക്കാൻവേണ്ടിയാണ്. സ്വാതന്ത്ര്യാനന്തരമാകട്ടെ, ജനാധിപത്യ സമരവേദിയിൽ നമ്മുടെ അനേകം സഖാക്കൾ ഈ സ്വപ്നം യാഥാർത്ഥ്യമാക്കാൻവേണ്ടി ജീവൻനൽകി. മുൻഗാമികളായ ഈ രക്തസക്ഷികളുടെ സ്വപ്നങ്ങൾക്ക് മൂർത്തരൂപം നൽകാൻ യോജിച്ച പോരാട്ടമല്ലാതെ മറ്റൊരു മാർഗ്ഗവുമില്ല. അതിനാൽ, നമ്മൾ ഇടതുപക്ഷ ഐക്യത്തിനായി പ്രയത്നിക്കണം. നിങ്ങളുടെ ഈ പാർട്ടി കോൺഗ്രസ് ഈ ഐക്യം യാഥാർത്ഥ്യമാക്കുന്ന ദിശയിൽ മുന്നേറുമെന്ന് ഞാൻ ഉറച്ചുവിശ്വസിക്കുന്നു. നിങ്ങൾക്ക് എല്ലാ വിജയങ്ങളും ആശംസിക്കുന്നു.

ഏവർക്കും ലാൽസലാം!

വിപ്ലവം നീണാൾവാഴട്ടെ!

Date of publishing 01/05/2018
REGISTERED
R.N. 24773/1992
P.R.No. KL/TV(N)/452/2018-20

# UNITY

MALAYALAM MONTHLY

Vol.45 No.2
Price : Rs 5.00
May 2018

## എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) 70-ാം സ്ഥാപനവാർഷികം സമുചിതം ആചരിച്ചു







എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) പാർട്ടിയുടെ എഴുപതാം സ്ഥാപനവാർഷികം സംസ്ഥാനമെമ്പാടും സമുചിതം ആചരിക്കുകയുണ്ടായി. പോസ്റ്റർ പ്രചാരണം, പൊതുയോഗങ്ങൾ, സ്റ്റഡി ക്ലാസ്സുകൾ തുടങ്ങി വിവിധ പരിപാടികളോടെയാണ് വാർഷികാചരണം സംഘടിപ്പിച്ചത്. സംസ്ഥാനതല പൊതുസമ്മേളനം ചെങ്ങന്നൂരിൽ നടന്നു. എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) പൊളിറ്റ് ബ്യൂറോ മെമ്പർ സഖാവ് അസിത് ഭട്ടാചാര്യ മുഖ്യപ്രസംഗം നടത്തി. പൊതുസമ്മേളനത്തിനു മുന്നോടിയായി ചെങ്ങന്നൂർ ടൗണിൽ പ്രകടനവും നടന്നു●

**ഫോട്ടോ: സഖാവ് അസിത് ഭട്ടാചാര്യ മുഖ്യപ്രസംഗം നടത്തുന്നു. (വലത്) പ്രകടനത്തിന്റെ മുൻനിര.**

## 25 – ാമത് കുട്ടികളുടെ ക്യാമ്പ്

'നാടിൻ ശ്രേഷ്ഠ സന്താനങ്ങളാക നാം' എന്ന ആദർശവാക്യത്തെ മുൻനിർത്തി പ്രവർത്തിച്ചുവരുന്ന കുട്ടികളുടെ പ്രസ്ഥാനമായ 'പ്രചോദന' യുടെ ആഭിമുഖ്യത്തിൽ നടന്നുവരുന്ന കുട്ടികളുടെ സംസ്ഥാനതല ക്യാമ്പ് തിരുവനന്തപുരം ജില്ലയിലെ നെയ്യാർ ഡാമിനടുത്തുള്ള രാജീവ് ഗാന്ധി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡെവലപ്പ്മെന്റ് സ്റ്റഡീസിൽവച്ചു നടന്നു.




**എസ്‌യുസിഐസി സംസ്ഥാന സെക്രട്ടേറിയറ്റ് അംഗം സഖാവ് ജയ്സൺ ജോസഫ് ക്യാമ്പ് ഉദ്ഘാടനം ചെയ്യുന്നു**

ക്യാമ്പ് സംഘാടക സമിതിയംഗം സഖാവ് ജയ്സൺ ജോസഫ് ഏപ്രിൽ 27 ന് ക്യാമ്പ് ഉദ്ഘാടനം ചെയ്തു. മിനി കെ.ഫിലിപ്പ് അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ മേധ സുരേന്ദ്രനാഥ് സ്വാഗതം ആശംസിച്ചു. മാഡം മേരി ക്യൂറി, സഹോദരൻ അയ്യപ്പൻ, മാക്സിം ഗോർക്കി എന്നീ മഹദ് വ്യക്തിത്വങ്ങളെ കുട്ടികൾക്ക് ക്യാമ്പിൽ പരിചയപ്പെടുത്തുകയുണ്ടായി. നാടകം, സംഗീതം, ചിത്രരചന എന്നീ വിഷയങ്ങളിലുള്ള ശിൽപ്പശാലകളും പരീക്ഷണങ്ങളിലൂടെയുള്ള ശാസ്ത്രപഠനം എന്ന വിഷയത്തെ അധികരിച്ചുള്ള ക്ലാസ്സുകളും നടന്നു. ഏപ്രിൽ 27,28,29,30 തീയതികളിലായി ക്രമപ്പെടുത്തപ്പെട്ടിരുന്ന ക്യാമ്പ്, സംഘാടകസമിതി കൺവീനർ സഖാവ് ജി.എസ്.പത്മകുമാറിന്റെ ആകസ്മിക നിര്യാണത്തെത്തുടർന്ന് ഏപ്രിൽ 28ന് ഉച്ചയോടുകൂടി സമാപിച്ചു●

### ചെങ്ങന്നൂർ ഉപതെരഞ്ഞെടുപ്പ്

## എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) സ്ഥാനാർത്ഥി സഖാവ് മധു ചെങ്ങന്നൂർ നാമനിർദ്ദേശപത്രിക നൽകി



ചെങ്ങന്നൂർ ഉപതെരഞ്ഞെടുപ്പിൽ എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) സ്ഥാനാർത്ഥി സഖാവ് മധു ചെങ്ങന്നൂർ മേയ് 5ന് വരണാധികാരി ചെങ്ങന്നൂർ ആർഡിഒയ്ക്ക് മുമ്പാകെ നാമനിർദ്ദേശ പത്രിക സമർപ്പിക്കുന്നു. സംസ്ഥാനകമ്മിററി അംഗം സഖാവ് എസ്. സീതിലാൽ, ജില്ലാകമ്മിറ്റി അംഗം സഖാവ് എൻ.ആർ.അജയകുമാർ, ചീഫ് ഇലക്ഷൻ ഏജന്റ് സഖാവ് ടി.കോശി തുടങ്ങിയവരോടൊപ്പമെത്തിയാണ് പത്രിക സമർപ്പിച്ചത്. സ്ഥാനാർത്ഥിക്ക് കെട്ടിവയ്ക്കാനുള്ള തുക എഐഡിഎസ്ഒ ചെങ്ങന്നൂർ യൂണിറ്റ് സമാഹരിച്ച് നൽകി●

### ശാസ്ത്രത്തെയും ശാസ്ത്രീയ വീക്ഷണത്തെയും സംരക്ഷിക്കുക

## അന്താരാഷ്ട്ര ശാസ്ത്രസമൂഹം ആഹ്വാനം ചെയ്ത മാർച്ച് ഫോർ സയൻസ്

സാർവ്വദേശീയ ശാസ്ത്ര സമൂഹം ആഹ്വാനം ചെയ്ത മാർച്ച് ഫോർ സയൻസ് സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ ഏപ്രിൽ 14ന് നടന്നു. ബ്രേക്ത്രൂ സയൻസ് സൊസൈറ്റി, കേരള ശാസ്ത്രസാഹിത്യ പരിഷത്ത്, ആസ്ട്രോ കേരള തുടങ്ങിയ സംഘടനകളുടെ ആഭിമുഖ്യത്തിലാണ് മാർച്ച് സംഘടിപ്പിച്ചത്.

തിരുവനന്തപുരത്ത് രാവിലെ 9.30ന് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എൻജിനിയേഴ്സ് ഹാളിൽ നടന്ന സെമിനാറിൽ ഐഐഎസ്ടിയിലെ ഡോ. ഉമേഷ് കഥാനേ പ്രഭാഷണം നടത്തി. 11 മണിക്ക് മാർച്ച് ആരംഭിച്ചു. ശാസ്ത്രജ്ഞരും ഗവേഷകരും ശാസ്ത്രസ്നേഹികളുമടക്കം നൂറുകണക്കിനാളുകൾ മാർച്ചിൽ പങ്കെടുത്തു. കേരള യൂണിവേഴ്സിറ്റി ഓഫീസിന് മുമ്പിൽ നടന്ന സമാപന യോഗം സംഘാടക സമിതി ചെയർമാൻ ഡോ.ഡി.കൃഷ്ണവാര്യർ ഉദ്ഘാടനം ചെയ്തു. വൈസ് ചെയർമാൻ പ്രൊഫ.സി.പി.അരവിന്ദാക്ഷൻ, ബി.രമേഷ് (ശാസ്ത്രസാഹിത്യ പരിഷത്ത്), ജി.എസ്.പത്മകുമാർ (ബ്രേക്ത്രൂ സയൻസ് സൊസൈറ്റി), ശ്രീരാഗ് (ആസ്ട്രോ കേരള) എന്നിവർ പ്രസംഗിച്ചു.




**എറണാകുളത്ത് നടന്ന മാർച്ച് ഫോർ സയൻസ്**

എറണാകുളത്ത് ഹൈക്കോടതി ജംഗ്ഷനിൽ നിന്ന് ആരംഭിച്ച മാർച്ച് മേനക ജംഗ്ഷനിൽ സമാപിച്ചു. സമാപന യോഗം മുൻ കാലിക്കറ്റ് യൂണിവേഴ്സിറ്റി പ്രൊ–വൈസ് ചാൻസലർ പ്രൊഫ.എം.കെ.പ്രസാദ് ഉദ്ഘാടനം ചെയ്തു. മണിമലക്കുന്ന് കോളേജ് മുൻ പ്രിൻസിപ്പൽ ഡോ.ഷാജി അദ്ധ്യക്ഷത വഹിച്ചു. ചങ്ങനാശ്ശേരി എസ്.ബി കോളേജ് അദ്ധ്യാപകൻ പ്രൊഫ.അരവിന്ദ് മുഖ്യപ്രഭാഷണം നടത്തി. പി.പി.സജീവ്കുമാർ (ബ്രേക്ത്രൂ സയൻസ് സൊസൈറ്റി), ശ്രീ.കെ. എസ് ഹരികുമാർ, കെ.കെ.ഭാസ്കരൻ(ശാസ്ത്ര സാഹിത്യ പരിഷത്ത്), ശ്രീ.സി.രാമചന്ദ്രൻ (റിട്ട. സയന്റിസ്റ്റ്, ഐഎസ്ആർഒ) എന്നിവർ പ്രസംഗിച്ചു. എൻ. ആർ.മോഹൻ കുമാർ, ലസിതാ സജീവ്, കെ.പി.സാൽവിൻ, നിഖിൽ സജി തോമസ് തുടങ്ങിയവർ മാർച്ചിനു നേതൃത്വം നൽകി.

1. ദേശീയ വരുമാനത്തിന്റെ 3% ശാസ്ത്ര സാങ്കേതിക ഗവേഷണത്തിനും 10% വിദ്യാഭ്യാസത്തിനും നീക്കിവയ്ക്കുക.
2. അശാസ്ത്രീയവും അന്ധവുമായ ആശയങ്ങളുടെയും മതപരമായ അസഹിഷ്ണുതയുടെയും പ്രചാരണം അവസാനിപ്പിക്കുക.
3. വിദ്യാഭ്യാസ സമ്പ്രദായത്തിലൂടെ ശാസ്ത്രീയ തെളിവുകളുടെ പിൻബലമുള്ള ആശയങ്ങൾ മാത്രം പ്രദാനം ചെയ്യുന്നു എന്ന് ഉറപ്പാക്കുക.
4. ശാസ്ത്രീയ തെളിവുകളുടെ അടിസ്ഥാനത്തിൽ മാത്രം സർക്കാർ നയരൂപീകരണം നടത്തുക.

ഈ ആവശ്യങ്ങൾ ഉന്നയിച്ചാണ് ശാസ്ത്ര സമൂഹം മാർച്ച് ഫോർ സയൻസിൽ അണിനിരന്നത്●




**മാർച്ച് ഫോർ സയൻസ് തിരുവനന്തപുരത്ത് കേരള യൂണിവേഴ്സിറ്റി ആസ്ഥാനത്തിന് മുമ്പിൽ സമാപിച്ചപ്പോൾ**

Edited, Printed & Published by C. K. Lukose, SUCI(C) Office, T.C. 12/1242, Law College Jn, Kunnukuzhy, Trivandrum - 695 035. *Ph:* 0471-2307151;
*E-mail:* unitymagazine@gmail.com; *Website:* **www.kerala.sucicommunist.org** on behalf of Kerala State Committee, SUCI(C).
Printed at Cochin Printech Pvt Ltd, Kochi.